# മാനന്തവാടി രൂപതാ ബുള്ളറ്റിൻ

**"ദൈവത്തോട് ചേർന്നു നിൽക്കുവിൻ;**
**അവിടുന്ന് നിങ്ങളോടും**
**ചേർന്നു നിൽക്കും" (യാക്കോബ് ൪:൮)**

Printed, Published and Edited by
Fr. Thankachan *alias* Joseph Paruvummel, Published from Bishop's House
Mananthavady, P.B. No. 1, Wayanad 670645.
Owned by the Roman Catholic Diocese of Mananthavady.
Printed at St. Joseph's Offset Press, Mananthavady 670645.
Printed on 29th of every month.

**വാല്യം 02 ഡിസംബർ-2011 ലക്കം 12**

ഒറ്റപ്രതി 10 രൂപ വാർഷിക വരിസംഖ്യ 120 രൂപ

# ഉള്ളടക്കം

ഇടയലേഖനം ............................................................. 03
സ്പിരിറ്റ് ഇൻ ജീസസ് പ്രസ്ഥാനത്തെക്കുറിച്ച്
സീറോമലബാർ സഭയുടെ ഡോക്ട്രിനൽ കമ്മീഷൻ
പുറപ്പെടുവിക്കുന്ന പ്രസ്താവന ................................ 09
The hidden exodus: Catholics becoming Protestants ......... 13
രൂപതാകച്ചേരി വാർത്തകൾ ..................................... 20
പ്രസ്ബിറ്ററൽ കൗൺസിൽ റിപ്പോർട്ട് ....................... 22
പ്രേഷിതവർഷം ................................................... 25
മൈനർ സെമിനാരി വാർത്തകൾ ........................... 30
മതബോധനരംഗം .................................................. 31
ബൈബിൾ അപ്പോസ്റ്റലേറ്റ് .................................... 37
ചെറുപുഷ്പമിഷൻലീഗ് ............................................ 38
കെ. സി. വൈ. എം. ................................................. 50
കുടുംബപ്രേഷിതത്വം ................................................ 57
സിയോൻ വാർത്തകൾ ............................................. 63
ജീസസ് യൂത്ത്, ക്രിസ്റ്റീൻ .......................................... 65
വിൻസെന്റ് ഡി പോൾ സൊസൈറ്റി ........................ 66
കെ.സി.ബി.സി. മദ്യവിരുദ്ധസമിതി ........................... 70
റേഡിയോ മാറ്റൊലി ............................................... 75
മീഡിയാ കമ്മീഷൻ ................................................. 77
Mary Matha arts & science college ...................................... 78
പാസ്റ്ററൽ സെന്റർ, പ്രോഗ്രാം ...................................... 80
ബിഷപ്പ്സ് പ്രോഗ്രാം .................................................. 81
2-ാം പുസ്തകത്തിന്റെ വിഷയവിവരം ................ 83


Merry Christmas
&
Happy New Year

# തിരുപ്പട്ട സ്വീകരണത്തിനൊരുങ്ങുന്ന ഡീക്കന്മാർക്ക് ആശംസകൾ



Name : Dn. Varghese Kizhakkanputhuppally (Pratheesh)
Parish : Santhigiri
Date of Birth : 08-10-1981
Ordination : 27-12-2011



Name : Dn. Mathew Puthukkattil (Jainesh)
Parish : Chennalode
Date of Birth : 28-04-1984
Ordination : 28-12-2011



# ഇടയലേഖനം



***Pastoral Letter No. 02/2011***
***Prot. No. 11622/2011***

മാനന്തവാടി രൂപതയുടെ അദ്ധ്യക്ഷനായ<br>
പൊരുന്നേടം മാർ ജോസ് മെത്രാൻ<br>
തന്റെ സഹശുശ്രൂഷകരായ വൈദികർക്കും, ശെമ്മാശ്ശന്മാർക്കും, സമർപ്പിതർക്കും, അൽമായ സഹോദരങ്ങൾക്കും, തനിക്ക് ഭരമേൽപ്പിക്കപ്പെട്ടിരിക്കുന്ന ദൈവജനം മുഴുവനും എഴുതുന്നത്.

കർത്താവിനാൽ സ്നേഹിക്കപ്പെട്ടവരെ,

നമ്മുടെ കർത്താവിന്റെ ജനനതിരുനാളിന്റെ ഒരുക്കമായിട്ടുള്ള ഇരുപത്തഞ്ച് നോമ്പിലേയ്ക്ക് നാം പ്രവേശിച്ചിരിക്കുകയാണല്ലോ. ആരാധനാ ക്രമവർഷത്തിന്റെ തിരിവനുസരിച്ച് ഈ കാലഘട്ടം ആഗമനകാലം അഥവാ മംഗളവാർത്താക്കാലം എന്നറിയപ്പെടുന്നു. പാപംചെയ്ത മനുഷ്യനെ രക്ഷിക്കാൻ ദൈവം വാഗ്ദാനം ചെയ്ത രക്ഷകന്റെ വരവിനെ പ്രതീക്ഷിച്ചിരുന്നതിന്റെ ഓർമ്മയായതിനാൽ ആഗമനകാലം എന്നും രക്ഷകൻ പിറക്കാൻപോകുന്നു എന്ന നല്ല വാർത്ത പരിശുദ്ധമറിയത്തോട് മാലാഖവഴി ദൈവം അരുളിചെയ്തതിന്റെ ഓർമ്മയായതിനാൽ മംഗളവാർത്താക്കാലമെന്നും ഈ കാലഘട്ടം അറിയപ്പെടുന്നു. വി. മത്തായി അറിയിച്ച സുവിശേഷത്തിൽ നാം ഇപ്രകാരം വായിക്കുന്നു. *അവൾ ഒരു പുത്രനെ പ്രസവിക്കും . നീ അവന് യേശു എന്ന പേരിടണം. എന്തെന്നാൽ അവൻ തന്റെ ജനത്തെ അവരുടെ പാപങ്ങളിൽ നിന്ന് മോചിപ്പിക്കും.* (മത്തായി.1/20–21)

നമ്മുടെ കർത്താവിന്റെയും അവിടുത്തെ പിൻതുടർന്നവരുടെ കൂട്ടായ്മയായ സഭയുടെയും ജീവിതത്തെ അടിസ്ഥാനപ്പെടുത്തിയാണ് ആരാധനാക്രമവർഷം തിരിച്ചിരിക്കുന്നത്. ആഗമനകാലത്ത് തുടങ്ങുന്ന വർഷം അവസാനിക്കുന്നത് പള്ളിക്കൂദാശാക്കാലത്താണ്. കർത്താവിനോടൊത്ത് അവിടുത്തെ ജീവിതാനുഭവങ്ങളിലൂടെ കടന്ന് സഭയായ

നമ്മളും അവിടുത്തെ രണ്ടാമത്തെ ആഗമനത്തിൽ പിതാവായ ദൈവ ത്തിന്റെ സന്നിധിയിൽ എത്തിച്ചേരുന്നതിനേയാണ് പള്ളിക്കൂദാശാക്കാലം അനുസ്മരിപ്പിക്കുന്നത്. ആ സന്നിധിയിലേക്കുള്ള ഒരു തീർത്ഥയാത്ര യാണ് നാം ആരാധനാ ക്രമവർഷത്തിലൂടെ നടത്തുന്നത്. ആഗമനക്കാ ലത്ത് നാം ആ തീർത്ഥ യാത്ര ആരംഭിക്കുന്നു.

പിതാവിന്റെ സന്നിധി സ്വർഗ്ഗരാജ്യമാണ്. ഒരു കൊച്ചു കുഞ്ഞ് തന്റെ പിതാവിന്റെ മടിയിൽ ഇരിക്കുമ്പോൾ കിട്ടുന്ന സന്തോഷമാണ് നമുക്ക് പിതാവായ ദൈവത്തിന്റെ സന്നിധിയിൽ കിട്ടേണ്ടത്. ധന വാന്റെയും ദരിദ്രന്റെയും ഉപമയിൽ ദരിദ്രൻ മരിച്ച് ചെന്നുചേരുന്നത് അബ്രാഹത്തിന്റെ മടിയിലാണ്. ക്രൈസ്തവജീവിതത്തിന്റെ ലക്ഷ്യം പിതാവായ ദൈവത്തിന്റെ മടിയിൽ അഥവാ സ്വർഗ്ഗരാജ്യത്തിൽ എത്തി ച്ചേരുകയാണ്. അവിടുത്തെ സന്നിധിയിൽ ആയിരിക്കുമ്പോൾ നമുക്കു ണ്ടാകുന്ന സന്തോഷത്തിന്റെ അനുഭവമാണ് നിത്യജീവിതം അഥവാ നിത്യരക്ഷ. നിത്യജീവിതം, നിത്യരക്ഷ എന്നീ വാക്കുകൾ മരണശേഷം നമുക്ക് കിട്ടാൻ പോകുന്ന *അവസാനമില്ലാത്ത ജീവിതം* എന്നതിലു പരിയായി ആ ജീവിതത്തിന്റെ പ്രത്യേക അവസ്ഥയെയാണ് സൂചിപ്പി ക്കുന്നത്. അതായത് പിതാവിന്റെ സന്നിധിയിൽ സന്തോഷത്തോടെ കഴി യുന്ന അവസ്ഥയാണ് സ്വർഗ്ഗരാജ്യം. അതുതന്നെയാണ് നിത്യരക്ഷ യെന്ന് പറയുന്നതും. യഥാർത്ഥമായ ക്രൈസ്തവജീവിതം സ്വർഗ്ഗരാ ജ്യത്തിന്റെ മുന്നാസ്വാദനമാണ്. ക്രൈസ്തവർ ഈ ലോകത്തിൽ സന്തോഷത്തോടെ ജീവിക്കുന്നവരാകണം. അത് മറ്റുള്ളവർക്ക് പകർന്ന് കൊടുക്കുന്നവരും ആകണം. അതാണ് യഥാർത്ഥ പ്രേഷിതപ്രവർത്ത നവും.

ദൈവം വാഗ്ദാനം ചെയ്ത രക്ഷ അഥവാ നിത്യസന്തോഷം അനുഭവിക്കണമെങ്കിൽ നമ്മളും ഈശോ കടന്നുപോയ അതേ പാത യിലൂടെ കടന്നുപോകണം. ആ കാര്യം നമ്മെ ഓർമ്മിപ്പിക്കുന്ന കാല ഘട്ടമാണ് ആഗമനകാലം. രക്ഷകനെ ലോകത്തിന് നൽകാൻ തെര ഞ്ഞെടുക്കപ്പെട്ട പരിശുദ്ധ മറിയം കടന്നുപോയ ജീവിതാനുഭവങ്ങൾ നാമോർക്കേണ്ടതുണ്ട്. ഒരു സാധാരണ ഗ്രാമീണ പെൺകുട്ടിയെ സംബന്ധിച്ച് മനസ്സിലാക്കാൻ കഴിയുന്നതിലും വളരെയധികമായിരുന്നു ദൈവത്തിന്റെ ആജ്ഞ സ്വീകരിച്ചതുകൊണ്ട് അവൾക്കുണ്ടായ കഷ്ട പ്പാടുകളും വേദനകളും. മനസ്സിലായില്ലെങ്കിലും *നിന്റെ വചനം പോലെ എന്നിൽ സംഭവിക്കട്ടെ* എന്ന് അവൾ സമ്മതം മൂളിയതുകൊണ്ടാണ്

ഈശോയെ ലോകത്തിന് കൊടുക്കാൻ അവൾക്ക് കഴിഞ്ഞത്. അതുകൊണ്ട് തന്നെയാണ് അവൾക്ക് രക്ഷകന്റെ അമ്മയാകാൻ കഴിഞ്ഞതും ഭാഗ്യവതിയെന്ന് ഇന്നും പ്രകീർത്തിക്കപ്പെടുന്നതും.

തന്നിൽ നിന്നല്ലാതെ ഗർഭം ധരിച്ച തന്റെ ഭാര്യയെപ്രതി വിശുദ്ധ യൗസേപ്പ് പിതാവ് അനുഭവിച്ച മനോവേദന നമുക്ക് ഏകദേശം ഊഹിക്കാം. അദ്ദേഹം എല്ലാം സഹിച്ച് മറിയത്തെ ഭാര്യയായി സ്വീകരിക്കുകയും ഈശോയേയും മറിയത്തേയും സംരക്ഷിക്കാൻ മനസ്സ് കാണിക്കുകയും ചെയ്തതുകൊണ്ടാണ് നമുക്ക് രക്ഷ സാധ്യമായത്. ഈശോയുടെ ജനനത്തിനുശേഷവും അവർക്ക് ജീവിതം എളുപ്പമായിരുന്നില്ല. പക്ഷെ ഈശോയെ നമുക്ക് നൽകാൻ അവരത് സഹിക്കേണ്ടിയിരുന്നു. ആഗമനകാലത്ത് നാമനുഷ്ഠിക്കുന്ന ഉപവാസത്തിന്റെയും മാംസവർജ്ജനത്തിന്റേയും പരിത്യാഗ പ്രവർത്തികളുടേയും എല്ലാം അർത്ഥം ഇവിടെയാണ് നാം കണ്ടെത്തേണ്ടത്. ഈശോയെ മറ്റുള്ളവർക്ക് കൊടുക്കാനും നമ്മുടേയും മറ്റുള്ളവരുടേയും ജീവിതത്തിൽ യഥാർത്ഥ സന്തോഷം കണ്ടെത്താനും ഇത്തരം പ്രയാസകരമായ അവസ്ഥയിലൂടെ കടന്നുപോയേ മതിയാകൂ. അതിന് കുറുക്ക് വഴികൾ ഇല്ല എന്ന വസ്തുത ഇരുപത്തഞ്ച് നോമ്പുകാലം നമ്മെ അനുസ്മരിപ്പിക്കുന്നു.

ഈ വർഷം സീറോ മലബാർ സഭയിൽ നമ്മൾ പ്രേഷിതവർഷമായി ആചരിക്കുകയാണ്. നമ്മുടെ സഭയ്ക്ക് ഛാന്ദാ എന്ന് പേരുള്ള ഒരു മിഷൻ രൂപത അനുവദിച്ച് തന്നതിന്റെ അൻപതാം വർഷം ആയതുകൊണ്ടാണ് ഇപ്രകാരം നമ്മൾ ആചരിക്കുന്നത്. എന്നാൽ അത് നമ്മുടെ പ്രേഷിതദൗത്യത്തെപ്പറ്റി അനുസ്മരിപ്പിക്കാൻ കൂടിയാണ്. നമ്മുടെ മനോഭാവത്തിലൂടെയും വാക്കുകളിലൂടെയും പ്രവർത്തികളിലൂടെയും ഈശോയെ മറ്റുള്ളവർക്ക് കാണിച്ചുകൊടുക്കുന്ന പ്രക്രിയയാണ് പ്രേഷിതവേല. അത് കേവലം വൈദീകരുടേയും സന്യസ്ഥരുടേയും മാത്രം ഒരു ഉത്തരവാദിത്വം അല്ല. എല്ലാ ക്രൈസ്തവ വിശ്വാസികളും ഈ ഉത്തരവാദിത്വം ഏറ്റെടുത്തവരാണ്. അതങ്ങ് ദൂരെ ദേശങ്ങളിൽ അക്രൈസ്തവരുടെ ഇടയിൽമാത്രം നിർവ്വഹിക്കപ്പെടേണ്ട ഒരുകാര്യവുമല്ല . നാം ജീവിക്കുന്ന പ്രാദേശികചുറ്റുപാടുകളിലും അത് നിർവ്വഹിക്കപ്പെടണം. ഏത് പ്രതിസന്ധികളിലും പ്രയാസങ്ങളിലും രോഗങ്ങളിലും കഷ്ടപ്പാടുകളിലും സന്തോഷത്തോടെ ജീവിക്കുന്ന ക്രൈസ്തവരാണ് ഏറ്റവും വലിയ പ്രേഷിതർ. തന്നെതന്നെ മുഴുവനായി ലോകത്തിന് ദാനം ചെയ്ത ഈശോയെപ്പോലെ നമ്മേയും നമുക്കുള്ളതും മറ്റുള്ളവ

രുമായി പങ്കുവയ്ക്കുക എന്നത് ഈ പ്രേഷിത പ്രവർത്തിയുടെ ആവശ്യ ഘടകമാണ്. മാതാവും യൗസേപ്പിതാവും നമുക്ക് കാണിച്ചുതരുന്ന മാതൃക മറ്റൊന്നല്ല.

ഈ കഴിഞ്ഞ വർഷങ്ങളിൽ ഏറ്റവും അധികം ആത്മഹത്യ നടന്നിട്ടുള്ള സ്ഥലങ്ങളിൽ ഒന്നാണ് വയനാട്. ആത്മഹത്യ ചെയ്തവരിൽ ഏറ്റവും മുൻപന്തിയിൽ നിൽക്കുന്നവർ ക്രൈസ്തവരുമാണ്. അത് നമ്മെ ഇരുത്തി ചിന്തിപ്പിയ്ക്കേണ്ടതാണ്. കടക്കെണിയാണ് ആത്മഹത്യയ്ക്ക് പ്രധാന കാരണമെന്ന് പറയപ്പെടുന്നു. കടം ആത്മഹത്യയ്ക്ക് പരോക്ഷകാരണമാകുന്നുണ്ടെങ്കിലും അതിന്റെ പ്രത്യക്ഷകാരണം ഈ കെണിയെ നേരിടാനുള്ള ആത്മധൈര്യം ഇല്ലാതാകുന്നു എന്നതാണ്. ക്രിസ്തുവിന്റെ സന്ദേശം ശരിയായി ഉൾക്കൊള്ളാൻ പറ്റാത്തവിധം അവരുടെ മനസ്സും ബുദ്ധിയും എല്ലാം മറ്റ് സ്വാധീനങ്ങൾക്ക് അടിപ്പെട്ടുപ്പോയി എന്നതാണ് സത്യം. അതുപോലെ തന്നെ അത്തരം ദുർബ്ബല മാനസ്സരെ ശക്തിപ്പെടുത്താൻ നമ്മുടെ സമയത്തിന്റെയും ഊർജ്ജത്തിന്റെയും സമ്പത്തിന്റെയും ചെറിയൊരുഭാഗമെങ്കിലും നീക്കിവയ്ക്കാൻ നമ്മളും മറന്നുപോയി. അതിന് നാം തയ്യാറായാൽ ഒരുപാട് പേർക്ക് സന്തോഷത്തോടെ ജീവിക്കാനുള്ള അവസ്ഥ ഉണ്ടാക്കികൊടുക്കാനും അങ്ങനെ അവരെ ആത്മഹത്യയിൽ നിന്ന് രക്ഷിക്കാനും നമുക്ക് കഴിയും എന്നതിൽ സംശയമില്ല.

ഈ ആഗമനകാലത്ത് നാമനുഷ്ഠിക്കുന്ന നോമ്പും ഉപവാസവും മാംസവർജ്ജനവും മറ്റ് ത്യാഗപ്രവർത്തികളും ഇത്തരമുള്ള ഒരു അവസ്ഥയിലേയ്ക്ക് നമ്മെ നയിക്കാൻ പര്യാപ്തമാകണം. അപ്പോഴാണ്, അപ്പോൾ മാത്രമാണ്, നമ്മുടെ ഹൃദയത്തിൽ ഈശോ ജനിക്കുന്നത്. പരമപരിശുദ്ധിതന്നെയായ അവിടുത്തേയ്ക്ക് വന്ന് പിറക്കാൻ അത്തരത്തിലുള്ള ഒരു ഹൃദയം തന്നെ വേണം. സ്വയം ശൂന്യനാക്കുകയും തന്റെ ദൈവത്വം പോലും വേണ്ടായെന്ന് വച്ച് ഒരുദാസന്റെ രൂപത്തിൽ അവതരിക്കുകയും ചെയ്ത അവിടുത്തേയ്ക്ക് അഹങ്കാരത്തിന്റെയും ഗർവ്വിന്റേയും ആഢംഭരത്തിന്റേയും ഇരിപ്പിടമായ ഒരു ഹൃദയത്തിൽ ഒരിക്കലും പിറക്കാൻ കഴിയുമെന്ന് തോന്നുന്നില്ല. പൂർണ്ണമായി സ്വയം മറ്റുള്ളവർക്ക് ദാനം ചെയ്ത ഈശോയുടെ ജനനം ആഘോഷിക്കണമെങ്കിൽ ആ പ്രക്രിയയുടെ ചെറിയൊരു ഭാഗമെങ്കിലും നമ്മളും ചെയ്തേ മതിയാകൂ. പങ്ക് വയ്ക്കാൻ നമ്മളും തയ്യാറാകണം.

ആഗമനകാലത്ത് നാം പലതും വേണ്ടായെന്ന് വയ്ക്കുന്നതിന്റെ

മറുവശമാണ് ക്രിസ്തുമസ്സിന് നാം കൈമാറുന്ന ആശംസാകാർഡുകളും കേക്കും മറ്റും. ഈശോയുടെ സന്തോഷം മറ്റുള്ളവർക്ക് കൊടുക്കുക എന്ന പ്രേഷിതപ്രവർത്തിയുടെ ഭാഗമായി വേണം അവ ചെയ്യാൻ. ക്രിസ്തുമസ്സിന് തൂക്കുന്ന നക്ഷത്രവിളക്കുകളും ഈ സന്തോഷത്തിന്റെ അടയാളങ്ങളാണ്. അതുപോലെ രക്ഷകന്റെ സാന്നിദ്ധ്യത്തിന്റെ സൂചകങ്ങളുമാണ്. വ്യക്തി സ്പർശമില്ലാത്ത ആശംസാകാർഡുകളും കച്ചവട ലക്ഷ്യത്തോടെയുള്ള കേക്കുകളും ക്രിസ്തുവില്ലാത്ത അലങ്കാരവസ്തുക്കളും ജീവൻ നഷ്ടപ്പെട്ട ശരീരം പോലെയാണ്. ഈശോയെ ഹൃദയത്തിൽ സ്വീകരിക്കുന്നവർക്ക് ഉണ്ടാകുന്ന സന്തോഷത്തെ അറിയിക്കുന്നതാണ് ക്രിസ്തുമസ്സ് കരോളുകൾ. അവ *കരോൾപിരിവുകളായും* ആഭാസനൃത്തമാടുന്ന റിയാലിറ്റി ഷോകളായും തരം താഴാൻ അനുവദിക്കുന്നത് ശരിയല്ല.

ക്രിസ്തുമസ്സ് പപ്പായെന്ന് വിളിയ്ക്കുന്ന സാന്താക്രൂസിനും ക്രിസ്തുമസ്സുമായി വലിയ ബന്ധമൊന്നുമില്ല എന്ന വസ്തുതയും നാം ഓർക്കേണ്ടതാണ്. ഇന്നത്തെ രീതിയിലുള്ള ക്രിസ്തുമസ്സ് പപ്പായെ ആദ്യമായി അവതരിപ്പിച്ചത് 1931 –ൽ അമേരിക്കൻ ശീതളപാനീയ നിർമ്മാണ സ്ഥാപനമായ കൊക്കൊക്കോളോ കമ്പനിയാണ് എന്നത് അധികമാർക്കും അറിഞ്ഞുകൂടാത്ത സംഗതിയാണ്. അതവരുടെ ശീതളപാനീയത്തിന്റെ പരസ്യത്തിനുവേണ്ടിയായിരുന്നു താനും. ക്രിസ്തുമസ് പപ്പയുമായി ബന്ധപ്പെടുത്തി ഇന്നു നാം കേൾക്കുന്ന കഥകളും ഇപ്രകാരം പല കഥയെഴുത്തുകാരുടേയും ഭാവനയിലുതിച്ചതാണ് എന്നതും എടുത്തുപറയേണ്ടതാണ്. അങ്ങനെയുള്ള ഒരു ക്രിസ്തുമസ് പപ്പ ഇനിയും നമ്മുടെ ക്രിസ്തുമസ് ആഘോഷത്തിന്റെ ഭാഗമാകണോ എന്ന ചോദ്യവും പ്രസക്തമാണ്. കാരണം ക്രിസ്തുമസ്സിന്റെ യഥാർത്ഥ സന്ദേശം ഇവയുടെ ഇടയിൽ നഷ്ടപ്പെട്ടുപോകുന്നു.

കർത്താവിന്റെ ജനനം അറിയിച്ചുകൊണ്ട് മാലാഖമാർ പാടി: *അത്യുന്നതങ്ങളിൽ ദൈവത്തിന് മഹത്വം. ഭൂമിയിൽ ദൈവകൃപ ലഭിച്ചവർക്ക് സമാധാനം.* (ലൂക്ക.2,14) ക്രിസ്തു വാഗ്ദാനം ചെയ്യുന്ന സമാധാനം ദൈവകൃപ ലഭിച്ചവർക്കാണ് കിട്ടാൻ പോകുന്നത്. കർത്താവ് തന്നെ പറഞ്ഞു: എന്റെ സമാധാനം നിങ്ങൾക്ക് ഞാൻ തന്നിട്ട് പോകുന്നു. ലോകം തരുന്നതുപോലെയുള്ള ഒരു സമാധാനമല്ലത്. അവൻ എമ്മാനുവേലാണ്. അതായത് ഈശോ നമ്മോടുകൂടി യുഗാന്ത്യം വരെ എപ്പോഴുമുണ്ട് . അവിടുത്തെ നിരന്തരമായ സാമീപ്യവും സംരക്ഷണവും

സഹായവും നൽകുന്ന ഉറപ്പാണത്. ആ ഉറപ്പിന്റെ ആഘോഷമാണ് ക്രിസ്തുമസ്. അത് ബോധ്യം വന്നവർക്കേ ക്രിസ്തുമസ് ശരിയായ രീതിയിൽ ആഘോഷിക്കാൻ കഴിയുകയുള്ളൂ.

ക്രിസ്തുമസ് കഴിഞ്ഞ് ഏതാനും ദിവസങ്ങൾക്കുള്ളിൽ 2011 നോട് നാം വിട പറഞ്ഞ് 2012 നെ എതിരേൽക്കും. ഈയവസരത്തിൽ കഴിഞ്ഞവർഷം നമുക്ക് ലഭിച്ച ദൈവാനുഗ്രഹങ്ങൾക്ക് ദൈവത്തെ സ്തുതിക്കുകയും അവിടുത്തേയ്ക്ക് നന്ദിപറയുകയും ചെയ്യാം. അതു പോലെ നമുക്ക് വന്നുപോയ പരാജയങ്ങൾ കണ്ടെത്തി അവയുടെ കാരണങ്ങൾ ഇല്ലാതാക്കി വിജയത്തിലേയ്ക്ക് നടന്നടുക്കാനും പരിശ്രമിക്കാം. പുതിയ വർഷത്തെ പുതിയ തീരുമാനങ്ങളുമായി എതിരേൽക്കാൻ നമുക്ക് കഴിയട്ടെ.

കർത്താവിന്റെ കൃപ നിങ്ങളേവരോടും കൂടി ഉണ്ടായിരിക്കട്ടെ. ഏവർക്കും ഫലദായകമായ നോമ്പുകാലവും, സന്തോഷപ്രദമായ ക്രിസ്തുമസ്സും സമൃദ്ധിയും ദൈവാനുഗ്രഹവും നിറഞ്ഞ പുതുവത്സരവും ആശംസിക്കുന്നു.

മാനന്തവാടി രൂപതാ കാര്യാലയത്തിൽ നിന്ന് 2011 നവംബർ മാസം 20 ന് നൽകപ്പെട്ടത്.

**+ ജോസ് പൊരുന്നേടം**
മാനന്തവാടി രൂപതയുടെ മെത്രാൻ

---

**NB:- ഈ ഇടയലേഖനം 2011 ഡിസംബർ മാസം 11-ാം തീയതി എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വി. കുർബാനമദ്ധ്യേ വായിക്കേണ്ടതാണ്.**

# സ്പിരിറ്റ് ഇൻ ജീസസ് പ്രസ്ഥാനത്തെക്കുറിച്ച് സീറോമലബാർ സഭയുടെ ഡോക്ട്രിനൽ കമ്മീഷൻ പുറപ്പെടുവിക്കുന്ന പ്രസ്താവന

**[ഈ പ്രസ്താവന ബഹു. വൈദീകരുടെ അറിവിലേയ്ക്ക് പ്രസിദ്ധപ്പെടുത്തുന്നതാണ് പള്ളിയിൽ വായിക്കാനുള്ളതല്ല.]**

സ്പിരിറ്റ് ഇൻ ജീസസ് പ്രസ്ഥാനം നിലവിൽ വന്നിട്ട് രണ്ടുപതിറ്റാണ്ടിലേറെയായി എന്നാണ് മനസ്സിലാക്കുന്നത്. സഭയിൽ സജീവമായ നവീകരണപ്രസ്ഥാനങ്ങളിൽ ഒന്നായിട്ടാണ് ഇത് വിലയിരുത്തപ്പെട്ടിരിക്കുന്നത്. പരി. കുർബാനയോടുള്ള ഭക്തി, പരി. ദൈവമാതാവിനോടുള്ള ഭക്തി എന്നീ കത്തോലിക്കാ വിശ്വാസമൂല്യങ്ങളെ പ്രചരിപ്പിക്കാനും പഠിപ്പിക്കാനും ഈ പ്രസ്ഥാനം ശ്രദ്ധനൽകുന്നതായി ആരംഭം മുതലേ പലരും തിരിച്ചറിഞ്ഞു. അതുകൊണ്ടുതന്നെ സ്വാഗതാർഹമായ സമീപനമായിരുന്നു സഭ ഈ നവീകരണവിഭാഗത്തോട് ആരംഭത്തിൽ പുലർത്തിയിരുന്നത്. എന്നാൽ കാലാന്തരത്തിൽ കത്തോലിക്കാ സഭയുടെ സത്യവിശ്വാസം സംബന്ധിച്ച പ്രബോധനങ്ങളിൽ ചിലതെങ്കിലും സ്പിരിറ്റ് ഇൻ ജീസസ് പ്രസ്ഥാനം നിരാകരിക്കുന്നതായി സഭാനേതൃത്വത്തിന്റെ ശ്രദ്ധയിൽപ്പെട്ടു. മരണാനന്തരജീവിതം, തനതുവിധി, ശുദ്ധീകരണസ്ഥലം, നരകം, നിത്യരക്ഷ തുടങ്ങിയ വിശ്വാസ വിഷയങ്ങളെക്കുറിച്ച് സ്പിരിറ്റ് ഇൻ ജീസസ് നല്കുന്ന പ്രബോധനങ്ങൾ കത്തോലിക്കാവിശ്വാസവുമായി ചേർന്നുപോവുന്നതല്ല എന്ന് വിശദമായ പഠനത്തിലൂടെ സഭാനേതൃത്വത്തിന് ബോധ്യപ്പെട്ടു. ഇതേതുടർന്ന്, വിശ്വാസഭ്രംശങ്ങളെ എന്നും ശക്തമായി നേരിടുന്ന സഭാപാരമ്പര്യത്തിന്റെ പശ്ചാത്തലത്തിൽ സ്പിരിറ്റ് ഇൻ ജീസസിന്റെ സജീവ പ്രവർത്തകരോട് പല രൂപതാകോടതികളും വിശദീകരണം ചോദിക്കുകയും സത്യവിശ്വാസം അംഗീകരിക്കുന്നില്ല എന്നു ബോധ്യമായവരുടെ മേൽ സഭാനിയമം അനുശാസിക്കുന്ന താൽക്കാലിക ശിക്ഷാനടപടികൾ സ്വീകരിക്കുകയും ചെയ്തു. സഭയുടെ സത്യവിശ്വാസം സംരക്ഷിക്കുക, ഇതരവിശ്വാസികൾക്കിടയിൽ ഉതപ്പിന് കാരണമാകാതിരിക്കുക, സ്പിരിറ്റ് ഇൻ ജീസസ് പ്രവർത്തകർക്ക് ആത്മപരിശോധനയ്ക്ക് അവസരം നല്കുക തുടങ്ങിയ

വ്യക്തമായ ലക്ഷ്യങ്ങളോടെയാണ് ഇത്തരം ശിക്ഷണനടപടികൾ സഭ സ്വീകരിച്ചത്. തെറ്റ്തിരുത്തി സത്യവിശ്വാസം ഏറ്റുപറയുന്ന സകല രേയും പൂർണ്ണമനസ്സോടെ സ്വീകരിക്കാൻ സഭാമാതാവ് സദാസന്നദ്ധ യാണ്.

സഭാഗാത്രത്തിലെ ഒരംഗംപോലും നഷ്ടമാകാതിരിക്കാൻ സഭാ മാതാവ് എന്നും ആഗ്രഹിക്കുന്നുണ്ട്. സത്യവിശ്വാസത്തിൽ നിന്നും വ്യതി ചലിക്കുന്നവരുടെ മാനസാന്തരത്തിനുവേണ്ടി സഭ പലതലങ്ങളിൽ പ്രാർത്ഥനയും ഉപവാസവും പരിത്യാഗപ്രവർത്തനങ്ങളും നടത്തിയി രുന്നു. സഭാഗാത്രത്തിലെ ഒരംഗം നഷ്ടമാകുമ്പോൾ സഭ മുഴുവനും വേദനിക്കുന്നു എന്ന അപ്പസ്തോല ദർശനമാണ് സഭയുടെ നിത്യമായ പ്രേരണയും പ്രചോദനവും. സഭാഗംങ്ങളുടെ പ്രാർത്ഥനയുടേയും, സ്പിരിറ്റ് ഇൻ ജീസസ് പ്രവർത്തകരുടെ തുറന്ന മനോഭാവത്തിന്റേയും ഫലമായി കൂട്ടായ്മയുടെ വാതിൽ തുറക്കപ്പെടുന്നതിനുള്ള സാഹചര്യം രൂപം കൊള്ളുന്നത് സ്വാഗതാർഹമാണ്.

സീറോമലബാർ സഭയുടെ ഡോക്ട്രിനൽ കമ്മീഷനുമായി നട ത്തിയ ചർച്ചകളിൽ സഭാപ്രബോധനത്തിന് വിരുദ്ധമായ പഠനങ്ങൾ ഉപേക്ഷിക്കാനും കത്തോലിക്കാസഭയുടെ സത്യവിശ്വാസം മുറുകെപിടിച്ച് മുന്നേറാനുമുള്ള സന്നദ്ധത സ്പിരിറ്റ് ഇൻ ജീസസ് പ്രസ്ഥാനത്തിന്റെ നേതാക്കൾ വ്യക്തമാക്കുകയുണ്ടായി. പരിശുദ്ധാത്മാ വിന്റെ പ്രവർത്തനത്താൽ കൂട്ടായ്മയുടെ അനുഗ്രഹം സഭയുടെമേൽ വർഷിക്കപ്പെടുന്നതിന്റെ അടയാളമായി ഇതിനെ നമുക്ക് മനസ്സിലാക്കാം. സ്പിരിറ്റ് ഇൻ ജീസസ് പ്രസ്ഥാനം സഭാപ്രബോധനത്തിനനുസൃത മായി നാളിതുവരെ ചെയ്തിട്ടുള്ള എല്ലാ നല്ലകാര്യങ്ങളേയും സഭ ബഹു മാനിക്കുന്നു.

എന്നാൽ വിശ്വാസികളുടെ ഇടയിൽ തെറ്റിദ്ധാരണക്കിടനല്കി യിട്ടുള്ള, ചില പഠനങ്ങളെ സംബന്ധിച്ച്, അവയിൽ പലതും സഭാപ്ര ബോധനത്തിന്റെ നിഷേധമായി സ്പിരിറ്റ് ഇൻ ജീസസ് പ്രവർത്തകർ ബോധപൂർവ്വം നടത്തിയതല്ലെങ്കിൽ പോലും, സഭയുടെ നിലപാട് വ്യക്ത മാക്കാനാഗ്രഹിക്കുന്നു.

1. ലിഖിതവചനമായ വിശുദ്ധഗ്രന്ഥവും അലിഖിത വെളിപാടായ സഭ യുടെ വിശുദ്ധപാരമ്പര്യവും കുറവില്ലാതെയും തെറ്റുകൂടാതെയും വ്യാഖ്യാനിക്കാനുള്ള അധികാരം ഏകവും പരിശുദ്ധവും ശ്ലൈഹീ കവും സാർവ്വത്രികവുമായ സഭയിലാണ് നിക്ഷിപ്തമായിരിക്കുന്നത്.

തന്മൂലം വിശുദ്ധ ഗ്രന്ഥവും പാരമ്പര്യവും വ്യാഖ്യാനിക്കുന്നവർ സഭാപ്രബോധനങ്ങൾക്കനുസൃതമായി അവയെ വ്യാഖ്യനിക്കേണ്ട താണ്.

2. മരിച്ചവരുടെ ആത്മാക്കൾ (പരേതാത്മാക്കൾ) ജീവിച്ചിരിക്കുന്നവരെ ബാധിക്കുകയും നിയന്ത്രിക്കുകയും ചെയ്യുന്നു എന്ന ചിന്ത വിശു ദ്ധഗ്രന്ഥത്തിനും സഭാപാരമ്പര്യത്തിനും പഠനത്തിനും വിരുദ്ധമാണ്. എന്നാൽ സ്വർഗ്ഗസ്ഥരായ വിശുദ്ധാത്മാക്കൾ ദൈവഹിതാനുസൃതം ഭൂമിയിൽ പ്രത്യക്ഷപ്പെടാനുള്ള സാധ്യത സഭ അംഗീകരിക്കുന്നു.

3. മരണസമയത്ത് നടക്കുന്ന തനതുവിധിയിലൂടെ മനുഷ്യവ്യക്തിയുടെ നിത്യമായ അവസ്ഥ നിർണ്ണയിക്കപ്പെടുന്നു. സ്വർഗ്ഗം നരകം എന്നീ രണ്ട് നിത്യമായ അന്ത്യങ്ങളാണ് മനുഷ്യനുള്ളത്. ലഘുപാപങ്ങ ളോടെ മരിക്കുന്നവർക്ക് മിശിഹായുടെ രണ്ടാമത്തെ ആഗമനം വരെ യുള്ള കാലയളവിൽ ശുദ്ധീകരണത്തിനായി ശുദ്ധീകരണസ്ഥലം ഉണ്ടെന്നും, ശുദ്ധീകരണത്തിനുശേഷം എല്ലാ ശുദ്ധീകരാത്മാക്കളും സ്വർഗ്ഗത്തിലെത്തുമെന്നും പരി. സഭ പഠിപ്പിക്കുന്നു.

4. സഭയിൽ മരിച്ചവർക്ക് വേണ്ടി നടത്തുന്ന പ്രാർത്ഥനാശുശ്രൂഷകൾ നിത്യനരകത്തിൽപ്പെട്ടവരുടെ മാനസാന്തരമോ രക്ഷയോ ലക്ഷ്യ മാക്കിയുള്ളവയല്ല. എന്നാൽ ഒരു വ്യക്തിയും നരകത്തിൽ പോയ തായി സഭ ഔദ്യോഗികമായി പ്രഖ്യാപിച്ചിട്ടില്ലാത്തതിനാൽ പരേ തരായ ഏതൊരുവിശ്വാസിക്കുംവേണ്ടി പ്രാർത്ഥിക്കാൻ സഭാംഗ ങ്ങൾക്ക് അവകാശവും ഉത്തരവാദിത്വവും ഉണ്ട്.

5. നരകം നിത്യമാണന്നും നരകത്തിലകപ്പെട്ട ആത്മാക്കൾക്ക് ഒരു നാളും രക്ഷ സാദ്ധ്യമല്ലന്നും സഭ പഠിപ്പിക്കുന്നു. തന്മൂലം നരക വാസികളുടെ മോചനത്തിനും രക്ഷയ്ക്കും എന്ന പേരിൽ നട ത്തുന്ന എല്ലാവിധ ശുശ്രൂഷകളും സഭാപ്രബോധനത്തിന് വിരുദ്ധ മാണ്.

6. ശ്ലൈഹീകമായ സഭ അപ്പസ്തോലന്മാരാകുന്ന അടിസ്ഥാന ത്തിൻമേൽ പണിയപ്പെട്ടതാകയാൽ സഭയിലെ ആത്മീയശുശ്രൂഷ കളെല്ലാം സഭയുടെ ശ്ലൈഹീക അധികാരത്തോട് ചേർന്നാണ് നിർവ്വഹിക്കേണ്ടത്. തന്മൂലം അപ്പസ്തോലന്മാരുടെ പിൻഗാമിയായ രൂപതാദ്ധ്യക്ഷന്റെ അനുവാദത്തോടെയും രൂപതാദ്ധ്യക്ഷൻ നിശ്ച യിക്കുന്ന സ്ഥലത്തുമാണ് സഭയുടെ ആത്മീയശുശ്രൂഷകൾ നട ത്തേണ്ടത്. സ്പിരിറ്റ് ഇൻ ജീസസ് പ്രവർത്തകർ അതത് രൂപതക

ളിലെ രൂപതാദ്ധ്യക്ഷന്റെ അനുവാദത്തോടും ആശീർവ്വാദത്തോടും കൂടി കൂടുതൽ ക്രീയാത്മകമായ ശുശ്രൂഷനിർവ്വഹിക്കണമെന്ന് സഭ ആഗ്രഹിക്കുന്നു. രൂപതാദ്ധ്യക്ഷനും രൂപതാദ്ധ്യക്ഷന്റെ പ്രതിനിധിയായ വികാരിയച്ചനും നല്കുന്ന നിർദ്ദേശങ്ങൾക്കനുസൃതമായിട്ടാണ് സഭയിലെ എല്ലാ ആത്മീയശുശ്രൂഷകളും നടത്തേണ്ടത്.

7. തങ്ങളുടെ രാജകീയ പൗരോഹിത്യത്തിന്റെ വരപ്രസാദത്തിൽ അല്മായർ സഭാഗാത്രത്തിൽ ചെയ്യുന്ന എല്ലാ ശുശ്രൂഷകളേയും ആദരവോടെ സ്വാഗതം ചെയ്യുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്ന നിലപാടാണ് സഭയ്ക്കുള്ളത്. അല്മായരുടെ നേതൃത്വത്തിൽ നടത്തുന്ന ശുശ്രൂഷകൾ കുറ്റമറ്റതും സഭാപ്രബോധനത്തോട് വിശ്വസ്ഥതപുലർത്തുന്നതുമാകാൻ അല്മായ നേതൃത്ത്വത്തിലുള്ള പ്രസ്ഥാനങ്ങൾക്ക് ആത്മീയ ഉപദേഷ്ടാക്കളായി വൈദീകരെ നൽകുന്ന പാരമ്പര്യമാണ് സഭയ്ക്കുള്ളത് . ഈ പാരമ്പര്യം അനുസരിച്ച് സ്പിരിറ്റ് ഇൻ ജീസസ് പ്രവർത്തകർ ഓരോ രൂപതയിലും രൂപതാദ്ധ്യക്ഷൻ നിശ്ചയിക്കുന്ന വൈദീകനെ ആത്മീയ പിതാവായി സ്വീകരിക്കണം. പ്രാർത്ഥനാ കൂട്ടായ്മകളും പ്രബോധനങ്ങളും ഈ ആത്മീയപിതാവിന്റെ അറിവോടും അനുവാദത്തോടും കൂടി നടത്തണം.

8. മേൽ നിർദ്ദേശിച്ച കാര്യങ്ങൾ വിശ്വസ്ഥതയോടെ നിറവേറ്റിയാൽ സഭാകോടതികൾ മുഖേന കാനൻ നിയമാനുസൃതം നടപടികൾക്ക് വിധേയരായിട്ടുള്ള സ്പിരിറ്റ് ഇൻ ജീസസ് കൂട്ടായ്മയിലെ അംഗങ്ങൾക്ക് അവരുടെ അപേക്ഷാനുസൃതം ശിക്ഷണനടപടികളിൽ നിന്ന് അതത് രൂപതാകോടതികൾ ഇളവ് നല്കുന്നതാണ്.

സഭയുടെ സത്യവിശ്വാസം സംരക്ഷിക്കുന്നതിനും സഭാഗാത്രത്തിലെ കൂട്ടായ്മ വർദ്ധമാനമാക്കുന്നതിനുമായി നല്കിയിരിക്കുന്ന ഈ നിർദ്ദേശങ്ങൾ സഭയിലെ മുഴുവൻ വിശ്വാസികളുടേയും വിശ്വാസ പരിപോഷണത്തിന് കാരണമാകട്ടെയെന്ന് പ്രത്യാശിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു.

**ഡോക്ട്രിനൽ കമ്മീഷൻ**
**സീറോ മലബാർ സഭ**

NATIONAL CATHOLIC REPORTER

**Published on *National Catholic Reporter* (http://ncronline.org)**
**Home>The hidden exodus: Catholics becoming Protestants**

## The hidden exodus: Catholics becoming Protestants

**By Thomas Reese**

The number of people who have left the Catholic Church is huge.

We all have heard stories about why people leave. Parents share stories about their children. Academics talk about their students. Everyone has a friend who has left.

While personal experience can be helpful, social science research forces us to look beyond our circle of acquaintances to see what is going on in the whole church.

The U.S. Religious Landscape Survey by the Pew Research Center's Forum on Religion & Public Life has put hard numbers on the anecdotal evidence: One out of every 10 Americans is an ex-Catholic. If they were a separate denomination, they would be the third-largest denomination in the United States, after Catholics and Baptists. One of three people who were raised Catholic no longer identifies as Catholic.

Any other institution that lost one-third of its members would want to know why. But the U.S. bishops have never devoted any time at their national meetings to discussing the exodus. Nor have they spent a dime trying to find out why it is happening.

Thankfully, although the U.S. bishops have not supported research on people who have left the church, the Pew Center has.

Pew's data shows that those leaving the church are not homogenous. They can be divided into two major groups: those who

become unaffiliated and those who become Protestant. Almost half of those leaving the church become unaffiliated and almost half become Protestant. Only about 10 percent of ex-Catholics join non-Christian religions. This article will focus on Catholics who have become Protestant. I am not saying that those who become unaffiliated are not important; I am leaving that discussion to another time.

Why do people leave the Catholic church to become Protestant? Liberal Catholics will tell you that Catholics are leaving because they disagree with the church's teaching on birth control, women priests, divorce, the bishops' interference in American politics, etc. Conservatives blame Vatican II, liberal priests and nuns, a permissive culture and the church's social justice agenda.

One of the reasons there is such disagreement is that we tend to think that everyone leaves for the same reason our friends, relatives and acquaintances have left. We fail to recognize that different people leave for different reasons. People who leave to join Protestant churches do so for different reasons than those who become unaffiliated. People who become evangelicals are different from Catholics who become members of mainline churches.

Spiritual needs

The principal reasons given by people who leave the church to become Protestant are that their "spiritual needs were not being met" in the Catholic church (71 percent) and they "found a religion they like more" (70 percent). Eighty-one percent of respondents say they joined their new church because they enjoy the religious service and style of worship of their new faith.

In other words, the Catholic church has failed to deliver what people consider fundamental products of religion: spiritual sustenance and a good worship service. And before conservatives blame the new liturgy, only 11 percent of those leaving complained that Catholicism had drifted too far from traditional practices such as the Latin Mass.

Dissatisfaction with how the church deals with spiritual needs and worship services dwarfs any disagreements over specific

doctrines. While half of those who became Protestants say they left because they stopped believing in Catholic teaching, specific questions get much lower responses. Only 23 percent said they left because of the church's teaching on abortion and homosexuality; only 23 percent because of the church's teaching on divorce; only 21 percent because of the rule that priests cannot marry; only 16 percent because of the church's teaching on birth control; only 16 percent because of the way the church treats women; only 11 percent because they were unhappy with the teachings on poverty, war and the death penalty.

The data shows that disagreement over specific doctrines is not the main reason Catholics become Protestants. We also have lots of survey data showing that many Catholics who stay disagree with specific church teachings. Despite what theologians and bishops think, doctrine is not that important either to those who become Protestant or to those who stay Catholic.

People are not becoming Protestants because they disagree with specific Catholic teachings; people are leaving because the church does not meet their spiritual needs and they find Protestant worship service better.

Nor are the people becoming Protestants lazy or lax Christians. In fact, they attend worship services at a higher rate than those who remain Catholic. While 42 percent of Catholics who stay attend services weekly, 63 percent of Catholics who become Protestants go to church every week. That is a 21 percentage-point difference.

Catholics who became Protestant also claim to have a stronger faith now than when they were children or teenagers. Seventy-one percent say their faith is "very strong," while only 35 percent and 22 percent reported that their faith was very strong when they were children and teenagers, respectively. On the other hand, only 46 percent of those who are still Catholic report their faith as "very strong" today as an adult.

Thus, both as believers and as worshipers, Catholics who become Protestants are statistically better Christians than those who stay Catholic. We are losing the best, not the worst.

Some of the common explanations of why people leave do not pan out in the data. For example, only 21 percent of those becoming Protestant mention the sex abuse scandal as a reason for leaving. Only 3 percent say they left because they became separated or divorced.

Becoming Protestant

If you believed liberals, most Catholics who leave the church would be joining mainline churches, like the Episcopal church. In fact, almost two-thirds of former Catholics who join a Protestant church join an evangelical church. Catholics who become evangelicals and Catholics who join mainline churches are two very distinct groups. We need to take a closer look at why each leaves the church.

Fifty-four percent of both groups say that they just gradually drifted away from Catholicism. Both groups also had almost equal numbers (82 percent evangelicals, 80 percent mainline) saying they joined their new church because they enjoyed the worship service. But compared to those who became mainline Protestants, a higher percentage of those becoming evangelicals said they left because their spiritual needs were not being met (78 percent versus 57 percent) and that they had stopped believing in Catholic teaching (62 percent versus 20 percent). They also cited the church's teaching on the Bible (55 percent versus 16 percent) more frequently as a reason for leaving. Forty-six percent of these new evangelicals felt the Catholic church did not view the Bible literally enough. Thus, for those leaving to become evangelicals, spiritual sustenance, worship services and the Bible were key. Only 11 percent were unhappy with the church's teachings on poverty, war, and the death penalty Ñ the same percentage as said they were unhappy with the church's treatment of women. Contrary to what conservatives say, ex-Catholics are not flocking to the evangelicals because they think the Catholic

church is politically too liberal. They are leaving to get spiritual nourishment from worship services and the Bible.

Looking at the responses of those who join mainline churches also provides some surprising results. For example, few (20 percent) say they left because they stopped believing in Catholic teachings. However, when specific issues were mentioned in the questionnaire, more of those joining mainline churches agreed that these issues influenced their decision to leave the Catholic church. Thirty-one percent cited unhappiness with the church's teaching on abortion and homosexuality, women, and divorce and remarriage, and 26 percent mentioned birth control as a reason for leaving. Although these numbers are higher than for Catholics who become evangelicals, they are still dwarfed by the number (57 percent) who said their spiritual needs were not met in the Catholic church.

Thus, those becoming evangelicals were more generically unhappy than specifically unhappy with church teaching, while those who became mainline Protestant tended to be more specifically unhappy than generically unhappy with church teaching. The unhappiness with the church's teaching on poverty, war and the death penalty was equally low for both groups (11 percent for evangelicals; 10 percent for mainline).

What stands out in the data on Catholics who join mainline churches is that they tend to cite personal or familiar reasons for leaving more frequently than do those who become evangelicals. Forty-four percent of the Catholics who join mainline churches say that they married someone of the faith they joined, a number that trumps all doctrinal issues. Only 22 percent of those who join the evangelicals cite this reason.

Perhaps after marrying a mainline Christian and attending his or her church's services, the Catholic found the mainline services more fulfilling than the Catholic service. And even if they were equally attractive, perhaps the exclusion of the Protestant spouse from Catholic Communion makes the more welcoming mainline church attractive to an ecumenical couple.

Those joining mainline communities also were more likely to cite dissatisfaction of the Catholic clergy (39 percent) than were those who became evangelical (23 percent). Those who join mainline churches are looking for a less clerically dominated church.

Lessons from the data

There are many lessons that we can learn from the Pew data, but I will focus on only three.

First, those who are leaving the church for Protestant churches are more interested in spiritual nourishment than doctrinal issues. Tinkering with the wording of the creed at Mass is not going to help. No one except the Vatican and the bishops cares whether Jesus is "one in being" with the Father or "consubstantial" with the Father. That the hierarchy thinks this is important shows how out of it they are.

While the hierarchy worries about literal translations of the Latin text, people are longing for liturgies that touch the heart and emotions. More creativity with the liturgy is needed, and that means more flexibility must be allowed. If you build it, they will come; if you do not, they will find it elsewhere. The changes that will go into effect this Advent will make matters worse, not better.

Second, thanks to Pope Pius XII, Catholic scripture scholars have had decades to produce the best thinking on scripture in the world. That Catholics are leaving to join evangelical churches because of the church teaching on the Bible is a disgrace. Too few homilists explain the scriptures to their people. Few Catholics read the Bible.

The church needs a massive Bible education program. The church needs to acknowledge that understanding the Bible is more important than memorizing the catechism. If we could get Catholics to read the Sunday scripture readings each week before they come to Mass, it would be revolutionary. If you do not read and pray the scriptures, you are not an adult Christian. Catholics who become evangelicals understand this.

Finally, the Pew data shows that two-thirds of Catholics who

become Protestants do so before they reach the age of 24. The church must make a preferential option for teenagers and young adults or it will continue to bleed. Programs and liturgies that cater to their needs must take precedence over the complaints of fuddy-duddies and rubrical purists.

Current religious education programs and teen groups appear to have little effect on keeping these folks Catholic, according to the Pew data, although those who attend a Catholic high school do appear to stay at a higher rate. More research is needed to find out what works and what does not.

The Catholic church is hemorrhaging members. It needs to acknowledge this and do more to understand why. Only if we acknowledge the exodus and understand it will we be in a position to do something about it.

[Jesuit Fr. Thomas J. Reese, former editor in chief of *America*, is a senior fellow at the Woodstock Theological Center at Georgetown University in Washington. He is working on a new book: *Survival Guide for Thinking Catholics.*]

Copyright © The National Catholic Reporter Publishing Company
115 E. Armour Blvd., Kansas City, MO 64111
(TEL 1-816-531-0538 FAX 1-816-968-2268)

---

Source URL: http://ncronline.org/news/hidden-exodus-catholics-becoming-protestants

# രൂപതാകച്ചേരി വാർത്തകൾ

## പൗരോഹിത്യം സ്വീകരിക്കുന്നവർ

വടവാതൂർ സെന്റ് തോമസ് അപ്പസ്തോലിക് സെമിനാരിയിൽ ദൈവശാസ്ത്രപഠനം പൂർത്തിയാക്കിയ ഡീക്കൻ വർഗ്ഗീസ് (പ്രതീഷ്) കിഴക്കൻപുതുപ്പള്ളി, റോമിലെ ഹോളിക്രോസ് യൂണിവേഴ്സിറ്റിയിൽ ദൈവശാസ്ത്രപഠനം പൂർത്തിയാക്കിയ ഡീക്കൻ മാത്യു (ജയ്നീഷ്) പുതുക്കാട്ടിൽ എന്നിവർ ഡിസംബർ മാസത്തിൽ തിരുപ്പട്ടം സ്വീകരിക്കാൻ ഒരുങ്ങുന്നു. അവർക്ക് അനുമോദനങ്ങളും ആശംസകളും നേരുന്നു. പൗരോഹിത്യ കൂട്ടായ്മയിലേയ്ക്ക് സ്വാഗതം ചെയ്യുന്നു. നമ്മുക്ക് അവർക്കുവേണ്ടി പ്രാർത്ഥിക്കാം.

തിരുപ്പട്ട സ്വീകരണത്തിന്റെ തീയതിയും സ്ഥലവും താഴെ ചേർക്കുന്നു.

**2011 ഡിസംബർ 27** : ഡീക്കൻ വർഗ്ഗീസ് (പ്രതീഷ്)
കിഴക്കൻപുതുപ്പള്ളി - ശാന്തിഗിരി.

**2011 ഡിസംബർ 28** : ഡീക്കൻ മാത്യു (ജയ്നീഷ്)
പുതുക്കാട്ടിൽ - ചെന്നലോട്.

## അഭിനന്ദനങ്ങൾ

മാനന്തവാടി രൂപതാ മിഷൻലീഗ് മികച്ച പ്രവർത്തനങ്ങളുമായി സംസ്ഥാനത്തെ ഏറ്റവും മികച്ച രൂപതയായി 7-ാം തവണയും തെരഞ്ഞെടുക്കപ്പെട്ടു. അതോടൊപ്പം 2011 നവംബർ 12 ന് തലശ്ശേരിയിൽ വെച്ച് നടന്ന സംസ്ഥാന കലോത്സവത്തിൽ മാനന്തവാടി രൂപത തുടർച്ചയായി 8-ാം തവണയും ചാമ്പ്യൻഷിപ്പ് നേടി. ഈ വിജയങ്ങളുടെ പിന്നിൽ പ്രവർത്തിച്ച മിഷൻലീഗ് രൂപതാ ഡയറക്ടർ ബഹു. സോണി

വടയാപറമ്പിൽ, മുൻ ഡയറക്ടർ ബഹു. ടോമി പുത്തൻപുര, രൂപതാ, മേഖലാ, ശാഖാ ഭാരവാഹികൾ, ബഹു. വൈദികർ, സിസ്റ്റേഴ്സ്, മിഷൻലീഗ് അംഗങ്ങൾ ഏവർക്കും രൂപത മുഴുവന്റെയും നന്ദിയും അഭിനന്ദനങ്ങളും അറിയിക്കുന്നു. ഈ പ്രേഷിതവർഷത്തിൽ കൂടുതൽ തീക്ഷ്ണതയോടെയും മിഷൻ ചൈതന്യത്തോടെയും പ്രവർത്തിക്കാൻ ഈ വിജയങ്ങൾ സഹായിക്കട്ടെ.

## Transfer & Appointments

| | | |
|---|---|---|
| Rev. Fr. Augustine Thanniyil | : | Director, Zion Retreat Centre (w.e.f. 01-11-2011) |
| Rev. Fr. Sebastin Elavanappara | : | Vicar, Makkiyad (w.e.f. 20-11-2011) |
| Rev. Fr. Robin Padinjarayil | : | Diocesan Financial Administrator (w.e.f. 01-12-2011) |

**വെരി. റവ. ഫാ. മാത്യു മാടപ്പള്ളിക്കുന്നേൽ**
പ്രോട്ടോസിഞ്ചെല്ലൂസ്

# പ്രസ്ബിറ്ററൽ കൗൺസിൽ റിപ്പോർട്ട്

പുതുതായി രൂപീകരിക്കപ്പെട്ട പ്രസ്ബിറ്ററൽ കൗൺസിലിന്റെ ആദ്യയോഗം 2011 ഒക്ടോബർ 25 ചൊവ്വാഴ്ച 10.30 ന് മാനന്തവാടി ബിഷപ്സ് ഹൗസിൽ ചേർന്നു. ബഹു. ജെയ്സ് ചെട്ടിയാശ്ശേരി അച്ചൻ നയിച്ച പ്രാർത്ഥനയോടെ യോഗം ആരംഭിച്ചു. രൂപതാ വികാരി ജനറാൾ ബഹു. മാത്യു മാടപ്പള്ളിക്കുന്നേലച്ചൻ എല്ലാവർക്കും സ്വാഗതം ആശംസിച്ചു. തുടർന്ന് രൂപതാധ്യക്ഷൻ അഭിവന്ദ്യ ജോസ് പൊരുന്നേടം പിതാവ് ആമുഖ പ്രഭാഷണം നടത്തി. തുടർന്ന് പ്രസ്ബിറ്ററൽ കൗൺസിലിലെ വിവിധ കമ്മിറ്റികളിലേയ്ക്കുള്ള തെരഞ്ഞെടുപ്പുകളെക്കുറിച്ചുള്ള ഭാഗം നിയമാവലിയിൽ നിന്നും രൂപതാ ചാൻസലർ ഫാ. ജോസഫ് പരുവുമ്മേൽ വായിച്ച് വിശദീകരിച്ചു.

തുടർന്ന് പ്രസ്ബിറ്ററൽ കൗൺസിൽ സെക്രട്ടറിയുടെ തെരഞ്ഞെടുപ്പ് നടന്നു. രൂപതാ ചാൻസലർ ഫാ. ജോസഫ് പരുവുമ്മേൽ പ്രസ്ബിറ്ററൽ കൗൺസിൽ സെക്രട്ടറിയായി തെരഞ്ഞെടുക്കപ്പെട്ടു. രൂപതാ പാസ്റ്ററൽ കൗൺസിലിലേയ്ക്ക് താഴെ പറയുന്നവർ പ്രസ്ബിറ്ററൽ കൗൺസിലിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ടു.

1. റവ. ഫാ. അഗസ്റ്റ്യൻ ചേമ്പാലയിൽ
2. റവ. ഫാ. ബാബു മാപ്ലശേരി
3. റവ. ഫാ. തോമസ് തൈക്കുന്നുംപുറം
4. റവ. ഫാ. ജെയിംസ് കുളത്തിനാൽ
5. റവ. ഫാ. വിൻസെന്റ് താമരശ്ശേരിൽ

അജൻഡ കമ്മിറ്റിയിലേയ്ക്ക് ex-officio അംഗങ്ങൾ, പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, സെക്രട്ടറി എന്നിവരെ കൂടാതെ റവ.ഫാ. തോമസ് മണ്ണൂർ, റവ.ഫാ. അഗസ്റ്റ്യൻ നിലയ്ക്കപ്പിള്ളിൽ, റവ. ഫാ. ഡെന്നീസ് കഴുതാടിയിൽ എന്നിവരെ തെരഞ്ഞെടുത്തു.

തുടർന്ന് രൂപതാ പ്രൊക്കുറേറ്റർ ബഹു. ഗർവ്വാസീസ് മറ്റം മംഗലാപുരത്തെ എസ്റ്റേറ്റ്, ബാംഗ്ലൂർ സാൻതോം സ്ഥലം എന്നിവയുടെ വില്പനയെക്കുറിച്ചും ഭാവിയിൽ വാങ്ങുവാൻ ഉദ്ദേശിക്കുന്ന സ്ഥലങ്ങളെക്കുറിച്ചും സംസാരിച്ചു. സ്ഥലങ്ങൾ വിറ്റു കിട്ടിയ പണം എങ്ങനെ invest ചെയ്യണം എന്നതിനെക്കുറിച്ചും ചർച്ച നടന്നു.

മണ്ഡ്യ, ഭദ്രാവതി എന്നീ രൂപതകൾക്ക് നൽകേണ്ട തുകയെക്കുറിച്ച് ചർച്ച നടന്നു. ഉചിതമായ ഒരു തുക നൽകണമെന്നും രൂപതാ ഫിനാൻസ് കൗൺസിലിന്റെയും കൺസൾട്ടേഴ്സിന്റെയും അഭിപ്രായം കൂടി കണക്കിലെടുത്ത് അന്തിമ തീരുമാനത്തിൽ എത്താമെന്നും തീരുമാനിച്ചു.

ഇപ്പോൾ കിട്ടിയിരിക്കുന്ന തുക എങ്ങനെ invest ചെയ്യണം എന്നതിനെക്കുറിച്ച് നടത്തിയ പ്രൊഫഷനൽ കൺസൾട്ടൺസിയിൽ അവരുടെ അഭിപ്രായം എന്താണെന്ന് രൂപതാ പ്രൊക്കുറേറ്റർ യോഗത്തെ അറിയിച്ചു. വയനാടിന്റെ പശ്ചാത്തലത്തിൽ ഒരു ഇന്റർനാഷനൽ സ്കൂൾ തുടങ്ങുക, സ്റ്റാർ പദവിയുള്ള ഹോട്ടൽ തുടങ്ങുക, ഇപ്പോഴുള്ള സ്ഥലങ്ങൾ ഉപയോഗപ്പെടുത്തിക്കൊണ്ട് ബിൽഡിംഗ് പണിക്ക് ഏതെങ്കിലും ഏജൻസിയെ ഏല്പിക്കുക. ഹോം സ്റ്റേയ്ക്ക് പറ്റിയ കെട്ടിടങ്ങൾ പണിയുക, തുടങ്ങിയവയൊക്കെയാണ് കൺസൾട്ടേഴ്സ് നിർദ്ദേശിച്ചത്. രൂപത ഫിനാൻസ് കൗൺസിലും കൺസൾട്ടേഴ്സും ചേർന്ന് ഈ അഭിപ്രായങ്ങൾ കണക്കിലെടുത്ത് വേണ്ട തീരുമാനങ്ങൾ കൈക്കൊണ്ട് നടപ്പിലാക്കുവാൻ നിർദ്ദേശിക്കപ്പെട്ടു.

തുടർന്ന് നടന്ന ചർച്ചയിൽ ചെറിയ പ്ലോട്ടുകൾ വാങ്ങുന്നതോടൊപ്പം എസ്റ്റേറ്റുകളും വാങ്ങിക്കണമെന്നും രൂപതയ്ക്ക് പുറമെ അധികം സ്ഥലം വാങ്ങാതിരിക്കുന്നതാണ് നല്ലതെന്നും അഭിപ്രായം ഉണ്ടായി. ഗൂഡല്ലൂർ ഒരു സെന്റർ തുടങ്ങണമെന്ന അഭിപ്രായവും യോഗത്തിൽ ഉണ്ടായി.

മൈനർ സെമിനാരി ഫോർമേഷനുശേഷം ഡിഗ്രി കോഴ്സിന് സെമിനാരിക്കാരെ വിടുന്ന കാര്യം ചർച്ച ചെയ്തു. മേജർ സെമിനാരി പ്രവേശനത്തിന് ഡിഗ്രി നിർബന്ധമാക്കിയതിനെ തുടർന്ന് മൈനർ സെമിനാരി പരിശീലനം പൂർത്തിയാക്കുന്നവരെ എങ്ങനെ ഡിഗ്രി കോഴ്സിന് വിടണമെന്ന ചർച്ച നടന്നു. വീട്ടിൽ നിന്നും പഠിക്കുക, ഏതെങ്കിലും ഒരു സ്ഥലത്ത് താമസിച്ചിട്ട് പഠിപ്പിക്കുക തുടങ്ങിയ നിർദ്ദേശങ്ങൾ ഉണ്ടായി.

വടപുറം ഇടവകയാക്കുന്നതിനെക്കുറിച്ച് നടന്ന ചർച്ചയിൽ നിലമ്പൂർ ഫൊറോന വികാരി ബഹു. ചാണ്ടി പുനക്കാട്ടച്ചൻ പൊതുയോഗതീരുമാനം അവതരിപ്പിച്ചു. വടപുറം ഇടവകയാക്കുവാൻ ഐക്യകണ്ഠേന തീരുമാനിച്ചെന്നും രൂപതയിൽ നൽകിയ അപേക്ഷയിൽ പറയുന്ന കാര്യങ്ങളിൽ ഭേദഗതി ആവശ്യമെങ്കിൽ നടത്തുവാൻ രൂപതാ

ധ്യക്ഷനെ പൊതുയോഗം ചുമതലപ്പെടുത്തിയെന്നും യോഗത്തെ അറിയിച്ചു. തുടർന്ന് നടന്ന ചർച്ചയിൽ വടപുറം ഇടവകയായി ഉയർത്തുവാൻ പ്രസ്ബിറ്ററൽ കൗൺസിൽ അംഗീകാരം നൽകി.

മേജർ ആർച്ച് ബിഷപ്പ് 2012 മെയ് 2 മുതൽ 6 വരെ മാനന്തവാടി രൂപത സന്ദർശിക്കുന്നതിനോടനുബന്ധിച്ച് നടന്ന ചർച്ചയിൽ മണിമൂളി, ബത്തേരി, കൊട്ടിയൂർ, മാനന്തവാടി എന്നീ 4 സ്ഥലങ്ങളിലായി വൈദികരെയും സന്യസ്തരെയും അത്മായ പ്രതിനിധികളേയും വിളിച്ചുകൂട്ടുവാൻ തീരുമാനിച്ചു. ഗൂഡല്ലൂർ സന്ദർശിക്കുവാൻ മേജർ ആർച്ച് ബിഷപ്പിന് അവസരം ഒരുക്കണമെന്ന നിർദ്ദേശവും യോഗത്തിൽ ഉണ്ടായി.

സ്കൂളുകളിൽ അധ്യാപന നിയമനവുമായി ബന്ധപ്പെട്ട ചില കാര്യങ്ങൾ ചർച്ച ചെയ്തു. ചോദ്യങ്ങൾക്ക് കോർപ്പറേറ്റ് മാനേജർ റവ. ഫാ. റോബിൻ വടക്കുംചേരി മറുപടി നൽകി.

ബഹു. തോമസ് മണ്ണൂരച്ചൻ രേഖാമൂലം അഭിവന്ദ്യ പിതാവിന് നൽകിയ നിർദ്ദേശങ്ങൾ ചർച്ച ചെയ്തു.

പ്രോലൈഫ് പ്രസ്ഥാനത്തെ സംബന്ധിച്ച കാര്യങ്ങളും വനിതാ കോഡിലെ കാര്യങ്ങളും വളരെ ചുരുക്കി ഫാമിലി അപ്പോസ്റ്റലേറ്റ് ഡയറക്ടർ റവ. ഫാ. ഡെന്നീസ് കഴുതാടിയിൽ അവതരിപ്പിച്ചു.

തുടർന്ന് പ്രസ്ബിറ്ററൽ കൗൺസിൽ സെക്രട്ടറി ഫാ. ജോസഫ് പരുവുമ്മേലിന്റെ നന്ദി പ്രകാശനത്തോടെ 2 മണിക്ക് യോഗം അവസാനിച്ചു.

**ഫാ. ജോസഫ് പരുവുമ്മേൽ**

സെക്രട്ടറി, പ്രസ്ബിറ്ററൽ കൗൺസിൽ

# പ്രേഷിതവർഷം

## 2011 ആഗസ്റ്റ് – 2012 ആഗസ്റ്റ്

പതിനൊന്നാം പീയൂസ് മാർപാപ്പ 1926 ഫെബ്രുവരി 28–ാം തീയതി എഴുതിയ "റേരും എക്ളേസിയ" (Rerum Ecclesiae) എന്ന ചാക്രിക ലേഖനമാണ് സഭയുടെ പ്രേഷിത പ്രവർത്തനത്തെക്കുറിച്ചുള്ള രണ്ടാമത്തെ ഔദ്യോഗിക പ്രബോധനം. തന്റെ മുൻഗാമിയായ ബനഡിക്റ്റ് പതിനഞ്ചാം മാർപാപ്പയുടെ പ്രബോധനങ്ങളുടെ തുടർച്ചയാണ് ഈ പ്രമാണരേഖ. ക്രൈസ്തവേതര മനുഷ്യരെക്കുറിച്ചുള്ള ആകുലതയും അവരുടെ മാനസാന്തരത്തിനായി പ്രവർത്തിക്കുന്നവർ സ്വീകരിക്കേണ്ട നിലപാടിനെക്കുറിച്ചും പരി. പിതാവ് പ്രതിപാദിക്കുന്നു. സഭ അയച്ച പ്രേഷിതർ സമർപ്പണമനോഭാവത്തോടെ ജീവത്യാഗം ചെയ്തുപോലും രക്ഷാകര സന്ദേശം ആദ്യം യൂറോപ്പിലും പിന്നീട് വിദൂരസ്ഥമായ അജ്ഞാതരാജ്യങ്ങളിലും സുവിശേഷം പ്രചരിപ്പിക്കുകയും മാമ്മോദീസാ നൽകി സഭാതനയരാക്കിയ ധീരോചിതമായ ജീവിതസാക്ഷ്യത്തേയും മാർപാപ്പ നന്ദിപൂർവ്വം അനുസ്മരിക്കുന്നു. (no.2) സഭയുടെ വിശ്വാസപ്രഘോഷണ വിഭാഗം അയച്ച പ്രേഷിതരുടെ ത്യാഗോജ്ജ്വലമായ പ്രവർത്തനങ്ങളേയും അവരോട് ആളും അർത്ഥവും നൽകി സഹകരിച്ച അത്മായ സഹോദരങ്ങളുടെ ഹൃദയവിശാലതയേയും മാർപ്പാപ്പ ഈ ലേഖനത്തിൽ ഏറെ ശ്ലാഘിക്കുന്നുണ്ട്.

ഈ ചരിത്ര പശ്ചാത്തലത്തിൽ എഴുതപ്പെട്ട ഈ ചാക്രികലേഖനത്തിന്റെ ലക്ഷ്യങ്ങൾ പ്രധാനമായും രണ്ടാണ് (no.3) ഒന്ന്; പരിശീലനം ലഭിച്ച കൂടുതൽ പ്രേഷിതരെ ക്രൈസ്തവസംസ്കാരം എത്തിച്ചേർന്നിട്ടില്ലാത്ത ലോകത്തിന്റെ വിവിധ ഭാഗങ്ങളിലേയ്ക്ക് അയയ്ക്കുക.

രണ്ട്: യഥാർത്ഥ തീക്ഷ്ണതയും പ്രാർത്ഥനാനുഭവവുമുള്ള അത്മായ സഹോദരങ്ങൾ സഭയുടെ ഈ പ്രേഷിത സംരംഭങ്ങളോട് ആത്മാർത്ഥ മായി സഹകരിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് പ്രബോധിപ്പി ക്കുക. ഇവയ്ക്ക് മാർഗ്ഗദർശിയായി ഈ കാലഘട്ടത്തിൽ വത്തിക്കാൻ ആരംഭിച്ച "പ്രേഷിത പ്രദർശനം" (Vatican Missionary Exhibition) അനേ കർക്ക്, അന്ധകാരത്തിൽ വസിക്കുന്നവർക്ക്, വിശ്വാസദീപം എത്തിക്കു വാൻ പ്രചോദനമായിത്തീരുമെന്ന് പിതാവ് കരുതുന്നു. ഏക ഇടയന്റെ തൊഴുത്തിൽപ്പെടാത്ത നിർഭാഗ്യരായ ജനങ്ങളെ ഈ തൊഴു ത്തിലേയ്ക്ക് ആനയിച്ച് "അരൂപിയിലും സത്യത്തിലും" (Jn 4:24) ദൈവത്തെ ആരാധിക്കുന്നവരും രക്ഷപ്രാപിച്ച് സത്യം അറിയുന്നവരും (1 Tim. 2:4) ആക്കിത്തീർക്കണം.

ക്രിസ്തുവിന്റെ സ്വഭാവത്താലും ക്രിസ്തു നമുക്ക് നൽകിയ നിയമത്താലും പരസ്നേഹത്താൽ നാം കടപ്പെട്ടവരാണ്. ക്രിസ്തു അനു യായികളെന്ന നിലയിൽ നാം സ്വീകരിച്ചിരിക്കുന്ന രക്ഷാകര സന്ദേശം മറ്റുള്ളവരുമായി പങ്കുവെയ്ക്കുവാൻ ഈ പരസ്നേഹത്തിന്റെ നിയമം നമ്മെ കടപ്പെടുത്തുന്നു. "നിങ്ങൾ പോയി സകല സൃഷ്ടികളേയും സുവിശേഷം അറിയിക്കുവിൻ'' (MK. 16:15) എന്ന കല്പന ശിഷ്യൻമാർക്കു മാത്രമല്ല എല്ലാവർക്കുമായി നൽകപ്പെട്ടതാണ്. സ്നേഹം കടപ്പെടുത്തുന്ന ഈ കല്പനയിൽ നിന്ന് വിട്ടുനിൽക്കുവാൻ ഒരു ക്രൈസ്തവനും സാധിക്കുകയില്ല. (no.6) പ്രേഷിതപ്രവർത്തനം ത്വരിതപ്പെടുത്തുവാനും ഫലപ്രദമാക്കുവാനുമുള്ള ഏറ്റം ശക്തമായ ഉപാധി പ്രാർത്ഥനയാണ്. വയലിലേയ്ക്ക് വേലക്കാരെ അയയ്ക്കുവാൻ വിളവിന്റെ നാഥനോട് തീക്ഷ്ണമായും നിരന്തരമായും പ്രാർത്ഥിക്കു ന്നത് ഒരു ശീലമാക്കി മാറ്റണം.

ഒന്നാം ലോകമഹായുദ്ധത്തിലൂടെ പ്രേഷിത പ്രവർത്തനത്തിനേറ്റ തിരിച്ചടി പരിശുദ്ധ പിതാവ് സൂചിപ്പിക്കുന്നുണ്ട്. ഇതിന് പരിഹാരം ചെയ്യു വാൻ ദൈവവിളികളെ പ്രോത്സാഹിപ്പിക്കാനും ലഭിച്ച വിളികൾ നഷ്ട പ്പെടാതെ സൂക്ഷിക്കാനും ഏറെ ശ്രദ്ധിക്കേണ്ടതുണ്ട്. വിശ്വാസപ്രഘോ ഷണം ലക്ഷ്യമാക്കി സ്ഥാപിതമായിരിക്കുന്ന പ്രേഷിതസംഘ (Missionary Union) ത്തിന്റെ പ്രവർത്തനത്തെ വ്യാപിപ്പിക്കുവാനും മാർപ്പാപ്പ ഉപദേശിക്കുന്നു.

ഈ ചാക്രികലേഖനത്തിൽ പരി. പിതാവ് വളരെ പ്രാധാന്യം കൊടുത്ത് പറയുന്ന ഒരു വസ്തുതയാണ് തദ്ദേശീയ പ്രേഷിതരെ രൂപ പ്പെടുത്തുക എന്നത്. പ്രേഷിതപ്രവർത്തനത്തിന്റെ കാര്യക്ഷമതയ്ക്കും

വളർച്ചയ്ക്കും അതാതു സ്ഥലങ്ങളിൽ നിന്നുള്ള പ്രേഷിതരെ രൂപപ്പെടുത്തി എടുക്കേണ്ടതുണ്ട്. അപ്പസ്തോല നടപടികളിലെ മാതൃകയിൽ പുതുതായി രൂപം കൊള്ളുന്ന ക്രൈസ്തവ സമൂഹങ്ങളിൽ അവരുടെയിടയിൽ നിന്നു തന്നെ നേതാക്കൾ രൂപപ്പെട്ടുവരേണ്ടതുണ്ട്. തദ്ദേശീയ ഭാഷയും സംസ്ക്കാരവും സ്വന്തമായിട്ടുള്ളവർ വേണം പുതിയ സമൂഹങ്ങൾക്ക് വിശ്വാസ പരിശീലനം നൽകുവാൻ (no. 21). വിദേശീയ പ്രേഷിതരേക്കാൾ വളരെ എളുപ്പത്തിൽ സ്വന്തം ജനങ്ങളേയും അവരുടെ പാരമ്പര്യങ്ങളേയും മനസ്സിലാക്കുവാൻ നാട്ടുകാരായ മിഷനറിമാർക്ക് സാധിക്കും. അതിനായി മാർപ്പാപ്പ നിർദ്ദേശിക്കുന്ന മാർഗ്ഗം പ്രേഷിതപ്രദേശങ്ങളിൽ വൈദിക പരിശീലനകേന്ദ്രങ്ങൾ സ്ഥാപിച്ച് ആവുന്നത്ര തദ്ദേശീയ വൈദികരെ രൂപപ്പെടുത്തിയെടുക്കുക എന്നതാണ്.

തദ്ദേശീയ സന്യാസ സമൂഹങ്ങൾ സ്ഥാപിച്ച് അവരുടെ പ്രാർത്ഥനയും ത്യാഗവും ജീവിതമാതൃകയും വഴി പ്രേഷിത പ്രവർത്തനത്തെ ത്വരിതപ്പെടുത്തണം (no 27).

പുതുതായി രൂപംകൊള്ളുന്ന ക്രൈസ്തവസമൂഹങ്ങളിൽ നിന്നും നേതൃത്വഗുണങ്ങളുള്ള ഉപദേശികളെ (Catechists) പരിശീലനം നൽകി നിയോഗിക്കുന്നത് ഏറെ സഹായകരമായിരിക്കും. ധ്യാനാധിഷ്ഠിതമായ (Contemplative) സന്യാസസമൂഹങ്ങൾക്ക് അവരുടെ പ്രാർത്ഥനയിലൂടെയും പരിത്യാഗത്തിലൂടെയും അനേകരെ ക്രൈസ്തവ വിശ്വാസത്തിലേയ്ക്ക് ആനയിക്കുവാൻ സാധിക്കും.

ക്രിസ്തു തന്റെ പരസ്യജീവിതത്തിൽ രോഗികളെ സുഖപ്പെടുത്തുകയും ആതുരരെ ആശ്വസിപ്പിക്കുകയും ചെയ്ത് അനേകരെ യഥാർത്ഥ വിശ്വാസത്തിലേയ്ക്ക് ആകർഷിച്ചതുപോലെ നമ്മൾ വ്യക്തിപരമായും സ്ഥാപനങ്ങളിലൂടെയും പരോപകാര പ്രവർത്തികൾ ചെയ്തും അക്രൈസ്തവരെ വിശ്വാസത്തിലേയ്ക്ക് നയിക്കാൻ പരിശ്രമിയ്ക്കണം.

പട്ടണങ്ങളിൽ വലിയ ദേവാലയങ്ങളും പൊതുസ്ഥാപനങ്ങളും നിർമ്മിച്ച് നമ്മുടെ പ്രവർത്തനം പട്ടണത്തിലുള്ള സമ്പന്നരുടെ ഇടയിൽ ഒതുങ്ങിപ്പോകാതെ ചെറിയ സ്ഥാപനങ്ങൾ ഗ്രാമങ്ങളിൽ നിർമ്മിച്ച് വചനത്തിന്റെ സന്ദേശം ഉൾപ്രദേശങ്ങളിലേയ്ക്ക് എത്തിക്കുവാൻ നാം ഏറെ ശ്രദ്ധിക്കേണ്ടതുണ്ട്. ഒരേ ലക്ഷ്യത്തോടുകൂടി പ്രവർത്തിക്കുന്ന സന്യാസസമൂഹങ്ങളും തിരുസ്സഭയുടെ ഘടകങ്ങളും ഐക്യപ്പെട്ട് പ്രവർത്തിച്ചാൽ പല സ്ഥലങ്ങളിലും പ്രേഷിത പ്രവർത്തനം കൂടുതൽ ഫലപ്രദമാക്കാം. മാനസാന്തരപ്പെട്ട് ക്രിസ്തുവിലേയ്ക്കും സഭാസമൂഹ

ത്തിലേയ്ക്കും വരാത്തവരെക്കുറിച്ചുള്ള ആകുലതയും, ഈ സാഹചര്യത്തിൽ ഫലപ്രദമായി പ്രേഷിതപ്രവർത്തനം നടത്തുവാനുള്ള മാർഗ്ഗങ്ങളുമാണ് ഈ ചാക്രികലേഖനത്തിൽ നാം കാണുന്നത്.

**ഫാ. ജോർജ്ജ് കിഴക്കേമുറി MCBS**

## ഉജ്ജയിൻ രൂപതാ ബിഷപ്പ് മാർ സെബാസ്റ്റ്യൻ വടക്കേൽ മാനന്തവാടി രൂപതയിൽ

പ്രേഷിത വർഷാചരണത്തിന്റെ ഭാഗമായി പ്രേഷിത വർഷത്തിന്റെ സെന്ററൽ ഓർഗനൈസിംഗ് കമ്മിറ്റി ചെയർമാനും ഉജ്ജയിൻ രൂപതാ മെത്രാനുമായ മാർ സെബാസ്റ്റ്യൻ വടക്കേൽ മാനന്തവാടി രൂപതയിലെ ചില ദേവാലയങ്ങൾ സന്ദർശിക്കുന്നു. 2012 ജനുവരി 1, 2, 3, 4 തീയതികളിലാണ് പിതാവ് സന്ദർശനം നടത്തുന്നത്. ജനുവരി 1-ന് ചെറുകാട്ടൂർ ഇടവകയിലും ജനുവരി 2-ന് പോരൂർ ഇടവകയിലും ജനുവരി 3-ന് തെനേരി ഇടവകയിലും, ജനുവരി 4-ന് അമ്പലവയൽ ഇടവകയിലും പിതാവ് വി. കുർബാനയർപ്പിച്ച് സന്ദേശം നൽകുകയും ചെയ്യുന്നതാണ്. 'മിഷൻസന്ധ്യ' എന്ന് പേരിട്ടിരിക്കുന്ന ഈ പ്രോഗ്രാമിലേയ്ക്ക് അയൽ ഇടവകകളിൽ നിന്നും ആളുകളെ പറഞ്ഞുവിടുന്നത് നല്ലതായിരിക്കും.

## മിഷൻ പ്രദേശങ്ങളിൽ സേവനം ചെയ്യാൻ അവസരം

പ്രേഷിത വർഷാചരണത്തിന്റെ ഭാഗമായി മിഷൻപ്രദേശങ്ങളിൽ പോയി സേവനം ചെയ്യാൻ താത്പര്യമുള്ളവർക്ക് അവസരം. ഒറ്റയ്ക്കോ, കൂട്ടായോ കുറഞ്ഞത് ഒരാഴ്ചയെങ്കിലും സേവനം ചെയ്യേണ്ടതാണ്. ആതുരാലയങ്ങൾ, വില്ലേജുകൾ തുടങ്ങിയവ കേന്ദ്രീകരിച്ചാണ് സേവനം ചെയ്യേണ്ടത്. ആന്ധ്ര, കർണ്ണാടക, ഉജ്ജയിൻ തുടങ്ങിയ സ്ഥലങ്ങളിൽ സാധ്യതയുണ്ട്. താത്പര്യമുള്ളവർ രൂപതാ കോഡിനേറ്ററുമായി ബന്ധപ്പെടുക. പോകുന്നവർ യാത്രക്കൂലി സ്വയം വഹിക്കേണ്ടതാണ്.

**ഫാ. ടോമി പുത്തൻപുരയ്ക്കൽ**

പ്രേഷിതവർഷം രൂപതാ കോർഡിനേറ്റർ

## പ്രേഷിതവർഷാചരണം - മണിമൂളി ഇടവകയിൽ

പ്രേഷിതവർഷത്തോടനുബന്ധിച്ച് മണിമൂളി ക്രൈസ്റ്റ് ദ കിങ്ങ് ഇടവകയിൽ ഒക്ടോബർ 25-ന് മിഷൻ സന്ധ്യ നടത്തി. വൈകുന്നേരം 5 മണിക്ക് വി. കുർബാനയോടാരംഭിച്ച മിഷൻസന്ധ്യ ആഘോഷത്തിൽ ഇടവകജനങ്ങളും 250 ഓളം മിഷൻലീഗ് അംഗങ്ങളും പങ്കെടുത്തു. വി. കുർബാനയ്ക്കുശേഷം ദീപാലംകൃതമായ പള്ളിയങ്കണത്തിൽ എല്ലാവരും ഒരുമിച്ചുചേർന്ന് മിഷൻമുദ്രാവാക്യങ്ങൾ മുഴക്കുകയും മിഷൻ

ആന്തം ആലപിക്കുകയും ചെയ്തു. തുടർന്നു നടന്ന ക്ലാസ്സുകൾക്ക് സി.എം.എൽ. രൂപതാ ടീം അംഗം ശ്രീ. ബിജു ചിറ്റേടത്ത് നേതൃത്വം നൽകി. മിഷൻ തീക്ഷണതയിൽ വളരേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചും സഭയുടെ പ്രേഷിതദർശനത്തെക്കുറിച്ചും ക്ലാസ്സുകളിൽ ചർച്ച ചെയ്തു. അത്താഴത്തിനുശേഷം അംഗങ്ങൾ ഒരുമിച്ചുചേർന്ന് ആനുകാലിക സംഭവങ്ങൾ അടിസ്ഥാനമാക്കിയുള്ള കലാപരിപാടികൾ വിവിധ ഗ്രൂപ്പുകളിൽ അവതരിപ്പിച്ചു. തുടർന്നു നടന്ന 'Camp fire' ൽ അംഗങ്ങൾ ഉത്സാഹത്തിമിർപ്പോടെ പങ്കുചേർന്നു. മിഷൻപ്രദേശത്ത് സഹനങ്ങൾ ഏറ്റുവാങ്ങുന്ന മിഷനറിമാരോടുള്ള ഐക്യദാർഢ്യം പ്രഖ്യാപിച്ചുകൊണ്ട് അംഗങ്ങൾ സ്കൂളിലെ മരബെഞ്ചുകളിൽ കിടന്നുറങ്ങി. രാവിലെ 6.45-ന് വി. കുർബാനയോടുകൂടി പരിപാടികൾ സമാപിച്ചു. കൈക്കാരന്മാർ, മതബോധനാധ്യാപകർ, മിഷൻലീഗ് ഭാരവാഹികൾ തുടങ്ങിയവർ നേതൃത്വം നൽകി.

**വെരി. റവ. ഫാ. ജോസ് തേക്കനാടിയിൽ**

## മണിമൂളി-നിലമ്പൂർ കൺവെൻഷൻ

2011 ഡിസംബർ 26, 27, 28, 29, 30 തീയതികളിൽ ബഹു. സേവ്യർ ഖാൻ വട്ടായിലച്ചന്റെ നേതൃത്വത്തിൽ മണിമൂളി ക്രിസ്തുരാജാ ഫൊറോനാ ദേവാലയാങ്കണത്തിൽ വെച്ച് രാവിലെ 9 മുതൽ വൈകുന്നേരം 5 വരെ കൺവെൻഷൻ നടത്തപ്പെടുന്നു.

**ഫാ. ബിജു ഉറുമ്പിൽ**
റീജണൽ സെക്രട്ടറി

# മൈനർ സെമിനാരി വാർത്തകൾ

താമരശ്ശേരി അൽഫോൻസാ മൈനർ സെമിനാരിയിൽ വച്ച് നവംബർ മാസം 16-ാം തീയതി നടന്ന ഓൾ കേരളാ ഇന്റർ മൈനർ സെമിനാരി ബൈബിൾ ക്വിസ് മത്സരത്തിൽ നമ്മുടെ മൈനർ സെമിനാരി രണ്ടാം സ്ഥാനവും രണ്ടായിരത്തിരണ്ട് രൂപ ക്യാഷ് അവാർഡും കരസ്ഥമാക്കി. മൗണ്ട് മേരി കോളേജിനെ പ്രതിനിധീകരിച്ച് മത്സരത്തിൽ പങ്കെടുക്കുകയും വിജയികളാവുകയും ചെയ്ത ബ്ര. ക്രിസ്റ്റി മറ്റത്തിലാനിക്കും, ബ്ര. റിജോസ് അരുമാച്ചലിനും അനുമോദനങ്ങളും ആശംസകളും അർപ്പിക്കുന്നു.

**ഫാ. തോമസ് കച്ചിറയിൽ**
റെക്ടർ

## മതബോധനരംഗം

### ക്രിസ്തുമസ് ആശംസകൾ

സർവ്വജനത്തിനുമുള്ള സദ്വാർത്തയായിരുന്നു രക്ഷകന്റെ ജനന വാർത്ത അറിയിച്ച മാലാഖയുടെ സന്ദേശത്തിന്റെ ഉള്ളടക്കം. മനുഷ്യ രോടുള്ള ദൈവത്തിന്റെ സ്നേഹം അവിടുത്തെ തിരുപ്പിറവിയിൽ നാം മനസ്സിലാക്കുന്നു. ഈ രക്ഷയുടെ സന്ദേശം എല്ലാ മനുഷ്യരിലും എത്ത ണമെന്നും അതിന്റെ പൂർണ്ണതയിൽ എല്ലാവരും ദൈവത്തിൽ എത്തി ച്ചേരണമെന്നും ദൈവം ആഗ്രഹിക്കുന്നു. നമ്മുടെ വിശ്വാസ പരിശീലന ക്ലാസ്സുകളിലൂടെ കൈമാറേണ്ടത് ഈ രക്ഷയുടെ സന്ദേശമാണ്; അത് ജീവിതത്തിൽ പ്രായോഗികമാക്കുവാനുള്ള പരിശീലനവും ക്രിയാത്മ കമായി നടക്കണം. എല്ലാവർക്കും ഈശോയുടെ പിറവിതിരുനാളിന്റെ ആശംസകൾ.

### അർദ്ധവാർഷിക പരീക്ഷ

ഡിസംബർ 11-ന് നമ്മൾ ക്രമീകരിച്ചിരിക്കുന്ന കുട്ടികളുടെ അർദ്ധ വാർഷിക പരീക്ഷയ്ക്ക് അവരെ നന്നായി ഒരുക്കുവാൻ അധ്യാപകർ ശ്രദ്ധിക്കുമല്ലോ.

### ചോദ്യപേപ്പർ

ഡിസംബർ 9-ന് രാവിലെ 10.00 മുതൽ വൈകുന്നേരം 5.00 വരെ രൂപതാ മതബോധന ഓഫീസിൽ നിന്നും, മാനന്തവാടി സെന്റ് ജോസഫ്സ് ബുക്ക് സ്റ്റാളിൽ നിന്നും (മാനന്തവാടി, പയ്യംമ്പള്ളി, ചുങ്കക്കുന്ന് ഫൊറോനകളിലെ പള്ളികളുടേത് മാത്രം ബുക്കുസ്റ്റാളിൽ) ചേദ്യപേപ്പർ എടുക്കേണ്ടതാണ്.

### DCC കുട്ടികളുടെ പരീക്ഷ

DCC പരിശീലനം നടത്തുന്ന കുട്ടികളുടെ എല്ലാവരുടെയും പരീക്ഷ ദ്വാരക പാസ്റ്ററൽ സെന്ററിൽ ഡിസംബർ 26-ന് 10 മണി മുതൽ

2.00 മണിവരെയുള്ള സമയത്ത് ക്രമീകരിച്ചിരിക്കുന്നു. പഠിതാക്കൾ കൃത്യസമയത്ത് നന്നായി ഒരുങ്ങി വരണമെന്ന് ഓർമ്മിപ്പിക്കുന്നു.

## ബഹു. വികാരിയച്ചന്മാരുടെയും പ്രധാനാധ്യാപകരുടെയും സംയുക്ത സമ്മേളനം

ജനുവരി 14-ന് രണ്ടാം ശനിയാഴ്ച രാവിലെ 10.00 മണിമുതൽ ഉച്ചകഴിഞ്ഞ് 2.00 മണിവരെ, ദ്വാരക പാസ്റ്ററൽ സെന്ററിൽ ബഹു. വികാരിയച്ചന്മാരുടെയും, പ്രധാനാധ്യാപകരുടെയും സംയുക്തസമ്മേളനം നടത്തുന്നു. പ്രധാനാധ്യാപകർ പകരക്കാരെ അയയ്ക്കാതെ, സമയത്തിന് മുൻപേ എത്തിച്ചേരുമല്ലോ. വരുമ്പോൾ കുട്ടികളുടെ ചോദ്യപേപ്പറിന്റെ ഈ വർഷത്തെ വില, വിശ്വാസോത്സവത്തിന് അധ്യാപകർക്കുള്ള സഹായിയുടെ വില, ഡിപ്ലോമ (X) സ്കോളർഷിപ്പ് (IV, VII) പരീക്ഷകളുടെ രജിസ്ട്രേഷൻ ഫോറങ്ങൾ എന്നിവ കൃത്യമായും വ്യക്തമായും പൂരിപ്പിച്ച് ഓഫീസിൽ ഏൽപിക്കണം. XI, XII ക്ലാസ്സുകളിലെ കുട്ടികളുടെ പരീക്ഷ ഹാൾടിക്കറ്റ് അന്ന് കൈപ്പറ്റണം.

## ഡിപ്ലോമ, സ്കോളർഷിപ്പ് രജിസ്ട്രേഷൻ ഫോറം

രൂപതയിൽ നിന്നും തന്നിരിക്കുന്ന നിശ്ചിത ഫോറത്തിൽ ഇംഗ്ലീഷ്, വലിയ അക്ഷരത്തിൽ കുട്ടികളുടെ പേരും മറ്റ് വിശദാംശങ്ങളും വ്യക്തമായും കൃത്യമായും എഴുതി അതിന്റെ ഒരു ഫോട്ടോ കോപ്പിയടക്കം 14-ാം തീയതി HM കോൺഫ്രൻസിന് വരുമ്പോൾ ഓഫീസിൽ ഏല്പിക്കണം.

IV, VII ക്ലാസ്സുകളിലെ സ്കോളർഷിപ്പ് പരീക്ഷയ്ക്ക് ഇടവകയിൽ പാദവാർഷിക, അർദ്ധവാർഷിക പരീക്ഷകളിൽ 75% ൽ കൂടുതൽ മാർക്ക് ലഭിച്ച രണ്ടു കുട്ടികളുടെ പേര് മാത്രമേ (കൂടുതൽ ഡിവിഷൻ ഉള്ള ഇടവകയിൽ നിന്നും മറ്റ് രണ്ടുപേരെ കൂടി പങ്കെടുപ്പിക്കാം) നിശ്ചിത ഫോറത്തിൽ (രൂപതയിൽനിന്നും തന്നിരിക്കുന്ന ഫോറം) നൽകാവൂ. പൂരിപ്പിച്ച ഫോമിന്റെ ഒരു ഫോട്ടോ കോപ്പികൂടി ഏല്പിക്കണം.

## HCC, (XI, XII) പരീക്ഷ

ഫെബ്രുവരി 12-ന് നടക്കുന്ന HCC വാർഷിക പരീക്ഷയിൽ പങ്കെടുക്കുവാൻ കുറഞ്ഞത് 80% ഹാജർ കുട്ടികൾക്ക് ഉണ്ടായിരിക്കണം എന്നത് ശ്രദ്ധിക്കുമല്ലോ.

## അധ്യാപക കൺവെൻഷൻ

രൂപതയിൽ 15 വർഷവും അതിന് മുകളിലും വിശ്വാസപരിശീലനരംഗത്ത് സജീവമായി സേവനമനുഷ്ഠിക്കുന്ന അത്മായ അധ്യാപകരുടെ രൂപതാതല കൺവെൻഷൻ ഒക്ടോബർ 30-ന് ദ്വാരക പാസ്റ്റ

റൽ സെന്ററിൽ നടത്തി. പ്രാർത്ഥനയോടെ ആരംഭിച്ച പൊതുയോഗത്തിന് രൂപതാ ഡയറക്ടർ ഫാ. ബെന്നി മുതിരക്കാലായിൽ സ്വാഗതമോതി. രൂപതാ വികാരി ജനറാൾ, ബഹു. മോൺ. മാത്യു മാടപ്പള്ളിക്കുന്നേലച്ചൻ യോഗം ഔപചാരികമായി ഉദ്ഘാടനം ചെയ്തു. അധ്യാപകരുടെ പ്രതിനിധി ശ്രീ. ജോസുകുട്ടി തടത്തിൽ, മണിമൂളി സൺഡേ സ്കൂൾ ഹെഡ്മാസ്റ്റർ ആശംസയർപ്പിച്ചു. രൂപതയുടെ വിശ്വാസപരിശീലന രംഗത്ത് സമഗ്രമായ വളർച്ചയെ ആധാരമാക്കി രൂപത മതബോധന സെക്രട്ടറി ശ്രീ. തോമസ് ഏറണാട്ട് സാർ സംസാരിച്ചത് ഏവർക്കും ചരിത്രത്തിലേയ്ക്ക് ഒരു തിരിഞ്ഞുനോട്ടമായി.

മാനന്തവാടി രൂപതാ മുൻ മതബോധന ഡയറക്ടറും ഇപ്പോൾ മണ്ഡ്യ രൂപതയുടെ ഇടയനുമായ അഭിവന്ദ്യ മാർ ജോർജ് ഞരളക്കാട്ട് പിതാവാണ് കൺവെൻഷനിൽ വിഷയം അവതരിപ്പിച്ച് സംസാരിച്ചത്. പ്രേഷിതഭൂമിയിൽ നിറസാന്നിദ്ധ്യമായ അധ്യാപകരുടെ ജീവിതതലം എപ്രകാരമായിരിക്കണമെന്ന് 2 മണിക്കൂർ നേരത്തെ അദ്ദേഹത്തിന്റെ ക്ലാസിൽ നിന്നും ഏവർക്കും ബോധ്യമായി.

ഉച്ചകഴിഞ്ഞ് നമ്മുടെ പിതാവ് അഭിവന്ദ്യ മാർ ജോസ് പൊരുന്നേടം പിതാവ് അധ്യാപകർക്ക് വേണ്ടി വി. കുർബാനയർപ്പിച്ച് വചനസന്ദേശം നൽകി. പ്രേഷിതന്റെ കടമ അധ്യാപകരിലൂടെ നിറവേറ്റപ്പെടേണ്ടതിന്റെ ആവശ്യകത അദ്ദേഹം എടുത്തുപറഞ്ഞു. വചനത്തിന്റെ പ്രാധാന്യവും കൂദാശ ജീവിതത്തിന്റെ കരുത്തും അധ്യാപകന്റെ സമ്പത്താണ്. അധ്യാപകർ രൂപതയ്ക്ക് നൽകുന്ന സേവനങ്ങളെ പ്രത്യേകം പ്രശംസിച്ച പിതാവ് അവരെ അനുമോദിക്കുകയും ചെയ്തു. രൂപതാ മതബോധന ടീം അംഗങ്ങളായ ശ്രീ. ജോർജ്ജ് നാക്കുഴിക്കാട്ട്, ശ്രീ. വർക്കി നിരപ്പേൽ, സി. അനിത സി.എം.സി. എന്നിവർ വ്യത്യസ്തഘട്ടങ്ങളിൽ നന്ദിയർപ്പിച്ചു. പങ്കെടുത്തവർക്കും അവരെ പറഞ്ഞയച്ച വികാരിയച്ചൻമാർക്കും, നേതൃത്വം നൽകിയ രൂപതാ ടീം അംഗങ്ങൾക്കും പ്രത്യേകം നന്ദി.

**ആദരാഞ്ജലി**

മൂന്നു വർഷക്കാലം (2007-2010) രൂപതാ മതബോധന ഓഫീസിൽ സെക്രട്ടറിയായിരുന്ന സി. ശാലിനി എഫ്.സി.സി., രോഗബാധിതയായി ചികിത്സയിലായിരുന്ന കാര്യം അറിഞ്ഞിരുന്നല്ലോ. നവംബർ 8-ാം തീയതി സിസ്റ്റർ നിത്യസമ്മാനത്തിനായി ദൈവസന്നിധിയിലേക്ക് വിളിക്കപ്പെട്ടു.

രൂപതാ മതബോധനരംഗത്ത് അർപ്പണബോധത്തോടെ തന്റെ ശുശ്രൂഷ ചെയ്ത സി. ശാലിനിയെ ആദരവോടെയും അതിലേറെ

സ്നേഹത്തോടെയും അനുസ്മരിക്കുന്നു. നമ്മുടെ പ്രാർത്ഥനകളിൽ സി. ശാലിനിയെ ഓർക്കാം.

## നടവയൽ ഫൊറോന സാഹിത്യമത്സര വിജയികൾ

**അധ്യാപകർ - ഉപന്യാസം**

| | | |
|---|---|---|
| I | ജെയിംസ് വടക്കേക്കുടി | വിളമ്പുകണ്ടം |
| II | ജോസഫ് മാനുവൽ പുത്തൻപുരയിൽ | നടവയൽ |
| III | സി. വിമൽറോസ് FCC | പറളിക്കുന്ന് |

**കവിത**

| | | |
|---|---|---|
| I | മിന്നി കദളിക്കുന്നേൽ | ചെറുകാട്ടൂർ |
| II | വൽസ വരിക്കാനയിൽ | വിളമ്പുകണ്ടം |
| III | ശ്രുതി തറപ്പേൽ | അരിഞ്ചേർമല |

**ചെറുകഥ**

| | | |
|---|---|---|
| I | സി. ജാൻസി FCC | അരിഞ്ചേർമല |
| II | ലിൻ്റ തേമാംകുഴി | ചെറുകാട്ടൂർ |
| III | ഭാഗ്യ സ്രാമ്പിക്കൽ | അരിഞ്ചേർമല |

**കുട്ടികൾ - ഉപന്യാസം**

| | | |
|---|---|---|
| I | ഗോഡ്‌വിൻ താന്നിക്കാലയിൽ | പറളിക്കുന്ന് |
| II | ആതിര കുന്നുമ്മേൽ | ചെറുകാട്ടൂർ |
| III | മിന്നു സൈമൺ | നടവയൽ |

**ചെറുകഥ**

| | | |
|---|---|---|
| I | നീനു കല്ലക്കാട്ട് | ചെറുകാട്ടൂർ |
| II | ലെജി പുളിക്കൽ | പറളിക്കുന്ന് |
| III | ജിദിയ പറയ്ക്കൽ | നടവയൽ |

**കവിത**

| | | |
|---|---|---|
| I | ഡെൽന നെടുംചിറ | പറളിക്കുന്ന് |
| II | ഗ്ലാഡ്‌വിൻ വടക്കേക്കുടി | വിളമ്പുകണ്ടം |
| III | നീതു കപ്പലുമാക്കൽ | അരിഞ്ചേർമല |

## നിറക്കൂട്ട് 2011

**1-ാം ക്ലാസ്**

| | | |
|---|---|---|
| I | ദിയ വടക്കേക്കുടിക്കാട്ട് | വാളവയൽ |
| II | ആൻമരിയ ജോൺ കല്ലറയ്ക്കൽ | വാളവയൽ |
| III | അലക്സ് ബാബു പുതുക്കാട്ട് | കേണിച്ചിറ |
| III | ഡയന ചെട്ടിയാങ്കൽ | കേണിച്ചിറ |

**2-ാം ക്ലാസ്**

| | | |
|---|---|---|
| I | മഞ്ജിമ കുളത്തിങ്കൽ | ചെറുകാട്ടൂർ |
| I | ആൻമരിയ കല്ലുങ്കൽ | നടവയൽ |

| | | |
|---|---|---|
| II | ആഗ്നസ് മഠത്തിക്കുന്നേൽ | ചെറുകാട്ടൂർ |
| III | ജെറി ജോസഫ് വേങ്ങച്ചുവട്ടിൽ | ചുണ്ടക്കര |

**3–ാം ക്ലാസ്**

| | | |
|---|---|---|
| I | ഷാൽവിൻ കളപ്പുരയ്ക്കൽ | നടവയൽ |
| II | അവ്യ മൂലാശ്ശേരി | വിളമ്പുകണ്ടം |
| III | ബിബിൻ നാട്ടുവഴിപറമ്പിൽ | ചുണ്ടക്കര |

**4–ാം ക്ലാസ്**

| | | |
|---|---|---|
| I | നീമ ബാബു മാക്കിയിൽ | വിളമ്പുകണ്ടം |
| II | ദിയ വാക്കാട്ടയിൽ | ചെറുകാട്ടൂർ |
| III | ലിബിന മംഗലത്ത് | പറളിക്കുന്ന് |

**5–ാം ക്ലാസ്**

| | | |
|---|---|---|
| I | ബിനറ്റ് ബാബു പുതുശ്ശേരി | നടവയൽ |
| II | ബിനിൽ ജോയ് പാറേക്കാട്ടിൽ | നടവയൽ |
| III | ജിസ് ജോർജ് മൈലപ്പറമ്പിൽ | നടവയൽ |

**6–ാം ക്ലാസ്**

| | | |
|---|---|---|
| I | ആൽബർട്ട് സാബു കുഴികണ്ടത്തിൽ | നടവയൽ |
| II | അനിറ്റ ആഗ്നസ് കാരിക്കൂട്ടത്തിൽ | കേണിച്ചിറ |
| III | ഹെയ്സൻ ഡേവിഡ് കുഴിമുള്ളിൽ | ചെറുകാട്ടൂർ |

**7–ാം ക്ലാസ്**

| | | |
|---|---|---|
| I | ഡോൺ വെണ്ണായപ്പള്ളിൽ | നടവയൽ |
| II | തേജ ഡൊമിനിക്ക് പുത്തുക്കാട്ട് | കേണിച്ചിറ |
| III | അനന്തിന ടോമി | ചെറുകാട്ടൂർ |

**8–ാം ക്ലാസ്**

| | | |
|---|---|---|
| I | ആകാശ് പാലംപറമ്പിൽ | പറളിക്കുന്ന് |
| II | ജയ്ബിൻ പങ്കോട്ട് | അരിഞ്ചേർമല |
| III | പ്രിൻസ് വാഴയിൽ | അരിഞ്ചേർമല |

**9–ാം ക്ലാസ്**

| | | |
|---|---|---|
| I | അബിൻ സാബു കുഴികണ്ടത്തിൽ | നടവയൽ |
| II | നോയൽ തോമസ് കുമ്പളക്കുഴി | വിളമ്പുകണ്ടം |
| III | അക്ഷയ് കദളിക്കാട്ടിൽ | വിളമ്പുകണ്ടം |

**10–ാം ക്ലാസ്**

| | | |
|---|---|---|
| I | മെൽബിൻ വടക്കേക്കുടിയിൽ | വിളമ്പുകണ്ടം |
| II | ജെനിറ്റ ജെയിൻ പുത്തുക്കാട്ട് | കേണിച്ചിറ |
| III | അന്നമരിയ കാരിക്കൂട്ടത്തിൽ | കേണിച്ചിറ |

**11–ാം ക്ലാസ്**

| | | |
|---|---|---|
| I | ഡാനറ്റ് വെണ്ണായപ്പിള്ളിൽ | നടവയൽ |
| II | ജോസ്ന കുളത്തിങ്കൽ | ചെറുകാട്ടൂർ |

**12-ാം ക്ലാസ്**

| | | |
|---|---|---|
| I | ഗ്ലാഡ്‌വിൻ വടക്കേക്കുടിയിൽ | വിളമ്പുകണ്ടം |

**അധ്യാപകർ**

| | | |
|---|---|---|
| I | സി. ടെസ്സിമരിയ C.M.C. | കേണിച്ചിറ |
| II | ജോളി വടക്കേക്കുടിയിൽ | വിളമ്പുകണ്ടം |
| III | മാത്യു കുന്നത്ത് | കേണിച്ചിറ |

നടവയൽ ഫൊറോന മതാധ്യാപക സംഗമം 2011 ഡിസംബർ 18-ാം തീയതി ഞായറാഴ്ച രാവിലെ 9.30 മുതൽ 4.30 വരെ ചുണ്ടക്കര പള്ളിയിൽ നടത്തപ്പെടുന്നു. അധ്യാപകർ കൃത്യസമയത്ത് തന്നെ സംഗമത്തിന് എത്തിച്ചേരാൻ ശ്രദ്ധിക്കണം.

**ഫാ. ബെന്നി മുതിരക്കാലായിൽ**
മതബോധന ഡയറക്ടർ

# ബൈബിൾ അപ്പോസ്തലേറ്റ്

**2011 ലോഗോസ് ക്വിസിന്റെ വിജയികൾ**

ഈ വർഷത്തെ ലോഗോസ് ക്വിസിന്റെ വിജയികൾക്കുള്ള സമ്മാനദാനം ഡിസംബർ 15-ാം തീയതി ദ്വാരക പാസ്റ്ററൽ സെന്ററിൽ ചേരുന്ന മാതൃസംഘം ജനറൽ ബോഡി യോഗത്തിൽ വെച്ച് നിർവ്വഹിക്കുന്നതാണ്.

**പ്രത്യേക ശ്രദ്ധയ്ക്ക്**

(1) C, D, E ഗ്രൂപ്പുകളിൽ ഏറ്റവും അധികം മാർക്ക് ലഭിച്ചിരിക്കുന്ന മാതൃസംഘടനാ പ്രവർത്തകരായ മൂന്ന് അമ്മമാരുടെ പേരുകൾ ഡിസംബർ 10-ാം തീയതിയ്ക്ക് മുമ്പായി ഓഫിസിൽ എത്തിക്കണം പേരുകളോടൊപ്പം അംഗത്വകാർഡിന്റെ നമ്പർ കൂടി ചേർക്കണം.

(2) ഏറ്റവും കൂടുതൽ മാർക്ക് ലഭിക്കുന്ന കുടുംബത്തിന് (Five Members, Six Members/or More Members): ഒരു കുടുംബത്തിൽ നിന്നും പരീക്ഷ എഴുതിയിരിക്കുന്ന (പരീക്ഷ എഴുതാൻ പ്രായമായ എല്ലാവരും) അംഗങ്ങളുടെ എല്ലാവരുടേയും മാർക്കുകൾ ഒരുമിച്ച് കൂട്ടി 05/06/or More എന്ന ഗണത്തിൽ ഏറ്റവും കൂടുതൽ മാർക്ക് ലഭിക്കുന്ന മൂന്ന് കുടുംബങ്ങൾക്ക് സമ്മാനം. പരീക്ഷ എഴുതാൻ പ്രായമായ (ആദ്യ കുർബ്ബാന കഴിഞ്ഞ) അംഗങ്ങളിൽ ഒരാൾ പരീക്ഷ എഴുതാതിരുന്നാലും ആ കുടുംബത്തെ അംഗങ്ങളുടെ എണ്ണമനുസരിച്ചുള്ള ഗ്രൂപ്പിലായിരിക്കും കൂട്ടുക. (06 അംഗങ്ങൾ പരീക്ഷ എഴുതാവുന്ന കുടുംബത്തിൽ നിന്നും 5 പേർ പരീക്ഷ എഴുതിയാൽ അവരുടെ മാർക്ക് കൂട്ടുന്നത് 600-ൽ ആയിരിക്കും 500 -ൽ ആയിരിക്കില്ല).

ഈ വിഭാഗങ്ങളിൽപ്പെട്ട കുടുംബങ്ങൾ ഇടവകയിൽ നിന്നും ഉണ്ടെങ്കിൽ അവരുടെ പേര് വിവരം ഡിസംബർ 10-ാം തീയതിയ്ക്ക് മുമ്പായി ഓഫീസിൽ എത്തിക്കണം. ആ ലിസ്റ്റിൽ കുടുംബത്തിൽ നിന്നു പരീക്ഷയെഴുതിയിരിക്കുന്ന ഒരോ അംഗത്തിന്റെ പേരും പ്രായവിഭാഗവും മാർക്കും ചേർത്തിരിക്കണം.

**ഫാ. ഡെന്നീസ് കഴുതാടിയിൽ**

ഡയറക്ടർ, ബൈബിൾ അപ്പോസ്റ്റലേറ്റ്

# ചെറുപുഷ്പ മിഷൻലീഗ്

പ്രിയ മിഷൻലീഗ് അംഗങ്ങളെ,

ശാന്തിയുടെയും സമാധാനത്തിന്റെയും ദൂതുമായി ഒരിക്കൽക്കൂടി ക്രിസ്തുമസ് ആഗതമാകുന്നു. ആംഗലേയകവി അലക്സാണ്ടർ പോപ്പ് പാടിയതുപോലെ "ആയിരമായിരം ഉണ്ണിമിശിഹാ ആയിരമായിരം ബത്‌ലഹേമിൽ ജനിച്ചാലും അവിടുന്ന് എന്റെ ഹൃദയത്തിൽ ജനിക്കുന്നില്ലെങ്കിൽ എനിക്കൊന്നുമില്ല". ഡിസംബർ മാസത്തിൽ നക്ഷത്രവിളക്കുകളും പുൽക്കൂടുകളും കൊണ്ട് നമ്മുടെ ഭവനങ്ങൾ അലങ്കരിക്കുന്നതുപോലെ സുകൃതങ്ങൾക്കൊണ്ടും പുണ്യ പ്രവർത്തികൾകൊണ്ടും നമ്മുടെ ആത്മശരീരങ്ങളെ വിശുദ്ധീകരിക്കാം. അവിടുന്ന് നമ്മുടെ ഹൃദയത്തിൽ പിറവിയെടുക്കട്ടെ. ഈശോ പിതാവിനാൽ അയയ്ക്കപ്പെട്ടതുപോലെ ഓരോ മിഷൻലീഗ് അംഗവും അയയ്ക്കപ്പെട്ടവനാണ്. ഭൂമിയുടെ അതിർത്തികൾവരെ അവിടുത്തേയ്ക്ക് സാക്ഷ്യം വഹിക്കാൻ ഈ പ്രേഷിതവർഷത്തിലെ നോമ്പുകാലത്തിൽ പ്രേഷിതപ്രവർത്തനങ്ങളുടെ വിജയത്തിനുവേണ്ടി നമുക്ക് പ്രാർത്ഥിക്കാം. പ്രേഷിതഭൂമിയിലേയ്ക്ക് ഇനിയും ഒത്തിരിയേറെ ദൈവവിളികൾ ഉണ്ടാകുന്നതിനായി പ്രാർത്ഥിക്കാം. എല്ലാവർക്കും ക്രിസ്തുമസ് ആശംസകൾ നേരുന്നു. ഉണ്ണിമിശിഹാ നമ്മെ അനുഗ്രഹിക്കട്ടെ.

ഒരിക്കൽക്കൂടി മാനന്തവാടി രൂപത മിഷൻലീഗിന്റെ സംസ്ഥാന കലോത്സവത്തിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കിയിരിക്കുന്നു. മത്സരത്തിൽ പങ്കെടുത്ത എല്ലാവരെയും സ്നേഹപൂർവ്വം അഭിനന്ദിക്കുന്നു. മത്സരത്തിൽ പങ്കെടുക്കുന്നതിനായി കുട്ടികളെ പറഞ്ഞയച്ച പ്രിയ വികാരിയച്ചൻമാരെയും, സിസ്റ്റേഴ്സിനെയും ഭാരവാഹികളെയും നന്ദിയോടെ

ഓർക്കുന്നു. മിഷൻലീഗിന്റെ മുന്നോട്ടുള്ള പാതയിൽ ഇനിയും സഹകരണം പ്രതീക്ഷിച്ചുകൊണ്ട്

ഒത്തിരി സ്നേഹത്തോടെ,

**സോണിയച്ചൻ**

## സംസ്ഥാന കലോത്സവത്തിൽ ആധിപത്യം സ്ഥാപിച്ച് വീണ്ടും മാനന്തവാടി രൂപത

നവംബർ 12-ാം തീയതി തലശ്ശേരിയിൽ വെച്ചു നടന്ന സംസ്ഥാന ബൈബിൾ കലോത്സവത്തിൽ 447 പോയിന്റ് നേടി മാനന്തവാടി രൂപത തുടർച്ചയായി എട്ടാം തവണയും ചാമ്പ്യൻഷിപ്പ് നേടി. തലശ്ശേരി, കോതമംഗലം രൂപതകൾക്കാണ് യഥാക്രമം രണ്ടും മൂന്നും സ്ഥാനങ്ങൾ. മാനന്തവാടി രൂപതയുടെ വിജയകിരീടത്തിൽ ഒരു പൊൻതൂവൽകൂടി ചാർത്തിയ ഈ വിജയത്തിനു പിന്നിൽ പ്രവർത്തിച്ച ബഹു. വൈദികർ, സിസ്റ്റേഴ്സ്, ശാഖാ മേഖലാ രൂപതാ ഭാരവാഹികൾ മാതാപിതാക്കൾ എന്നിവരെ ഏറെ നന്ദിയോടെ സ്മരിക്കുന്നു. നിരന്തരമായ പരിശീലനത്തിലൂടെ മത്സരവേദിയിലെത്തിയ മുഴുവൻ അംഗങ്ങൾക്കും തന്നെ സമ്മാനങ്ങളും ഗ്രേഡുകളും ലഭിക്കുകയുണ്ടായി. രൂപതയ്ക്ക് ചാമ്പ്യൻഷിപ്പ് നേടിതന്ന എല്ലാ മിഷൻലീഗ് പ്രതിഭകൾക്കും അഭിനന്ദനങ്ങൾ അറിയിക്കുന്നു.

## മിഷൻഞായർ വിഹിതം

വിഹിതങ്ങൾ രൂപതയിൽ ഏൽപ്പിക്കാത്ത ശാഖകൾ എത്രയും പെട്ടെന്നുതന്നെ രൂപതാ കേന്ദ്രത്തിൽ ഏൽപ്പിക്കേണ്ടതാണ്.

## മിഷൻമാസാചരണം

എല്ലാ ശാഖകളിലും തന്നെ മിഷൻമാസാചരണം നന്നായി നടന്നുവെന്ന് കരുതുന്നു. എല്ലാ ശാഖകളും മിഷൻമാസ റിപ്പോർട്ട് രൂപതയിൽ എത്തിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

## അർദ്ധവാർഷിക മാനേജിംഗ് കമ്മിറ്റി

ഡിസംബർ 10-ാം തീയതി ഈ പ്രവർത്തനവർഷത്തിന്റെ അർദ്ധവാർഷിക മാനേജിംഗ് കമ്മിറ്റി ദ്വാരകയിൽ വെച്ച് നടത്തപ്പെടുന്നു. മാനേജിംഗ് കമ്മിറ്റിയിൽ മുഴുവൻ മേഖല ഭാരവാഹികളും പങ്കെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

## ചിൽഡ്രൻസ് മീറ്റ് - ഭരണങ്ങാനം ഡിസംബർ 27 ന്

പ്രേഷിതവർഷത്തോടനുബന്ധിച്ച് ഭരണങ്ങാനത്ത് നടക്കുന്ന ചിൽഡ്രൻസ് മീറ്റിംഗിൽ ശാഖാ അടിസ്ഥാനത്തിലും മേഖലാ അടിസ്ഥാനത്തിലും കുട്ടികളെ പങ്കെടുപ്പിക്കുവാൻ ഭാരവാഹികൾ ശ്രദ്ധിക്കണ

മെന്ന് ഓർമ്മിപ്പിക്കുന്നു. നമ്മുടെ രൂപതയിൽ നിന്ന് പരമാവധി കുട്ടികളെ പങ്കെടുപ്പിക്കുവാൻ ശ്രമിക്കുമല്ലോ. വിശദവിവരങ്ങൾ രൂപതാ കേന്ദ്രത്തിൽ നിന്നും ലഭിക്കുന്നതാണ്.

**ബൈബിൾവാക്യ പഠനമത്സരം**

ഡിസംബർ 31-ന് ദ്വാരക പാസ്റ്ററൽ സെന്ററിൽ വെച്ച് ബൈബിൾ വാക്യ പഠനമത്സരം നടത്തപ്പെടുന്നു. ജൂണിയർ സീനിയർ വിഭാഗത്തിൽ മേഖലയിൽ നിന്നും വിജയിച്ചുവരുന്നവരാണ് രൂപതാ തലത്തിൽ പങ്കെടുക്കേണ്ടത്. എത്രയും പെട്ടെന്ന് മേഖലാതല മത്സരം സംഘടിപ്പിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

**പ്രേഷിത് 2011**

ശാഖാ സെമിനാറും സന്ദർശനവും നിലമ്പൂർ, പുൽപ്പള്ളി, കല്ലോടി മേഖലകളിൽ നടന്നു. രൂപതാ എക്സിക്യൂട്ടീവ് & ടീം അംഗങ്ങൾ നേതൃത്വം നൽകി.

**എയ്ഞ്ചൽ മീറ്റ്**

എയ്ഞ്ചൽ മീറ്റ് നടത്താത്ത മേഖലകൾ എത്രയും പെട്ടെന്ന് നടത്താൻ വേണ്ട ക്രമീകരണങ്ങൾ നടത്തണമെന്ന് അഭ്യർത്ഥിക്കുന്നു.

**ആദരാഞ്ജലികൾ**

മതബോധന ഓഫീസിൽ ഓഫീസ് സെക്രട്ടറിയായി നിസ്തുലമായ സേവനം ചെയ്ത് തന്റെ ഈലോക ദൗത്യം പൂർത്തിയാക്കി നിത്യത പുൽകിയ സി. ശാലിനിക്ക് മാനന്തവാടി ചെറുപുഷ്പ മിഷൻലീഗ് കുടുംബത്തിന്റെ ആദരാഞ്ജലികൾ നേരുന്നു.

**സംസ്ഥാന സാഹിത്യമത്സരത്തിൽ വിജയികൾ**

**ഉപന്യാസം - ആൺകുട്ടികൾ ജൂണിയർ**

| | | |
|---|---|---|
| ബിജോ പൂവത്തോലിക്കുഴി | I A | ചുങ്കക്കുന്ന് |
| ആൽബിൻ വെള്ളരാകുന്നേൽ | B | കാവുംമന്ദം |
| **പെൺകുട്ടികൾ** | | |
| ആഗ്നസ് അഴകനാൽ | B | നെടുംമ്പാല |
| ജാസ്മിൻ കുര്യൻപറമ്പിൽ | A | പാതിരിപ്പാടം |
| **ചെറുകഥ - ആൺകുട്ടികൾ** | | |
| അമൽ കൊല്ലംപറമ്പിൽ | A | പാതിരിപ്പാടം |
| അജി കാട്ടിപറമ്പിൽ | B | മുതിരേരി |
| **പെൺകുട്ടികൾ** | | |
| നീനു പൊന്നോലക്കുന്നേൽ | A | പൂളപ്പാടം |
| ജാസ്മിൻ കച്ചിറയിൽ | C | കല്ലുവയൽ |

**കവിത - ആൺകുട്ടികൾ**

| | | |
|---|---|---|
| ആമോദ് കല്ലറയ്ക്കൽ | IA | ആറാട്ടുതറ |
| ജിഖിൽ എടത്തട്ടേൽ | A | ടൗൺചർച്ച് |
| **പെൺകുട്ടികൾ** | | |
| അഞ്ചു കൂട്ടുങ്കൽ | IA | ആടിക്കൊല്ലി |
| ചെൽസ്യ നരിക്കുന്നേൽ | IIA | കേണിച്ചിറ |
| **സീനിയർ - ഉപന്യാസം - ആൺകുട്ടികൾ** | | |
| ജ്യോതിസ് ഇലഞ്ഞിക്കുഴി | IIIA | കല്ലോടി |
| ലൂയിസ് കിടങ്ങൂക്കാരൻ | A | തോമാട്ടുചാൽ |
| **പെൺകുട്ടികൾ** | | |
| ജോഫിന റാത്തപ്പിള്ളി | A | വെള്ളമുണ്ട |
| അനുമോൾ മോളോത്ത് | A | ആലാറ്റിൽ |
| **ചെറുകഥ - ആൺകുട്ടികൾ** | | |
| ജോർജ്ജ് ഇടമണ്ണിക്കൽ | A | മണിമൂളി |
| ഷിന്റോ പടിഞ്ഞാറയിൽ | B | ആലാറ്റിൽ |
| **പെൺകുട്ടികൾ** | | |
| രേഷ്മ കുഴികണ്ടത്തിൽ | A | മുട്ടിയേൽ |
| സ്റ്റെഫി നെല്ലിക്കുന്നേൽ | IIIA | ആലാറ്റിൽ |
| **കവിത - ആൺകുട്ടികൾ** | | |
| ഷോൺ വേലിയ്ക്കകത്ത് | IA | കൊട്ടിയൂർ |
| അഖിൽ പള്ളിപ്പാട് | IIIA | കല്ലോടി |
| **പെൺകുട്ടികൾ** | | |
| ടീന വട്ടുകുളം | IIIA | തരിയോട് |
| അൽഫോൻസ വെണ്ടർമാലിൽ | B | പയ്യമ്പിള്ളി |
| **സൂപ്പർ സീനിയർ - ഉപന്യാസം - ആൺകുട്ടികൾ** | | |
| കുര്യാച്ചൻ ചിറമുഖം | A | പ്രശാന്തഗിരി |
| വിൽസൺ തേക്കിനാൽ | A | കല്ലോടി |
| **പെൺകുട്ടികൾ** | | |
| ഷീജ കാഞ്ഞിരക്കാട്ട് | IA | കണിയാരം |
| ബിൻസി പിണക്കാട്ട് | B | വഞ്ഞോട് |
| **ചെറുകഥ - ആൺകുട്ടികൾ** | | |
| ബാബു ഞെഴുവൻകാട്ടിൽ | C | മുതിരേരി |
| മധു തറപ്പത്ത് | C | തരിയോട് |
| **പെൺകുട്ടികൾ** | | |
| ലിറ്റി വെണ്ടർമാലിൽ | IA | പുതിയിടംകുന്ന് |
| റോസമ്മ മാന്നാംകിരിയിൽ | A | തെനേരി |

**കവിത - ആൺകുട്ടികൾ**

| | | |
|---|---|---|
| ജിജിൽ കിഴക്കരക്കാട്ട് | IA | കുഞ്ഞോം |
| സിജോ പുതിയിടത്ത് | A | കടൽമാട് |

**പെൺകുട്ടികൾ**

| | | |
|---|---|---|
| ഷീജ കാഞ്ഞിരക്കാട്ട് | IIA | കണിയാരം |
| ലിറ്റി വെണ്ടർമാലിൽ | A | പുതിയിടംകുന്ന് |

**സംസ്ഥാന ബൈബിൾ കലോത്സവത്തിൽ വിജയം കരസ്ഥമാക്കിയവർ**

**സബ്ജൂണിയർ - ലളിതഗാനം - ആൺകുട്ടികൾ**

| | | |
|---|---|---|
| ഗോഡ്‌വിൻ മറ്റത്തിനാലിക്കൽ | B | യവനാർകുളം |
| റൂബൻ പള്ളിക്കാതൊട്ടിയിൽ | B | ചെന്നലോട് |

**പെൺകുട്ടികൾ**

| | | |
|---|---|---|
| ഐറിൻ ഒറവനാംതടത്തിൽ | C | ചുണ്ടക്കര |
| മിന്നു വട്ടപറമ്പിൽ | C | പുതുശ്ശേരിക്കടവ് |

**പ്രസംഗം - ആൺകുട്ടികൾ**

| | | |
|---|---|---|
| മാണി ചെറിയതറപ്പേൽ | B | പുൽപ്പള്ളി |
| സ്കറിയ ഇലഞ്ഞിക്കൽ | B | സീതാമൗണ്ട് |

**പെൺകുട്ടികൾ**

| | | |
|---|---|---|
| അല പള്ളത്ത് | IA | കല്ലോടി |
| മെർലിൻ മരിയ തുമ്പകാനായിൽ | A | പയ്യമ്പിള്ളി |

**ബൈബിൾ വായന - ആൺകുട്ടികൾ**

| | | |
|---|---|---|
| മാണി ചെറിയതറപ്പേൽ | IA | പുൽപ്പള്ളി |
| അരുൺ ചെറാടിയിൽ | B | പാലാങ്കര |

**പെൺകുട്ടികൾ**

| | | |
|---|---|---|
| എലിസബത്ത് ഇടത്തുംപറമ്പിൽ | IA | പുൽപ്പള്ളി |
| ആൻ സെബാസ്റ്റ്യൻ വാരികാട്ട് | IIA | മീനങ്ങാടി |

**ജൂണിയർ - ബൈബിൾ ക്വിസ് - ആൺകുട്ടികൾ**

| | | |
|---|---|---|
| ജിതിൻ ചെറാടിയിൽ | B | പാലാങ്കര |
| പ്രിൻസ് കണ്ണിക്കാട്ട് | IIIB | പൂളപ്പാടം |

**പെൺകുട്ടികൾ**

| | | |
|---|---|---|
| അമൃത ചിറമുഖം | IA | പ്രശാന്തിഗിരി |
| അഞ്ജലി കുളങ്ങര | B | മുതിരേരി |

**ലളിതഗാനം - ആൺകുട്ടികൾ**

| | | |
|---|---|---|
| ജോയേൽ വല്ലയിൽ | IIB | ബത്തേരി |

**പെൺകുട്ടികൾ**

| | | |
|---|---|---|
| ധനുമരിയ തേക്കുംകാട്ടിൽ | IA | ആടിക്കൊല്ലി |
| ജിയ വല്ലയിൽ | A | ബത്തേരി |

**പ്രസംഗം - ആൺകുട്ടികൾ**

| | | |
|---|---|---|
| ആമോദ് കല്ലറയ്ക്കൽ | A | ആറാട്ടുതറ |
| ക്രിസ്റ്റി പഴമ്പള്ളി | C | മീനങ്ങാടി |

**പെൺകുട്ടികൾ**

| | | |
|---|---|---|
| റോസ് മേരി കൊച്ചുതൊട്ടി | IIIA | തലഞ്ഞി |
| ആതിര കുന്നിൻമേൽ | A | ചെറുകാട്ടൂർ |

**സീനിയർ - ആൺകുട്ടികൾ - ലളിതഗാനം**

| | | |
|---|---|---|
| നെവൽരാഗ് പുതിയകുന്നത്ത് | IIA | ബത്തേരി |
| അജിത്ത് മഠത്തിൽ | A | വെള്ളമുണ്ട |

**പെൺകുട്ടികൾ**

| | | |
|---|---|---|
| ഹർഷ ചെരുവിൽ | A | ചോക്കാട് |
| തെരസ് നമ്പുടാകം | A | ചുങ്കക്കുന്ന് |

**ബൈബിൾ ക്വിസ് - ആൺകുട്ടികൾ**

| | | |
|---|---|---|
| ജോസ് വരിക്കപ്ലാക്കൽ | IIB | നിലമ്പൂർ |

**പെൺകുട്ടികൾ**

| | | |
|---|---|---|
| മെർലിൻ കുഴിമുള്ളിൽ | B | കല്ലോടി |
| അനീറ്റ മുണ്ടയ്ക്കൽ | C | കാരയ്ക്കാമല |

**പ്രസംഗം - ആൺകുട്ടികൾ**

| | | |
|---|---|---|
| ടോണി അയ്യാനിക്കാട്ട് | IA | തവിഞ്ഞാൽ |
| സോണിജ് വാരാംകണ്ടത്തിൽ | A | കുഞ്ഞോം |

**പെൺകുട്ടികൾ**

| | | |
|---|---|---|
| ശലഭ കിഴക്കേക്കര | A | ദ്വാരക |
| ഡോണ ഓരത്തേൽ | B | കരിമാനി |

**സൂപ്പർസീനിയർ - ആൺകുട്ടികൾ - ലളിതഗാനം**

| | | |
|---|---|---|
| ഷിനു മഠത്താശ്ശേരി | IA | പ്രശാന്തിഗിരി |
| വിൻസെന്റ് പുത്തൻപുര | A | പുതിയിടംകുന്ന് |

**പെൺകുട്ടികൾ**

| | | |
|---|---|---|
| സ്റ്റെഫി മേപ്പാടത്ത് | IIB | പുതുശ്ശേരിക്കടവ് |
| ബിന്ദു വടയാപറമ്പിൽ | C | തലഞ്ഞി |

**പ്രസംഗം - ആൺകുട്ടികൾ**

| | | |
|---|---|---|
| അനീഷ് ഓമക്കര | IA | കേണിച്ചിറ |
| ബിജോയ് കേളങ്ങാട്ടിൽ | IIA | ആലാറ്റിൽ |

**പെൺകുട്ടികൾ**

| | | |
|---|---|---|
| ജ്യോതിസ് പള്ളത്ത് | III A | നടവയൽ |
| ജോഫീന റാത്തപ്പിള്ളി | B | വെള്ളമുണ്ട |

**ബൈബിൾ ക്വിസ് - ആൺകുട്ടികൾ**

| | | |
|---|---|---|
| പയസ് അരുമായേൽ | I A | ചോക്കാട് |
| കുര്യാച്ചൻ ചിറമുഖം | A | പ്രശാന്തഗിരി |

**പെൺകുട്ടികൾ**

| | | |
|---|---|---|
| നിഷ കൊല്ലംമാട്ടേൽ | I A | മാർട്ടിൻ നഗർ |
| ജോസിയ പിണക്കാട്ട്പറമ്പിൽ | B | മരകാവ് |

സബ്ജൂണിയർ ഗേൾസ്, ജൂണിയർ ഗേൾസ്, സീനിയർ ബോയ്സ്, സൂപ്പർസീനിയർ ബോയ്സ്, സൂപ്പർ സീനിയർ ഗേൾസ് എന്നീ വിഭാഗത്തിൽ ചാമ്പ്യൻഷിപ്പ് കരസ്ഥമാക്കി.

മത്സരങ്ങൾക്കായി കുട്ടികളെ ഒരുക്കിവിട്ട ഡയറക്ടറച്ചൻമാർക്കും ജോ. ഡയറക്ടേഴ്സിനും മത്സരാർത്ഥികൾക്കും രൂപതാ കുടുംബത്തിന്റെ നന്ദിയും അഭിനന്ദനങ്ങളും നേരുന്നു.

## മിഷൻ ഞായർ വിഹിതം തന്ന ശാഖകൾ

ചുള്ളിയാന-600, ഇടയൂർകുന്ന്-100, മക്കിയാട്-180, വാകേരി-100, കണിയാരം-2500, ചെന്നലോട്-1000, ചൂരൽമല-100, ചുള്ളിയോട്-1000, അപ്പപ്പാറ-100, പൂളപ്പാടം -300, വഞ്ഞോട്-500, നെയ്ക്കുപ്പ-200, പുഴമുടി-200, പന്തിപൊയിൽ-150, അമ്പായത്തോട്-1200, മുട്ടിയേൽ-200, കുറ്റിമൂല-500, കുറുമണി-200, ആലാറ്റിൽ-650, പാൽച്ചുരം-1000, ആടിക്കൊല്ലി-1000, കാട്ടികുളം-600, പുതിയിടം-400, മരക്കടവ്-500, പുതിയിടംകുന്ന്-415, മൊതക്കര-500, കേണിച്ചിറ-250.

## പലതുള്ളി തന്ന ശാഖകൾ

പാൽച്ചുരം-200, ചോക്കാട്-500, കൽപ്പറ്റ-350, തേൾപ്പാറ-100, പുഴമുടി-100, വാഴവറ്റ-200, അമരക്കുനി-250, ചാരിറ്റി-50, മരക്കടവ്-110, എടപ്പെട്ടി-145, കബനിഗിരി-150, നെടുമ്പാല-115.

## മേഖലാ വാർത്തകൾ

*മാനന്തവാടി:-* മേഖലാ കലാമത്സരത്തിൽ മുതിരേരി, പോരൂർ, ആലാറ്റിൽ ശാഖകൾ യഥാക്രമം ഒന്നും രണ്ടും മൂന്നും സ്ഥാനം കരസ്ഥമാക്കി.

*പയ്യമ്പിള്ളി:-* സംസ്ഥാന കൗൺസിലിൽ മേഖലാ ഭാരവാഹികൾ പങ്കെടുത്തു. പടമലയിൽ വച്ച് നടന്ന അഖണ്ഡ ജപമാലയിൽ മേഖലാ ഭാരവാഹികൾ പങ്കെടുക്കുകയും 2 മണിക്കൂർ പ്രാർത്ഥിക്കുകയും ചെയ്തു.

*ബത്തേരി:–* എയ്ഞ്ചൽമീറ്റ്, സെമിനാർ എന്നിവ നടത്തി. പ്രേഷിതവർഷ ത്തോടനുബന്ധിച്ച് ഫൊറോനയിലെ വൈദികരെ ആദരിച്ചു.

**ശാഖാ വാർത്തകൾ**

*മീനങ്ങാടി :–* സെപ്റ്റംബർ 7 ന് ഏകദിന സെമിനാർ നടത്തി. പ്രവർത്ത നഫണ്ട് ശേഖരണാർത്ഥം പ്രേഷിത വാഴവിത്ത് വിതരണം ചെയ്തു.

*തെനേരി :–* ധ്യാനം നടത്തി. രോഗീസഹായം 5000/– രാജി എന്ന വിദ്യാർത്ഥിക്ക് നൽകി. 'സദ്‌വാർത്ത' മിഷൻ ബുള്ളറ്റിൻ പുറത്തിറക്കി.

*വിളമ്പുകണ്ടം :–* ഏയ്ഞ്ചൽ മീറ്റിൽ 16 കുട്ടികൾ പങ്കെടുത്തു. ഭവന സന്ദർശനം നടത്തി.

*ചൂരൽമല :–* സിമിത്തേരിയും പൂന്തോട്ടവും വൃത്തിയാക്കി.

*നെടുമ്പാല :–* സി.എം.എൽ. സീനിയേഴ്സ് മേരിലാന്റ് സന്ദർശിച്ചു. അർദ്ധദിന സെമിനാർ നടത്തി.

*മുണ്ടേരി :–* അധ്യാപകദിനം ആചരിച്ചു.

*മക്കിയാട് :–* അധ്യാപകദിനം ആഘോഷിച്ചു. പുതിയ ലൈബ്രറിക്ക് തുടക്കം കുറിച്ചു.

*കൊമ്മയാട് :–* ഓസാനഭവൻ സന്ദർശിച്ചു. 870 രൂപയുടെ പച്ചക്കറികൾ നൽകി.

*ചെന്നലോട് :–* രക്തഗ്രൂപ്പ് നിർണ്ണയ ക്യാമ്പ് നടത്തി. വസ്ത്രവിതരണം, 70 പേർക്ക് എന്നിവ നൽകി. കൊന്ത നിർമ്മാണ പരിശീലനം നൽകി.

*മംഗലശ്ശേരി :–* ബൈബിൾ നേഴ്സറി ഉദ്ഘാടനം ചെയ്തു.

*പാലാങ്കര, അരുൾനിലയം, കബനിഗിരി :–* മിഷൻഞായർ, മിഷൻ റാലി എന്നിവ നടത്തി.

*വെള്ളമുണ്ട :–* ദിവ്യകാരുണ്യത്തിനു മുൻപിൽ ജപമാല നടത്തി.

*ജൂഡ്സ് മൗണ്ട് :–* പള്ളിയും പരിസരവും വൃത്തിയാക്കി. ഡയറക്ടറച്ച ന്റെയും ജോ.ഡയറക്ടറുടെയും നേതൃത്വത്തിൽ പോരൂർ സ്നേഹാലയം സന്ദർശിച്ചു.

*വഞ്ഞോട് :–* സി.എം.എൽ. അംഗങ്ങളുടെ നേതൃത്വത്തിൽ മാതാവിന്റെ രൂപം അലങ്കരിച്ചു. കൊന്തയ്ക്ക് ഒരു ദിവസം നേതൃത്വം നൽകി.

*അപ്പപ്പാറ :–* ഒരു കുടുംബത്തെ ഒരു വർഷത്തേക്ക് അരി നൽകി സഹാ യിക്കുന്ന ഒരു പരിപാടിക്ക് തുടക്കമിട്ടു.

*തോണിച്ചാൽ :–* സി. അനറ്റ് യാക്കോബ് ശ്ലീഹായെപ്പറ്റി ക്ലാസ് എടുത്തു.

*ദീപ്തിഗിരി :–* വചനകൂടാരം, വചനക്വിസ്, ബൈബിൾ പ്രസംഗം, ഭവന സന്ദർശനം എന്നിവ നടത്തി.

*പാലേമാട് :–* ഫാമിലി ബൈബിൾ ക്വിസ് നടത്തി. പള്ളിയും പരിസരവും സിമിത്തേരിയും വൃത്തിയാക്കി.

*മുതിരേരി :–* പ്രേഷിത കനവ് – ഇടവകയിലെ 70 വയസിന് മുകളിലോട്ട് ഉള്ളവരെ വീടുകളിൽ ചെന്ന് ആദരിച്ചു. മധുരപലഹാരം നൽകി.

*ചുങ്കക്കുന്ന് :–* അൾത്താര ബാലദിനത്തിൽ ചിത്രരചന മത്സരം നടത്തി. സീനിയേഴ്സിനായി ഉപന്യാസ മത്സരം നടത്തി.

*നടവയൽ :–* ക്രിസ്റ്റീൻ ധ്യാനം നടത്തി. പനമരം വൃദ്ധഭവൻ, എമ്മാവൂസ് വില്ല, സ്പെഷ്യൽ സ്കൂൾ എന്നിവ സന്ദർശിച്ചു.

*പുഴമുടി :–* മേഴ്സി ഹോം സന്ദർശിച്ചു. 'മിഷനറി നാട്ടിൽ' എന്ന വിഷയത്തെ ആസ്പദമാക്കി ജോഷി പുൽപ്പയിലച്ചൻ ക്ലാസ് എടുത്തു.

*കുറുമണി :–* വി. കൊച്ചുത്രേസ്യായുടെ തിരുനാൾ ആഘോഷിച്ചു.

*ചുള്ളിയാന :–* പ്രേഷിതക്വിസ് മത്സരം നടത്തി.

*തലപ്പുഴ :–* കൊന്തനമസ്കാരത്തിൽ 8–ാം തീയതിയിലെ പ്രാർത്ഥനയ്ക്ക് സി.എം.എൽ. അംഗങ്ങൾ നേതൃത്വം നൽകി.

*കല്ലുവയൽ :–* രോഗീ സന്ദർശനം നടത്തി.

*പന്തിപൊയിൽ, കൽപ്ര :–* മിഷൻ ഞായർ ആഘോഷിച്ചു.

*അമ്പായത്തോട് :–* മിഷൻഗ്രാമ സഹായമായി 220 രൂപ രൂപതയ്ക്ക് നൽകി. മരിയഭവൻ സന്ദർശിച്ച് 800 രൂപ നൽകി.

*യവനാർകുളം :–* പ്രേഷിത ദൗത്യത്തെകുറിച്ച് ബഹു. ജോസ് പള്ളത്ത് സാർ ക്ലാസ് നയിച്ചു. സ്നേഹാലയം സന്ദർശിച്ചു.

*ആടിക്കൊല്ലി :–* കൊളാഷ് നിർമ്മാണം നടത്തി. ദൈവവിളി സെമിനാർ, എന്റെ മാറ്റൊലിയിൽ പ്രോഗ്രാം അവതരിപ്പിച്ചു. സൈക്കിൾ റാലി നടത്തി.

*തവിഞ്ഞാൽ :–* ഭവന നിർമ്മാണത്തിനായി 5000 രൂപ നൽകി. വിദ്യാഭ്യാസ സഹായം 3500 രൂപ നൽകി. ഇടവകയുടെ ലഘുചരിത്രം പ്രസിദ്ധീകരിച്ചു.

*ഇടിവണ്ണ :–* റോഡ് വൃത്തിയാക്കി. രോഗീ സന്ദർശനം നടത്തി.

*മച്ചിക്കൊല്ലി :–* ആശാഭവൻ സന്ദർശിച്ചു. സാധനങ്ങൾ ശേഖരിച്ച് നൽകി.

*നിലമ്പൂർ :–* പാവപ്പെട്ട കുട്ടികൾക്ക് പഠനോപകരണങ്ങൾ നൽകി. യുവജന ധ്യാനത്തിൽ സീനിയേഴ്സ് പങ്കെടുത്തു.

*ശാന്തിഗിരി :-* പച്ചക്കറിത്തോട്ടം ഉണ്ടാക്കി. സിമിത്തേരി വൃത്തിയാക്കി.
*പനവല്ലി :-* മിഷൻലീഗിന്റെ നേതൃത്വത്തിൽ വാഴനട്ടു. മിഷൻമാസം ആഘോഷിച്ചു.
*കാട്ടിക്കുളം :-* കരുണാഭവൻ സന്ദർശിച്ചു. ദേവാലയ പരിസരവും സൺഡേസ്കൂൾ പരിസരവും വൃത്തിയാക്കി.
*പുതിയിടം :-* പള്ളിയും പരിസരവും വൃത്തിയാക്കി. അൾത്താരബാലിക ബാലൻമാർക്ക് പരിശീലനവും മത്സരവും നടത്തി. ഫാ. ബിജു കാട്ടാം കോട്ടിൽ, പ്രേഷിതവർഷത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് ക്ലാസ് എടുത്തു.
*മംഗളം :-* രോഗിക്ക് സാമ്പത്തിക സഹായം നൽകി. ആദിവാസി കോളനി സന്ദർശിച്ച് അരിയും സാധനങ്ങളും നൽകി.
*ചിത്രഗിരി :-* മിഷൻസ്റ്റാൾ ഉദ്ഘാടനം ചെയ്തു. അൾത്താര ബാലസം ഗമം നടത്തി. ബൈക്ക് റാലി നടത്തി.
*കേളകം :-* കണിച്ചാർ ശിശുഭവൻ സന്ദർശിച്ച് ഭക്ഷണസാധനങ്ങൾ, ഡ്രസ്സ് എന്നിവ നൽകി. രോഗീ സന്ദർശനം നടത്തി. എൽസമ്മ ടീച്ചർക്ക് വേണ്ടി പ്രാർത്ഥിച്ചു.
*മുട്ടിയേൽ :-* ദിവ്യകാരുണ്യ സന്നിധിയിൽ ആരാധന നടത്തി.
*കുറ്റിമൂല :-* അധ്യാപകദിനം ആഘോഷിച്ചു. മിഷൻ റാലി നടത്തി.
*വാഴവറ്റ :-* പ്രയാണറാലി നടത്തി. വചനവൃക്ഷം ഉണ്ടാക്കി. കാരാപ്പുഴ മുതൽ വാഴവറ്റ ടൗൺ വരെയുള്ള ഭാഗങ്ങൾ വൃത്തിയാക്കി.
*ആലാറ്റിൽ :-* മിഷൻ സന്ദേശയാത്ര നടത്തി. ടെലിബൈബിൾ ക്വിസ് നടത്തി.
*തരിയോട് :-* പള്ളിമുറ്റവും സിമിത്തേരിയും വൃത്തിയാക്കി. ഭവനസ ന്ദർശനം നടത്തി.
*കുന്നൂർ :-* ക്രിസ്റ്റീൻ ധ്യാനം നടത്തി. ഡയറക്ടറച്ചന്റെ നാമഹേതുക തിരുനാൾ ആഘോഷിച്ചു.
*പൂളപ്പാടം :-* മിഷൻ ഞായറിൽ അഭിവന്ദ്യ ജോർജ് ഞരളക്കാട്ട് പിതാവ് ദിവ്യബലിയർപ്പിച്ചു. മണ്ഡ്യക്ക് മിഷൻ സഹായമായി 10,000 രൂപ നൽകി. മിഷൻ എക്സ്പോ ഉദ്ഘാടനം ചെയ്തു.
*പാൽച്ചുരം :-* ജപമാല ദിനം ആചരിച്ചു. പള്ളിയും പരിസരവും കൊടി കൾകൊണ്ട് അലങ്കരിച്ചു.
*നെടുമ്പാല :-* പ്രേഷിതമരം സ്ഥാപിച്ചു. അഗതിമന്ദിരം മേരിലാന്റ് സന്ദർശിച്ച് വസ്ത്രവിതരണം നടത്തി.

*ചൂരൽമല :-* മിഷൻഗ്രാമങ്ങൾക്ക് ഗ്രൂപ്പ് ആയി കത്ത് അയച്ചു. പൂന്തോട്ടനിർമ്മാണം നടത്തി.

*ചാരിറ്റി :-* പഠന സഹായം നൽകി. രോഗീസന്ദർശനം നടത്തി.

*അമരക്കുനി :-* മിഷൻമാസം ആഘോഷിച്ചു. മിഷൻമാസത്തോടനുബന്ധിച്ച് ചിത്രങ്ങളും സന്ദേശങ്ങളും പ്രദർശിപ്പിച്ചു.

*കോട്ടത്തറ :-* മിഷൻവർഷത്തോടനുബന്ധിച്ച് മിഷൻ എക്സ്പോ 2011 നടത്തി. പള്ളി പരിസരങ്ങൾ, സിമിത്തേരി വൃത്തിയാക്കി.

*ചോക്കാട് :-* ഭവനസന്ദർശനം നടത്തി. ജപമാലയ്ക്ക് സി.എം.എൽ. അംഗങ്ങൾ നേതൃത്വം നൽകി.

*മരക്കടവ് :-* നടവയൽ ഓസാനഭവൻ സന്ദർശിച്ചു.

*മൊതക്കര :-* പഠനോപകരണങ്ങൾ കുഞ്ഞോം ഓർഫനേജിൽ നൽകി.

*പുതിയിടംകുന്ന് :-* ഒക്ടോബർ 9 ന് അൽഫോൻസാ തീർത്ഥാടന പദയാത്ര നടത്തി. മിഷൻ ഞായറിനോടനുബന്ധിച്ച് മിഷൻ മത്സരങ്ങൾ നടത്തി.

*വൈത്തിരി :-* മിഷൻ ഞായർ ദിവ്യബലിക്കും വചനസന്ദേശത്തിനും രൂപതാ ഡയറക്ടർ റവ.ഫാ. സോണി വടയാപറമ്പിൽ നേതൃത്വം നൽകി. മിഷൻ ഞായറിനോടനുബന്ധിച്ച് പള്ളിപരിസരം പതാകകളാൽ അലങ്കരിച്ചു.

*പ്രശാന്തഗിരി :-* പ്രേഷിതകൂടാരം നിർമ്മിച്ചു. ജപമാലയ്ക്ക് സി.എം. എൽ. നേതൃത്വം നൽകി.

*പടമല :-* വൃക്ഷതൈ നടൽ, പൂന്തോട്ടനിർമ്മാണം, പച്ചക്കറിത്തോട്ടം നിർമ്മിക്കൽ എന്നിവ നടത്തി.

*കേണിച്ചിറ :-* മരിയസദൻ സന്ദർശിച്ചു. രോഗിയായ കുട്ടപ്പൻ ചേട്ടനെ സന്ദർശിച്ചു.

*വാകേരി :-* ആരാധന നടത്തി. ഗ്രോട്ടോ വൃത്തിയാക്കി.

*കുന്നലാടി :-* ബെക്കി അഗതി മന്ദിരം സന്ദർശിച്ച് അഗതിമന്ദിരത്തിന്റെ കെട്ടിടനിർമ്മാണത്തിനായി മണൽ അരിക്കുവാനും ചുമക്കാനും സഹായിച്ചു.

*വെള്ളൂന്നി :-* ശാഖാ ക്യാമ്പ് നടത്തി.

*ബോയ്സ് ടൗൺ :-* 64-ാം സ്ഥാപകദിനം അനുസ്മരിച്ച് ഡയറക്ടറച്ചൻ സന്ദേശം നൽകി. സിമിത്തേരി വൃത്തിയാക്കി.

*മരകാവ് :-* മിഷൻഞായർ ആഘോഷിച്ചു. റാലി നടത്തി.

*മുണ്ടേരി :–* വീടിന്റെ പരിസരങ്ങളിൽ വചനം എഴുതി ഒട്ടിച്ചു. ലഹരി വിരുദ്ധ പോസ്റ്ററുകൾ നിർമ്മിച്ച് വീടിന്റെ പരിസരങ്ങളിൽ സ്ഥാപിച്ചു.

*തോമാട്ടുചാൽ :–* രോഗീസന്ദർശനം നടത്തുകയും സഹായം നൽകുകയും ചെയ്തു. പ്രേഷിതവർഷത്തോടനുബന്ധിച്ച് പ്രേഷിതറാലി നടത്തി.

പ്രിയമുള്ളവരെ,

ചരിത്രത്തെ പകുത്തുമാറ്റി കാലിത്തൊഴുത്തിൽ പിറന്ന മിശിഹായുടെ പിറവിതിരുനാൾ 'ക്രിസ്തുമസ്' സമാഗതമായി. കളിപന്തുപോലെ തന്നെ ഉണ്ണിമിശിഹായ്ക്ക് വിട്ടുകൊടുത്ത വി. കൊച്ചുത്രേസ്യായുടെ പാത പിൻതുടരുന്ന നമുക്ക് സ്നേഹം മാത്രം അസ്തിത്വമായ ഈശ്വരന്റെ സന്നിധിയിലേയ്ക്ക് കൂടുതൽ അടുക്കുവാൻ... കഴിഞ്ഞ നാളുകളിൽ അവിടുത്തെ സന്നിധിയിൽ നിന്നകന്നുപോയ പാപവഴികളെയോർത്ത് അനുതപിക്കുവാൻ വരും നാളുകളിൽ പ്രവർത്തനപാതയിൽ അനുഗ്രഹത്തിനായി പ്രാർത്ഥിക്കാൻ ക്രിസ്തുമസ് നമുക്കുപകരിക്കട്ടെ. എല്ലാവർക്കും ക്രിസ്തുമസ് ആശംസകൾ.

മിഷൻ അഭിവാദനങ്ങളോടെ,

**ബിനു മാങ്കൂട്ടത്തിൽ**

സി.എം.എൽ. രൂപതാ സെക്രട്ടറി

## കെ. സി. വൈ. എം.

പ്രിയ യുവജന സുഹൃത്തുക്കളെ,

ക്രിസ്തുമസ് രാത്രി.... ദൈവീകത മാനുഷികത സ്വീകരിച്ച രാത്രി... സ്രഷ്ടാവ് ഒരു സൃഷ്ടിയായ രാത്രി... പ്രപഞ്ചം മുഴുവൻ കൈപ്പിടിയിലൊതുക്കുന്നവൻ ഒരു അമ്മയുടെ കൈക്കുമ്പിളിലേയ്ക്ക് ഇറങ്ങിവന്ന രാത്രി... ഒരു വിരൽ തുമ്പാൽ എല്ലാം സൃഷ്ടിച്ച് കാത്ത് പരിപാലിക്കുന്നവൻ ഒരു സ്ത്രീയുടെ വിരൽതുമ്പിന്റെ സംരക്ഷണത്തിലായ് തീർന്ന രാത്രി.... സമയത്തിന്റെ പരിമിതികളില്ലാത്തവൻ സമയത്തിന്റെ പൂർണ്ണത പ്രാപിച്ച രാത്രി. അഭൗമിക ശക്തി ഭൗമീകരൂപം പ്രാപിച്ച രാത്രി.... വചനം മാംസം ധരിച്ച രാത്രി. അദൃശ്യനായിരുന്ന ദൈവം സദൃശ്യനായി, സ്പർശിക്കാൻ പറ്റുന്നവനായി തീർന്ന രാത്രി. ദൈവകൃപ മനുഷ്യർക്ക് ലഭ്യമായ രാത്രി... മനുഷ്യവർഗ്ഗം സത്യത്തിന്റെ പൂർണ്ണത അനുഭവിച്ചറിഞ്ഞ രാത്രി... പാതിരായ്ക്ക് നീതിസൂര്യൻ ഉദിച്ച രാത്രി... സ്വർഗ്ഗീയ രാജാവ് മനുഷ്യരോടൊത്ത് ആയിരിക്കുവാൻ സ്വർഗ്ഗം വിട്ട് ഇറങ്ങിവന്ന രാത്രി... സർവ്വനാമങ്ങൾക്കും അധിപനായവൻ മനുഷ്യനാമം സ്വീകരിച്ച് ഇമ്മാനുവലായി തീർന്ന രാത്രി. അതെ അതാണ് ക്രിസ്തുമസ് രാത്രി. എല്ലാവർക്കും സന്തോഷത്തിന്റെയും സമാധാനത്തിന്റെയും ക്രിസ്തുമസ് ആശംസകൾ സ്നേഹപൂർവ്വം നേരുന്നു.

സ്നേഹപൂർവ്വം,
**ടോമിയച്ചൻ**

### വാകേരി യൂണിറ്റിൽ നേതൃത്വ പരിശീലന ക്യാമ്പ്

കെ.സി.വൈ.എം. രൂപതാസമിതിയുടെ നേതൃത്വത്തിൽ വാകേരി യൂണിറ്റിൽ ക്യാമ്പ് സംഘടിപ്പിച്ചു. 40 യുവജനങ്ങൾ പങ്കെടുത്ത ക്യാമ്പിൽ രൂപതാ ഡയറക്ടർ ഫാ. ടോമി പുത്തൻപുരയ്ക്കൽ, ശ്രീ. ബിജു മാത്യു അരീക്കാട്ട്, ശ്രീ. ബിനോയ് പാനികുളം, ബിറ്റു പുളിക്കൽ

തുടങ്ങിയവർ ക്ലാസ്സുകൾ നയിച്ചു. യൂണിറ്റ് ക്യാമ്പ് സംഘടിപ്പിക്കുവാൻ മനസ്സു വച്ച വാകേരി യൂണിറ്റ് ഡയറക്ടർ റവ.ഫാ. ജോർജ്ജ് തേരകം അച്ചനും ആനിമേറ്റർ സി. ചിന്നമ്മ SKD ക്കും പ്രസിഡന്റ് ശ്രീ. സഞ്ജു പുളിക്കലിനും മറ്റ് ഭാരവാഹികൾക്കും രൂപതാ സമിതിയുടെ നന്ദി അറിയിക്കുന്നു.

## പ്രേഷിതവർഷ യുവജനസംഗമം - മണ്ഡ്യരൂപതയിൽ

പ്രേഷിത വർഷാചരണത്തിന്റെ ഭാഗമായി കെ.സി.വൈ.എം. മണ്ഡ്യ രൂപത സംഘടിപ്പിച്ച യുവജനസംഗമത്തിൽ മാനന്തവാടി രൂപതയെ പ്രതിനിധീകരിച്ച് പയ്യംമ്പള്ളി യൂണിറ്റിലെ 8 യുവജനങ്ങൾ പങ്കെടുത്തു. ശ്രീ. ജോബിറ്റ് പുത്തൻപുരയ്ക്കൽ, അനീഷ് പൊൻപാറ, നിധീഷ് തേനംകുഴി, റോബിൻ മുളയ്ക്കൽ, അബിൻ ചാലിൽ, അമൽ കുറ്റിയാനിമറ്റം, അഖിൽ അരഞ്ഞാണിയിൽ, ഫ്രാൻക്ലിൻ മൊടോമറ്റം തുടങ്ങിയവർക്ക് രൂപതാസമിതിയുടെ നന്ദി അറിയിക്കുന്നു.

## യു ക്യാറ്റ് പഠനശിബിരം പി.ഒ.സി. യിൽ

കത്തോലിക്കാസഭയുടെ യുവജന മതബോധന ഗ്രന്ഥം മലയാളം പതിപ്പിന്റെ (You cat) പ്രകാശനത്തോടനുബന്ധിച്ച് എറണാകുളം പി. ഒ.സി. യിൽ വച്ച് നടത്തിയ ഏകദിന പഠനശിബിരത്തിൽ രൂപതയെ പ്രതിനിധീകരിച്ച് രൂപതാ ട്രഷറർ ശ്രീ. ജിതേഷ് മുളയ്ക്കക്കുന്നേൽ, ചുള്ളിയാന യൂണിറ്റ് സെക്രട്ടറി ശ്രീ. ജോബിൻ ഇല്ലിക്കൽ തുടങ്ങിയവർ പങ്കെടുത്തു. ശ്രീ. ജിതേഷ്, ജോബിൻ എന്നിവർക്ക് രൂപതാ സമിതിയുടെ നന്ദി അറിയിക്കുന്നു.

## യൂണിറ്റ് തിരഞ്ഞെടുപ്പ്

2012 പ്രവർത്തന വർഷത്തേയ്ക്കുള്ള യൂണിറ്റ് ഭാരവാഹികളുടെ തിരഞ്ഞെടുപ്പ് നടത്തിയിരിക്കുമല്ലൊ. ഭാരവാഹികളുടെ ലിസ്റ്റും പ്രവർത്തന റിപ്പോർട്ടും ഡിസംബർ 11-ാം തീയതിക്കകം തന്നെ രൂപതാ ഓഫീസിൽ എത്തിച്ചു എന്ന് ഉറപ്പുവരുത്തുമല്ലൊ. രൂപതയിൽ എത്തിക്കാൻ പറ്റാത്തവർ മേഖല ഇലക്ഷനിൽ പങ്കെടുക്കുമ്പോൾ അവിടെ എത്തുന്ന രൂപതാ പ്രതിനിധികളുടെ കൈവശം കൊടുത്തയച്ചാലും മതിയാകും.

## മേഖലാ തിരഞ്ഞെടുപ്പ്

2012 വർഷത്തേക്കുള്ള മേഖല ഭാരവാഹികളുടെ ഇലക്ഷൻ ഡിസംബർ 11-ാം തീയതിക്കകം തന്നെ നടത്താൻ ശ്രദ്ധിക്കുമല്ലൊ. മേഖല ഇലക്ഷനുകൾ നടത്തുന്നതിനായി അറിയിപ്പ് ലഭിക്കുന്നതിനനുസരിച്ച് രൂപതയിൽ നിന്ന് പ്രൊമോട്ടറെ അയയ്ക്കുന്നതാണ്. ആയ

തിനാൽ മേഖലാ ഇലക്ഷൻ എന്ന് എവിടെ വച്ച് നടത്തുന്നു എന്ന് രൂപതാ ഓഫീസിൽ വിളിച്ചറിയിക്കുവാൻ ശ്രദ്ധിക്കുമല്ലൊ. അന്നേദിവസം മേഖല സെനറ്റിൽ അവതരിപ്പിച്ച് പാസ്സാക്കുന്ന നവംബർ മാസം വരെയുള്ള പ്രവർത്തന റിപ്പോർട്ട് മേഖല ഡയറക്ടറുടെ ഒപ്പോടുകൂടി രൂപതയിൽ നിന്ന് വരുന്ന പ്രൊമോട്ടറുടെ കൈവശം കൊടുത്തയയ്ക്കേണ്ടതാണ്. പ്രവർത്തന അവാർഡുകൾക്ക് പരിഗണിക്കുന്നതിന് വേണ്ടിയാണിത്. ഒപ്പം ഭാരവാഹികളുടെ ലിസ്റ്റും കൊടുത്തയയ്ക്കേണ്ടതാണ്.

## ഉത്സവ് - 2011 - കെ.സി.വൈ.എം. സംസ്ഥാന കലോത്സവം

ഡിസംബർ 3, 4, 5 തീയതികളിലായി കെ.സി.വൈ.എം. സംസ്ഥാന കലോത്സവമായ ഉത്സവ് 2011 നെയ്യാറ്റിൻകര രൂപതയുടെ ആതിഥേയത്വത്തിൽ നെയ്യാറ്റിൻകര സെന്റ് തെരേസായ് ഹയർ സെക്കന്ററി സ്കൂളിൽ വച്ച് നടക്കുന്നതാണ്. സംസ്ഥാന മത്സരത്തിൽ പങ്കെടുക്കേണ്ടവരെ രൂപതയിൽ നിന്നും അറിയിച്ചിട്ടുണ്ട്. മാനന്തവാടി യിൽ നിന്നും 3-ാം തീയതി 2 p.m. ന് മുമ്പായി കോഴിക്കോട്ടേയ്ക്ക് പുറ പ്പെടേണ്ടതുള്ളതിനാൽ മത്സരാർത്ഥികൾ നേരത്തെതന്നെ എത്തുമല്ലൊ.

## അന്താരാഷ്ട്ര യുവജനവർഷം - സ്മരണിക

2011-2012 അന്താരാഷ്ട്ര യുവജനവർഷമായി ആചരിക്കുന്നതിനോ ടനുബന്ധിച്ച് മാനന്തവാടി രൂപതാ സമിതിയുടെ നേതൃത്വത്തിൽ ഒരു സ്മരണിക പുറത്തിറക്കുന്നു. സ്മരണികയിൽ സൃഷ്ടികൾ (കഥ, കവിത, ഉപന്യാസം തുടങ്ങിയവ) പ്രസിദ്ധീകരിക്കാൻ താത്പര്യമുള്ളവർ ഡിസംബർ 10-ന് മുമ്പ് കൃതികൾ രൂപതാ ഓഫീസിൽ എത്തിക്കുക. പ്രസിദ്ധീകരണയോഗ്യമായവ പ്രസിദ്ധീകരിക്കുന്നതാണ്. സ്മരണി കയ്ക്ക് ഉചിതമായ പേരുകളും നിർദ്ദേശിക്കുമല്ലൊ.

## കെ.സി.വൈ.എം. 2011 പ്രവർത്തക അവാർഡുകൾ

പ്രവർത്തക അവാർഡുകൾക്കായുള്ള നോമിനേഷനുകൾ ഡിസംബർ 10-ാം തീയതിയ്ക്ക് മുമ്പായി തന്നെ രൂപതാ ഓഫീസിൽ അറിയിക്കേണ്ടതാണ്. മികച്ച യൂണിറ്റ് പ്രവർത്തകർക്കുള്ള നോമിനേ ഷനുകളായി ഒരു പ്രവർത്തകന്റെയും ഒരു പ്രവർത്തകയുടെയും പേരു കൾ യൂണിറ്റ് ഡയറക്ടർ രൂപത ഓഫീസിൽ അറിയിക്കേണ്ടതാണ്. അതുപോലെ മേഖല പ്രവർത്തകർക്കുള്ള നോമിനേഷുകൾ മേഖല ഡയറക്ടർക്കും ഓഫീസിൽ അറിയിക്കാവുന്നതാണ്. ഡിസംബർ 10-ാം തീയതിയ്ക്ക് മുമ്പായി നോമിനേഷൻ രൂപതയിലറിയിക്കാത്തതിനാൽ അംഗീകാരങ്ങൾ പ്രവർത്തകർക്ക് നഷ്ടപ്പെടാതിരിക്കുവാൻ ഡയറ ക്ടർമാർ ശ്രദ്ധിക്കുമല്ലോ?

**കെ.സി.വൈ.എം. പ്രവർത്തനഫണ്ട്**

കെ.സി.വൈ.എം. രൂപത പ്രവർത്തനങ്ങൾക്കും യൂണിറ്റ് പ്രവർത്തനങ്ങൾക്കായും ഫണ്ടു കണ്ടെത്താനായിട്ടിറക്കിയ സ്ക്രാച്ച് & വിൻ കാർഡുകൾ വിറ്റ് തുടങ്ങിക്കാണുമല്ലോ. യൂണിറ്റ് വിഹിതമായ 300 രൂപ കഴിഞ്ഞുള്ള തുകയിൽ നിന്ന് സമ്മാനതുക അപ്പപ്പോൾ കൊടുത്തതിന് ശേഷം ബാക്കിയുള്ള രൂപയും ബംബർ നറുക്കെടുപ്പിനായി പേരും ഫോൺ നമ്പറും അഡ്രസ്സും രേഖപ്പെടുത്തിയ കാർഡുകളും ഡിസംബർ 15-ാം തീയതിയ്ക്ക് മുമ്പായി രൂപത ഓഫീസിൽ എത്തിക്കേണ്ടതാണ്.

**സിൻഡിക്കേറ്റ് അംഗങ്ങളുടെയും മേഖല പ്രസിഡന്റുമാരുടെയും സെക്രട്ടറിമാരുടെയും സംയുക്ത മീറ്റിംഗ്**

'യുവഗാഥ-2011' യൂത്ത് അസംബ്ലിയുടെ വിജയത്തിനായി എല്ലാ യൂണിറ്റ് മേഖലാ ഭാരവാഹികളുടെയും കൂട്ടായ പരിശ്രമം ആവശ്യമാണ്. അതിനാൽ ഇതുവരെയുള്ള ഒരുക്കങ്ങളെയും പ്രവർത്തനങ്ങളെയും വിലയിരുത്തുവാനും ഇനിയും വേണ്ട ക്രമീകരണങ്ങൾ ചെയ്യുവാനുമായി എല്ലാ സിൻഡിക്കേറ്റ് അംഗങ്ങളുടെയും മേഖല പ്രസിഡന്റ് മാരുടെയും സെക്രട്ടറിമാരുടെയും സംയുക്ത മീറ്റിംഗ് ഡിസംബർ 11-ന് ഉച്ചകഴിഞ്ഞ് 2.00 മണിക്ക് ദ്വാരക പാസ്റ്ററൽ സെന്ററിൽ വെച്ച് നടക്കുന്നതാണ്. എല്ലാ രൂപതാസിൻഡിക്കേറ്റ് അംഗങ്ങളും മേഖല പ്രസിഡന്റുമാരും സെക്രട്ടറിമാരും ഈ മീറ്റിംഗിൽ നിർബന്ധമായും പങ്കെടുക്കേണ്ടതാണ്.

**'യുവഗാഥ' - യൂത്ത് അസംബ്ലി ഡിസംബർ 27, 28 കൽപ്പറ്റ**

അന്താരാഷ്ട്ര യുവജനവർഷമായി ആചരിക്കുന്ന ഈ വർഷം രൂപതയിലെ യുവജനങ്ങൾ ഒന്നുചേരുന്ന മഹാസംഗമമാണ് യൂത്ത് അസംബ്ലി - യുവഗാഥ 2011. ഡിസംബർ 27, 28 തീയതികളിലായി നടക്കുന്ന യൂത്ത് അസംബ്ലിയിലേക്ക് എല്ലാ യുവജനങ്ങൾക്കും സ്വാഗതം. കൽപ്പറ്റ ലളിത് മഹൽ ഓഡിറ്റോറിയത്തിൽ വച്ച് ഡിസംബർ 27-ാം തീയതി നടക്കുന്ന പ്രതിനിധി സമ്മേളനത്തോടെയാണ് 'യുവഗാഥ 2011' യൂത്ത് അസംബ്ലിക്ക് തിരശ്ശീല ഉയരുക. എല്ലാ യൂണിറ്റുകളിൽ നിന്നും 2012 പ്രവർത്തനവർഷത്തേക്ക് ഭാരവാഹികളായി തെരഞ്ഞെടുക്കപ്പെട്ട ഒരു ആൺകുട്ടിയും, പെൺകുട്ടിയുമാണ് പ്രതിനിധി സമ്മേളനത്തിൽ പങ്കെടുക്കേണ്ടത്. 27-ാം തീയതി 5.00 മണിക്ക് രജിസ്ട്രേഷൻ ആരംഭിക്കും. അന്നേദിവസം ആനുകാലിക വിഷയങ്ങളിലും സംഘടനാപരമായുമുള്ള പഠനസദസ്സുകളും, ചർച്ചകളും നടക്കും. ഡിസംബർ 28-ാം തീയതി രാവിലെ 9.30 ന് എല്ലാ യൂണിറ്റുകളിൽ നിന്നുമുള്ള അംഗങ്ങൾക്കായി ക്ലാസ്സും ചർച്ചകളും നടക്കും. ഉച്ചഭക്ഷണത്തിനുശേഷം

പൊതുസമ്മേളനവും കൽപ്പറ്റ ടൗണിൽ യുവജനങ്ങൾ അണിനിരക്കുന്ന യുവജനറാലിയും ഉണ്ടായിരിക്കും. വിവിധ യൂണിറ്റുകളും മേഖലകളും വേണ്ട ഒരുക്കങ്ങളോടെ റാലിയിൽ പങ്കെടുക്കാൻ ശ്രദ്ധിക്കുമല്ലോ. യൂണിറ്റിലെ എല്ലാ യുവജനങ്ങളെയും ഡിസംബർ 28 ലെ യുവജനസംഗമത്തിൽ എത്തിക്കുവാൻ ഭാരവാഹികൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. റാലിയിൽ അണിനിരക്കുമ്പോൾ വിവിധ മേഖലകളുടെ ബാനറുകൾ കൊണ്ടുവരുന്നത് അഭികാമ്യമാണ്. പൊതുസമ്മേളനത്തിൽ വെച്ച് 2011 പ്രവർത്തന വർഷത്തെ പ്രവർത്തക അവാർഡുകൾ വിതരണം ചെയ്യുന്നതായിരിക്കും. 'യുവഗാഥ-2011' ന്റെ വിജയത്തിനായി ഇപ്പോഴെ ഒരുക്കങ്ങൾ തുടങ്ങുമല്ലോ.

**ബഹു. ബിനു പൈനുങ്കലച്ചന് നന്ദി**

കഴിഞ്ഞ മൂന്നര വർഷത്തോളം കെ.സി.വൈ.എം. കൽപ്പറ്റ മേഖലയുടെ ഡയറക്ടറായി സ്തുത്യർഹമായ രീതിയിൽ സേവനം ചെയ്ത ബഹു. ബിനു പൈനുങ്കലച്ചന് കെ.സി.വൈ.എം. രൂപതാ കുടുംബത്തിന്റെ ഹൃദ്യമായ നന്ദി അറിയിക്കുന്നു.

**ബഹു. റോണിയച്ചന് സ്വാഗതം**

കെ.സി.വൈ.എം. കൽപ്പറ്റ മേഖലയുടെ ഡയറക്ടറായി കടന്നുവന്നിരിക്കുന്ന ഒലിവുമലപള്ളി വികാരിയും ക്ലരീഷ്യൻ സഭാംഗവുമായ ബഹു. റോണി തോട്ടത്തിലച്ചന് കെ.സി.വൈ.എം. രൂപതാ കുടുംബത്തിലേയ്ക്ക് ഹൃദ്യമായ സ്വാഗതം. പ്രവർത്തന പന്ഥാവിൽ എല്ലാവിധ വിജയങ്ങളും ആശംസിക്കുന്നു.

**തരിയോട് മേഖലാ സമിതിക്ക് അഭിനന്ദനങ്ങൾ**

തരിയോട് മേഖലയിലെ യുവജനങ്ങളെ സംഘടിപ്പിച്ച് നേതൃത്വ പരിശീലന ക്യാമ്പ് നടത്തി വൻവിജയമാക്കിയ മേഖലാ ഡയറക്ടർ ബഹു. റെജി മുതുകത്താനിയിലച്ചന്റെ നേതൃത്വത്തിലുള്ള മേഖലാ സമിതിക്ക് രൂപതാ കുടുംബത്തിന്റെ അഭിനന്ദനങ്ങൾ.

**ആദരാഞ്ജലികൾ**

മാനന്തവാടി രൂപത മതബോധന ഓഫീസ് സെക്രട്ടറി ആയിരുന്ന സി. ശാലിനി എഫ്.സി.സി.യുടെ അകാല നിര്യാണത്തിൽ കെ.സി.വൈ.എം. രൂപതാസമിതി ആദരാഞ്ജലികൾ അർപ്പിച്ചു.

**യൂണിറ്റ് വാർത്തകൾ**

**പടമല യൂണിറ്റ്**

ബഹു. ഡയറക്ടറച്ചന്റെ നേതൃത്വത്തിൽ യുവജനങ്ങൾ ഒരുമിച്ച് കൂടുകയും പള്ളിയും പരിസരവും വൃത്തിയാക്കുകയും പൂന്തോട്ടം

നിർമ്മിക്കുന്നതിന് നേതൃത്വം നൽകുകയും ചെയ്തു. യൂണിറ്റിൽ നടന്ന അഖണ്ഡ ജപമാലയിൽ കെ.സി.വൈ.എം. അംഗങ്ങളുടെ നേതൃത്വത്തിൽ 1 മണിക്കൂർ അഖണ്ഡ ജപമാലയ്ക്ക് നേതൃത്വം കൊടുത്ത് പ്രാർത്ഥിച്ചു.

**ശാന്തിഗിരി യൂണിറ്റ്**

ഒക്ടോബർ മാസത്തിലെ 10 ദിവസത്തെ ജപമാലയിൽ ഒരു ദിവസം കെ.സി.വൈ.എം. യുവജനങ്ങൾ ജപമാല പ്രാർത്ഥനയ്ക്കും വി. കുർബാനയ്ക്കും ഗാനശുശ്രൂഷയ്ക്കും നേതൃത്വം നൽകുകയും കാഴ്ച സമർപ്പണം നടത്തുകയും ചെയ്തു. നവംബർ 2 സകല മരിച്ചവരുടെയും തിരുനാളിനോട് അനുബന്ധിച്ച് ശ്രീ. ബിനോജ് പയ്യമ്പള്ളിയുടെ നേതൃത്വത്തിൽ യുവജനങ്ങൾ സിമിത്തേരി അലങ്കരിക്കുകയും പൂർവ്വീകരോടുള്ള സ്നേഹാദരവുകളും പ്രാർത്ഥനകളും സമർപ്പിക്കുകയും ചെയ്തു. ശാന്തിഗിരി ഇടവകാംഗമായ സി. ശാലിനി എഫ്.സി.സി. യുടെ നിര്യാണത്തിൽ അനുശോചനമർപ്പിക്കുകയും മൃതസംസ്കാര ശുശ്രൂഷയിൽ യുവജനങ്ങൾ പങ്കെടുക്കുകയും പ്രാർത്ഥനാമഞ്ജരികൾ അർപ്പിക്കുകയും റീത്ത് സമർപ്പിക്കുകയും ചെയ്തു.

**പ്രശാന്തഗിരി യൂണിറ്റ്**

കെ.സി.വൈ.എം. പ്രശാന്തഗിരി യൂണിറ്റിലെ യുവാക്കളുടെ നേതൃത്വത്തിൽ വാളാട് ടൗണിൽ സ്ഥാപിച്ച കുരിശുപള്ളിയുടെ പരിസരം വൃത്തിയാക്കി. പുതുതായി നിർമ്മിച്ച അടുക്കളയുടെ അറ്റകുറ്റപ്പണികൾ കെ.സി.വൈ.എമ്മിന്റെ നേതൃത്വത്തിൽ നടത്തി. ദേവാലയമുറ്റം കാടുചെത്തി വൃത്തിയാക്കുന്നതിനും കെ.സി.വൈ.എം. യുവാക്കൾ പങ്കെടുത്തു. മാനന്തവാടിയിൽ വച്ചു നടന്ന രൂപതാ കലാമത്സരത്തിൽ പങ്കെടുക്കുകയും മേഖലയുടെ വിജയത്തിൽ നിർണ്ണായക പങ്കുവഹിക്കുകയും ചെയ്തു. മത്സരത്തിൽ പങ്കെടുത്ത് വിജയികളായവരേയും സംസ്ഥാന മത്സരത്തിലേയ്ക്ക് യോഗ്യത നേടിയവരെയും ഡയറക്ടർ റവ.ഫാ. പോൾ ഇടയക്കൊണ്ടാട്ട്, പ്രസിഡന്റ് ഷിനു മഠത്താശ്ശേരി, ആനിമേറ്റർ സി. അനിത എസ്.എച്ച് എന്നിവർ യോഗത്തിൽ വച്ച് അഭിനന്ദനങ്ങൾ അറിയിച്ചു. മിഷൻപിരിവ്, മിഷൻ ഞായറിനോടനുബന്ധിച്ച് നടത്തിയ മിഷൻ റാലി, കലാപരിപാടികൾ എന്നിവയ്ക്ക് കെ.സി.വൈ.എം. അംഗങ്ങൾ സഹായിച്ചു. ജപമാല മാസത്തിൽ നടത്തിയ അഖണ്ഡ ജപമാല ഏറ്റവും നന്നായി നടത്തുവാൻ കെ.സി.വൈ.എം. അംഗങ്ങൾ ശ്രദ്ധിച്ചു. 27-ാം തീയതി കെ.സി.വൈ.എം. ന്റെ നേതൃത്വത്തിൽ നടന്ന ജപമാല ഏറ്റവും ഭക്തിപൂർവ്വം നടത്തി.

**ചുള്ളിയാന യൂണിറ്റ്**

P.O.C. യിൽ വച്ചു നടന്ന you cat പഠന ശിബിരത്തിൽ ജോബിൻ ചാക്കോ പങ്കെടുത്തു. മദ്യവിരുദ്ധ സമിതി രൂപീകരിച്ചു. ദ്വാരകയിൽ വച്ച് നടന്ന മദ്യവിരുദ്ധ സെമിനാറിൽ യുവജനങ്ങൾ പങ്കെടുത്തു. രൂപതാ കലോത്സവത്തിൽ മാർഗ്ഗംകളിക്ക് വനിതാ അംഗങ്ങൾ പങ്കെടുക്കുകയും മൂന്നാം സ്ഥാനം കരസ്ഥമാക്കുകയും ചെയ്തു. ഒക്ടോബർ 8,9,10 തീയതികളിൽ വടവാതൂരിൽ വച്ച് നടന്ന സെമിനാരി ജൂബിലിയിൽ യൂണിറ്റിൽ നിന്നും ജിബിൻ ജോയ്, സിബിൻ ജോർജ്ജ് എന്നിവർ പങ്കെടുത്തു. ചുള്ളിയാന പ്രദേശത്ത് അനധികൃതമായി വിൽപ്പന നടത്തിയിരുന്ന മദ്യത്തിനെതിരെ യുവജനങ്ങൾ സംഘടിച്ച് അവരെ വിലക്കുകയും അവരുടെ ഭവനം സന്ദർശിക്കുകയും ചെയ്തു. അതിന്റെ ഭാഗമായി ശാന്തിനഗറിൽ മദ്യത്തിനെതിരെ സെമിനാറും ടെലിഫിലിം പ്രദർശനവും നടത്തി. ശ്രീ. ജോൺസൺ തൊഴുത്തുങ്കൽ ക്ലാസ്സെടുത്തു.

**പുതിയിടംകുന്ന് യൂണിറ്റ്**

ഒക്ടോബർ 2 ഗാന്ധിജയന്തി ദിനത്തോടനുബന്ധിച്ച് കെ.സി. വൈ.എം. പുതിയിടംകുന്ന് യൂണിറ്റ് ഡയറക്ടർ ഫാ. ജെയ്സ് പൂതക്കുഴിയുടെയും ആനിമേറ്റർ സി. മരിയ തോമസിന്റെയും നേതൃത്വത്തിൽ പരിസ്ഥിതിദിനം ആചരിച്ചു. സെമിത്തേരി വൃത്തിയാക്കി മരിച്ചവരുടെ ആത്മാക്കൾക്കു വേണ്ടി പ്രാർത്ഥിച്ചു. കെ.സി.വൈ.എം. രൂപതാ മത്സരത്തിൽ പുതിയിടംകുന്നിൽ നിന്നും സാഹിത്യ മത്സരത്തിൽ കഥാ രചനയ്ക്ക് ലിറ്റി വെണ്ടർമ്യാലിന് മൂന്നാംസ്ഥാനവും നോട്ടീസ് രചനയ്ക്ക് റോഷിൻ ഇഞ്ചപ്ലാക്കലിന് ഒന്നാം സ്ഥാനവും ലഭിച്ചു. കലാമത്സരത്തിൽ വിൻസെന്റ് പുത്തൻപുരയ്ക്കലിന് ഒന്നാംസ്ഥാനവും സംഘഗാനത്തിൽ ജയൻ പുത്തൻകരി & ടീം -ന് ഒന്നാം സ്ഥാനവും കെ.സി.വൈ.എം. ആന്തത്തിന് വിൻസെന്റ് പുത്തൻപുരയ്ക്കൽ & ടീം ന് മൂന്നാം സ്ഥാനവും ലഭിച്ചു. ദശദിന ജപമാലയോടനുബന്ധിച്ച് 24-10-11 ന് കെ. സി.വൈ.എം. ന്റെ നേതൃത്വത്തിൽ ജപമാലദിനം ആചരിച്ചു. കെ.സി. വൈ.എം. രൂപതാ ഡയറക്ടർ ഫാ. ടോമി പുത്തൻപുരയ്ക്കൽ വി.കുർബാന അർപ്പിച്ച് സന്ദേശം നൽകി. വി. കുർബാനയിലെ ഗാന ശുശ്രൂഷയ്ക്ക് കെ.സി.വൈ.എം. അംഗങ്ങളായ വിൻസെന്റ് പുത്തൻപുരയ്ക്കൽ, മേഴ്സി അമ്പാട്ട്, ലിറ്റി വെണ്ടർമ്യാലിൽ എന്നിവർ നേതൃത്വം നൽകി. കെ.സി.വൈ.എം. നയിച്ച ജപമാലയ്ക്ക് ഷാതിൻ ചക്കാലക്കുടി, ജിമിഷ കൊച്ചുനിരവത്ത് എന്നിവർ നേതൃത്വം നൽകി, ജപമാല ദിനം ഭക്തിനിർഭരമാക്കി.

സ്നേഹത്തോടെ,

**ഷംജിത്ത് ചേലയ്ക്കൽ** - ജനറൽ സെക്രട്ടറി

# കുടുംബ പ്രേഷിതത്വം

## വിവാഹത്തിനൊരുക്കമായുള്ള  കോഴ്സുകൾ

ദ്വാരക പാസ്റ്ററൽ സെന്ററിൽ വെച്ച് നവംബർ 7 മുതൽ 10 വരെ നടന്ന കോഴ്സിൽ 90 പേരും, ദ്വാരക പാസ്റ്ററൽ സെന്ററിൽ വെച്ച് നവംബർ 18 മുതൽ 21 വരെ നടന്ന കോഴ്സിൽ 93 പേരും പങ്കെടുത്തു. കോഴ്സുകളുടെ വിജയത്തിനായി യത്നിച്ച എല്ലാ വൈദികരെയും കുടുംബപ്രേഷിതത്വ ടീം അംഗങ്ങളെയും നന്ദിപൂർവ്വം സ്മരിക്കുന്നു.

## അടുത്ത  മാസങ്ങളിലെ കോഴ്സുകൾ

ഡിസംബർ 16–19 – പാസ്റ്ററൽ സെന്റർ മണിമൂളി

ഡിസംബർ 28–31 – പാസ്റ്ററൽ സെന്റർ

2012 - Jan-Feb-March Coures

| | | |
|---|---|---|
| ജനുവരി | 08–11 | – പാസ്റ്ററൽ സെന്റർ ദ്വാരക |
| ജനുവരി | 20–23 | – പാസ്റ്ററൽ സെന്റർ ദ്വാരക |
| ഫെബ്രുവരി | 05–08 | – പാസ്റ്ററൽ സെന്റർ ദ്വാരക |
| ഫെബ്രുവരി | 17–20 | – പാസ്റ്ററൽ സെന്റർ ദ്വാരക |
| മാർച്ച് | 04–07 | – പാസ്റ്ററൽ സെന്റർ ദ്വാരക |
| മാർച്ച് | 16–19 | – പാസ്റ്ററൽ സെന്റർ മണിമൂളി |
| മാർച്ച് 30 മുതൽ ഏപ്രിൽ 02 | | – പാസ്റ്ററൽ സെന്റർ ദ്വാരക |

## കത്തോലിക്കാ മാതൃസംഘടന

15 –ന് മേഖല ഡയറക്ടേഴ്സ് ആനിമേറ്റേഴ്സ് സംഗമവും രൂപതാ എക്സിക്യൂട്ടീവും ചേർന്നു. രൂപതാ ഡയ. ബഹു. ഡെന്നീസച്ചന്റെ നേതൃത്വത്തിൽചേർന്ന മീറ്റിംഗ് പ്രാർത്ഥനയോടെ ആരംഭിച്ചു. യോഗ ത്തിൽ കഴിഞ്ഞ മാസങ്ങളിൽ നടത്തിയ ലോഗോസ് ക്വിസിനെക്കുറിച്ചും, സാഹിത്യമത്സരത്തെക്കുറിച്ചും വിലയിരുത്തി. തുടർന്ന് 2012 വർഷ

ത്തിലെ പ്രവർത്തന മാർഗരേഖയിലുൾപ്പെടുത്തേണ്ട കാര്യങ്ങൾ ചർച്ച ചെയ്തു. ആശയങ്ങളും അഭിപ്രായങ്ങളും രേഖപ്പെടുത്തി. 7 മേഖല യിലെ ഡയറക്ടേഴ്സും 9 മേഖലയിലെ ആനിമേറ്റേഴ്സും പങ്കെടുത്തു. യോഗത്തിൽ ശ്രീമതി മോളി കരിമ്പനാക്കുഴി നന്ദിയർപ്പിച്ചു.

ഇടവക മാതൃസംഘടന ആനിമേറ്റേഴ്സ് സംഗമം ഡിസം. 14 ന് വൈകുന്നേരം 6 മണിമുതൽ ദ്വാരകപാസ്റ്ററൽ സെന്ററിൽ ഇടവക മാതൃ സംഘടന ആനിമേറ്റേഴ്സ് സംഗമവും; ഡിസം15 ന് രാവിലെ 09 മണി മുതൽ ഉച്ചവരെ  മാതൃസംഘടന രൂപതാ ജനറൽ ബോഡിയും, വാർഷി കവും നടത്തപ്പെടുന്നു. ജനറൽ ബോഡിയിൽ പങ്കെടുക്കേണ്ടത് പ്രസി ഡണ്ട്, or വൈസ്. പ്രസിഡണ്ട്, സെക്രട്ടറി or ജോ. സെക്രട്ടറി, ഖജാൻജി, ആനിമേറ്റർ എന്നിവരാണ്. ലോഗോസ് 2011-ന്റെ സമ്മാന ദാനം അന്നേ ദിവസം നടത്തുന്നതാണ്.

## മാനന്തവാടി ഫൊറോന

20 ന് മാനന്തവാടി മേഖല ഡയ.ബഹു.അലക്സച്ചന്റെ നേതൃ ത്വത്തിൽ മാനന്തവാടി മേഖലയിലെ എല്ലാ ഇടവകയിൽ നിന്നും മാതൃ സംഘടനാംഗങ്ങൾ പാറത്തോട്ടം പള്ളിയിൽ ഒരുമിച്ചുകൂടി. നോർബർട്ടൈൻ സുപ്പീരിയർ റവ.ഫാ.തോമസ് അറയ്ക്കൽ അമ്മ മാർക്കുവേണ്ടി ദിവ്യബലിയർപ്പിക്കുകയും സന്ദേശം നൽക്കുകയും ചെയ്തു.തുടർന്ന്  അലക്സച്ചന്റെയും, തോമസച്ചന്റെയും നേതൃത്വത്തിൽ പാറത്തോട്ടം പള്ളിയിൽ  നിന്ന് പേരിയ 39 ലേയ്ക്ക് ജപമാല റാലി നടത്തി. അതിനുശേഷം മേഖല സാഹിത്യ രചനാമത്സരം നടത്തിയത്തിന്റെ വിജയികൾക്കുള്ള സമ്മാനം തോമസച്ചൻ വിതരണം ചെയ്തു.170 അമ്മമാർ പങ്കെടുത്തു. ഉച്ചഭക്ഷണത്തിനു ശേഷം എല്ലാ വരും പിരിഞ്ഞു. പങ്കെടുത്ത് സഹകരിച്ച എല്ലാവർക്കും മേഖലയുടെ പ്രത്യേക നന്ദിയും അഭിനന്ദനങ്ങളും.

## നെടുമ്പാല യൂണിറ്റ്

22 ന് വി. കുർബ്ബാനയ്ക്ക് ശേഷം മാതൃസംഘടനയുടെ മാസമീറ്റിംഗ് കൂടി. സെക്രട്ടറി റിപ്പോർട്ട് അവതരിപ്പിച്ചു. ബഹു. തോമസ് പൊൻതൊട്ടിയച്ചൻ ക്ലാസ് നയിച്ചു. ഉത്തരവാദിത്വബോധത്തോടുകൂടി അമ്മമാർ കുടുംബങ്ങളിൽ പെരുമാറേണ്ട ആവശ്യകതയെകുറിച്ച് അച്ചൻ ഓർമ്മിപ്പിച്ചു. വീടിന്റെ പരിസരത്ത് പച്ചക്കറിത്തോട്ടം നട്ടുപിടി പ്പിക്കുന്ന കാര്യം പറയുകയുണ്ടായി. ഡിസംബറിൽ ഇടവകയിലെ അമ്മ മാർ വിവിധ വാർഡുകൾ സന്ദർശിക്കുന്ന കാര്യം തീരുമാനിച്ചു. 23 ന് 20 ഓളം അമ്മമാർ രോഗാവസ്ഥയിൽ കഴിയുന്ന സഹോദരനെ പോയി കാണുകയും പ്രാർത്ഥന നടത്തുകയും ചെയ്തു. 29 ന് സിമിത്തേരിയും

പള്ളിപരിസരവും 15 അമ്മമാർ ചേർന്നു വൃത്തിയാക്കി. ഒക്ടോബർ മാസത്തിലെ കൊന്ത നമസ്ക്കാരത്തിൽ ഇടവകയിലും, വീടുകളിലും ആഘോഷമായ ജപമാല ചൊല്ലുവാൻ അമ്മമാർ നന്നായി സഹകരിച്ചു.

## കൽപ്പറ്റ യൂണിറ്റ്

കൊന്തനമസ്ക്കാര സമാപനത്തോടനുബന്ധിച്ച് 31 ന് മാതൃ സംഘടനയുടെ നേതൃത്വത്തിൽ പള്ളിയിൽ വരാൻ സാധിക്കാത്ത വയോജനങ്ങളെയും രോഗികളെയും ഒപ്പം ക്ലാരഭവൻ old age home ലെ എല്ലാ അന്തേവാസികളെയും പള്ളിയിൽ കൊണ്ടുവരികയും അവർക്കുവേണ്ടി ബഹു. ജോസ് കൊച്ചറയ്ക്കലച്ചൻ ദിവ്യബലിയർപ്പിച്ച് പ്രാർത്ഥിക്കുകയും ഷാൾ കൊടുത്ത് ആദരിക്കുകയും സ്നേഹവിരുന്ന് നൽകി വീടുകളിൽ തിരിച്ചെത്തിക്കുകയും ചെയ്തു.

## പയ്യമ്പിള്ളി ഫൊറോന

മേഖല ഡയ. ബഹു. ചാക്കോ വാഴക്കാലായിലച്ചന്റെ നേതൃത്വത്തിൽ മേഖലാ ടീം യൂണിറ്റ് സന്ദർശനങ്ങൾ നടത്തി. റിക്കോർഡുകൾ പരിശോധിച്ച് ഒപ്പ് വെക്കുകയും ചെയ്തു. ആറാട്ടുതറ, തൃശ്ശിലേരി, പടമല, പനവല്ലി, കാട്ടിക്കുളം, കമ്മന, എന്നീ യൂണിറ്റുകളിൽ ശ്രീ. ജോസ് പള്ളത്ത് സാറിന്റെ ബോധവത്കരണ ക്ലാസോടുകൂടി സെമിനാർ സംഘടിപ്പിച്ച് പ്രവർത്തനങ്ങൾ വിലയിരുത്തുകയും പ്രോത്സാഹനങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും നൽകുകയും ചെയ്തു. സഹകരിക്കുകയും വിജയിപ്പിക്കുകയും ചെയ്ത ബഹു.വികാരിയച്ചൻമാരെയും, ആനിമേറ്റേഴ്സിനെയും ഭാരവാഹികളെയും നന്ദിയോടെ ഓർക്കുന്നു.

## ആറാട്ടുതറ യൂണിറ്റ്

4-ന് ഡയ. ബഹു. ചാക്കോ വാഴക്കാലായിലച്ചന്റെ നേതൃത്വത്തിൽ യോഗം നടത്തി. ശ്രീമതി അന്നമ്മ ആര്യപ്പള്ളി യോഗത്തിന് സ്വാഗതം പറഞ്ഞു. വചനത്തെ അടിസ്ഥാനപ്പെടുത്തി അച്ചൻ അമ്മമാരോട് സംസാരിച്ചു. യോഗത്തിന് ശ്രീമതി ഷിജി സാബു നന്ദിയർപ്പിച്ചു. നവംബർ മാസത്തിൽ ജില്ലാ ആശുപത്രിയിൽ ഒരു നേരത്തെ അന്നദാനം നൽകാൻ തീരുമാനിച്ചു.

## പോരൂർ യൂണിറ്റ്

13 ന് ഞായറാഴ്ച രാവിലെ ദിവ്യബലിക്ക് ശേഷം ഇടവകയിലെ 65 വയസ്സിന് താഴെ പ്രായമുള്ള എല്ലാ മാതാപിതാക്കളേയും ഉൾപ്പെടുത്തി സെമിനാർ ആരംഭിച്ചു. തൃശ്ശൂർ ഹോളിഫാമിലി അംഗമായ സി. ലീന തെരേസ് ആണ് ക്ലാസ്സ് നയിച്ചത്. 'ആധുനിക സാമൂഹിക സാംസ്ക്കാരിക പ്രശ്നങ്ങളെക്കുറിച്ച് നാം ചിന്തിക്കുക' എന്ന വിഷയത്തെ ആസ്പദമാക്കി ആരംഭിച്ച ക്ലാസ്സ് വളരെയേറെ ഉപകാര

പ്രദമായിരുന്നു. 800 ഓളം മാതാപിതാക്കൾ ഈ സെമിനാറിൽ പങ്കെടുത്തു.

## വാഴവറ്റ യൂണിറ്റ്

**മാതൃസംഘടനയുടെ പുതിയ ഭാരവാഹികൾ**

| | | |
|---|---|---|
| പ്രസിഡന്റ് | - | ശ്രീമതി സെലിൻ കാവുംപടത്ത് |
| വൈ.പ്രസിഡന്റ് | - | ശ്രീമതി മേഴ്സി നെല്ലിനിൽക്കുംതടത്തിൽ |
| സെക്രട്ടറി | - | ശ്രീമതി ലിസ്സി പാലത്തടം |
| ജോ.സെക്രട്ടറി | - | ശ്രീമതി കത്രിക്കുട്ടി കുഞ്ഞാനായിൽ |
| ട്രഷറർ | - | ശ്രീമതി ലാലി നെല്ലിനിൽക്കുംതടത്തിൽ |

സെപ്റ്റംബർ 13 ന് ബഹു.ജോഷി പുൽപ്പയിൽ അച്ചന്റെ നേതൃത്വത്തിൽ അമ്മമാർക്കായി സെമിനാർ നടത്തി. 163 അമ്മമാർ പങ്കെടുത്തു. സെക്ര. ശ്രീമതി ലിസി പാലത്തടം എല്ലാവർക്കും നന്ദി പറഞ്ഞു. നവംബർ 12 ന് വാഴവറ്റ യൂണിറ്റിൽ വിസിറ്റ് നടത്തി. മേഖല ഡയറക്ടർ ഫാ. ജോസഫ് വയലിൽ, ആനിമേറ്റർ സി. കുസ്മോസ് എന്നിവർ റിക്കോർഡുകൾ പരിശോധിച്ചു. യൂണിറ്റിന് എല്ലാനന്മകളും നേർന്നു. വി. ബലിയോടെ യോഗം അവസാനിച്ചു. സെക്രട്ടറി. ശ്രീമതി ലിസ്സി പാലത്തടം എല്ലാവർക്കും നന്ദിപറഞ്ഞു.

## നടവയൽ യൂണിറ്റ്

12 ന് കേണിച്ചിറയിൽ വെച്ച് മേഖലാ ജനറൽബോഡിയോഗം നടന്നു. വിവിധ ഇടവകയിൽ നിന്നു 15 പേർ പങ്കെടുത്തു. പ്രേഷിത വർഷം പ്രമാണിച്ച് ഒരു വൈദിക വിദ്യാർത്ഥിയെ സഹായിക്കാൻ ഫണ്ടു സ്വരൂപിക്കാൻ തീരുമാനിച്ചു. ഡിംസംബർ 10-ന് ക്രിസ്തുമസ്സ് ആഘോഷം കേണിച്ചിറയിൽ വെച്ച് ആഘോഷിക്കാൻ തീരുമാനിച്ചു. അന്ന് അമ്മമാർക്കായി കരോൾഗാന മത്സരം, ചിത്രരചനാ മത്സരം, കഥാ മത്സരം എന്നിവ നടത്തുവാൻ തീരുമാനിച്ചു. നടവയിലെ എല്ലാ യൂണിറ്റുകളും മറ്റ് യൂണിറ്റുകളെ ക്രിസ്മസ് ഫ്രെണ്ടായി തിരഞ്ഞടുത്തു.

## ചെറുകാട്ടൂർ യൂണിറ്റ്

യൂണിറ്റിന് ഫണ്ട് ഉണ്ടാക്കുവാൻ അമ്മമാർ മിഷ്യൻ പിരിവിനായി സഹകരിച്ചു. 8 ന് ബഹു. ജോഷി പുൽപ്പയിൽ അച്ചന്റെ നേതൃത്വത്തിൽ അമ്മമാർക്കായി ക്ലാസ്സെടുത്തു. രൂപതാസാഹിത്യമത്സരത്തിൽ ഒരാൾ പങ്കെടുത്തു. 22 ന് അരിഞ്ചേർമലയിൽ വെച്ചു നടന്ന മേഖലാ ജപമാല റാലിയിൽ 15 അമ്മമാർ പങ്കെടുത്തു.

## ചുണ്ടക്കര യൂണിറ്റ്

മാതൃസംഘാംഗങ്ങൾ ഗ്രൂപ്പുകളായി തിരിഞ്ഞു രോഗിസന്ദർശനം

നടത്തുകയും അവർക്കുവേണ്ടി ജപമാലചൊല്ലി പ്രാർത്ഥിക്കുകയും ചെയ്യുന്നു. കൽപ്പറ്റ സർക്കാർ ആശുപത്രിയിൽ എല്ലാ വ്യാഴാഴ്ചയും രോഗികൾക്കുഭക്ഷണമുണ്ടാക്കാൻ സഹായിക്കുന്നു. രൂപതാ സാഹിത്യ മത്സരത്തിൽ ഒരാൾ പങ്കെടുത്തു.

**വിളമ്പുകണ്ടം യൂണിറ്റ്**

ജില്ലാ ആശുപത്രിയിൽ രോഗികൾക്കു ഭക്ഷണമുണ്ടാക്കാൻ സഹായിക്കുന്നു. 22 ന് അരിഞ്ചേർമലയിൽ വെച്ചു നടന്ന മേഖലാ ജപ മാലറാലിയിൽ അമ്മമാർ പങ്കെടുത്തു. ഒരു സാധു പെൺകുട്ടിയുടെ ആവശ്യത്തിന് ഇടവകയിൽ കാഴ്ചസമർപ്പണം നടത്തി സഹായിച്ചു.

**വാളവയൽ യൂണിറ്റ്**

22 ന് അരിഞ്ചേർമലയിൽ വെച്ചു നടന്ന മേഖലാ ജപമാലറാലി യിൽ അമ്മമാർ പങ്കെടുത്തു. രൂപതാ സാഹിത്യമത്സരത്തിൽ ഒരാൾ പങ്കെടുത്തു. രോഗിയായ ഒരു സഹോദരിയെ സന്ദർശിക്കുകയും ചികി ത്സാസഹായം നല്കുകയും ചെയ്തു.

**നടവയൽ യൂണിറ്റ്**

രോഗിസന്ദർശനം നടത്തി. 22 ന് അരിഞ്ചേർമലയിൽ വെച്ചു നടന്ന മേഖലാ ജപമാല റാലിയിൽ അമ്മമാർ പങ്കെടുത്തു. വ്യാഴാഴ്ചകളിൽ ബത്തേരി താലൂക്ക് ആശുപത്രിയിൽ രോഗികൾക്കുഭക്ഷണമുണ്ടാക്കാൻ സഹായിക്കുന്നു. രൂപതാ സാഹിത്യമത്സരത്തിൽ ഒരാൾ പങ്കെടുത്തു.

**അരിഞ്ചേർമല യൂണിറ്റ്**

22 ന് അരിഞ്ചേർമല യൂണിറ്റിൽ വെച്ചു മേഖലാ ജപമാലറാലി നടന്നു. ശാഖാഡയറക്ടർ ബഹു. ജോസ് ചക്കിട്ടകുടിയച്ചൻ എല്ലാവ രെയും സ്വാഗതം ചെയ്തു. മേഖലാ.ഡയ.ബഹു.തോമസച്ചൻ റാലി ഉൽഘാടനം ചെയ്തു. റാലിക്കുശേഷം ബഹു.സുനിൽ അച്ചൻ ദിവ്യ ബലിയർപ്പിച്ചു. വചനസന്ദേശം നല്കി. റാലിയിൽ സംബന്ധിച്ച എല്ലാ വർക്കും ഉച്ചഭക്ഷണം നല്കി.

**കേണിച്ചിറ യൂണിറ്റ്**

ചൊവ്വാഴ്ചകളിൽ ബത്തേരി താലൂക്ക് ആശുപത്രിയിൽ രോഗി കൾക്കു ഭക്ഷണമുണ്ടാക്കാൻ സഹായിക്കുന്നു. ഒക്ടോബർ ഒന്നാമത്തെ ഞായറാഴ്ച ഭക്ഷ്യസുരക്ഷയെക്കുറിച്ച് അമ്മമാർക്ക് ക്ലാസെടുത്തു. രൂപതയിൽ നടന്ന മദ്യവിരുദ്ധ കൺവെൻഷനിൽ അമ്മമാർ പങ്കെടുത്തു.

**തരിയോട് യൂണിറ്റ്**

തരിയോട് യൂണിറ്റിലെ കുടുംബപ്രേഷിതത്വത്തിന്റെ മേഖലാ ഭാരവാഹികളുടെയും, യൂണിറ്റ് ആനിമേറ്റേഴ്സിന്റെ ഒരു സംയുക്ത

സമ്മേളനം 7 ന് ബഹു. മേഖലാ ഡയ. സെബാസ്റ്റ്യൻ പാലക്കിയച്ചന്റെ അദ്ധ്യക്ഷതയിൽ ചെന്നലോട് ഇടവകയിൽ വെച്ച് ചേർന്നു. ഈ സമ്മേളനത്തിൽ തരിയോട് മേഖലയിലെ എല്ലാ യൂണിറ്റ് ആനിമേറ്റേഴ്സും പങ്കെടുത്തു. തരിയോട് മേഖലാ പ്രവർത്തനങ്ങൾ വിലയിരുത്തുകയും, ഭാവിപ്രവർത്തനങ്ങളെക്കുറിച്ച് ചർച്ചനടത്തുകയും ചെയ്തു. മേഖലാ വാർഷികം ചെന്നലോട് ഇടവകയിൽവെച്ച്, ഡിസം 3 ന് നടത്താൻ തീരുമാനിച്ചു. അന്നേ ദിവസം കരോൾ ഗാനമത്സരം നടത്താനും തീരുമാനിച്ചു. കൂടാതെ ലോഗോസ് ക്വിസിൽ പങ്കെടുത്ത് കൂടുതൽ മാർക്ക് വാങ്ങിയ അമ്മമാർക്ക് പ്രോൽസാഹന സമ്മാനം നൽകാനും തീരുമാനിച്ചു.

**മരിയൻ സിംഗിൾസ്**

16 ന് ഡയറക്ടറിന്റെയും, സി. മരീനയുടെയും നേതൃത്വത്തിൽ ഏകസ്ഥ കൂട്ടായ്മ നടന്നു 15 പേർ പങ്കെടുത്തു. അടുത്ത മീറ്റിംഗ് ഡിസംബർ 20 ന് 10 മണിക്ക്.

**ഫാ. ഡെന്നീസ് കഴുതാടിയിൽ**
ഡയറക്ടർ, കുടുംബപ്രേഷിതത്വം

# സിയോൻ വാർത്തകൾ

## സിയോൻ ധ്യാന കേന്ദ്രത്തിന് പുതിയ ഡയറക്ടർ

റവ. ഫാ. അഗസ്റ്റിൻ താന്നിയിൽ 1-11-2011 ന് സിയോന്റെ പുതിയ ഡയറക്ടറായി ചാർജ്ജെടുത്തു.

## സോണൽ മീറ്റിംഗ്

4-11-11 ആദ്യവെള്ളി സോണൽ മീറ്റിംഗിനായി സിയോൻ ശുശ്രൂഷകർ സിയോൻ ചാപ്പലിൽ ഒരുമിച്ചുകൂടി. ബഹു. മേമന ജോർജച്ചൻ വി. കുർബാന അൾത്താരയിൽ പ്രതിഷ്ഠിച്ചു. ശ്രീ. മാധവൻ കുന്നേത്തോട്ടത്തിൽ ജപമാല നയിച്ചു. ശ്രീ. ജോണി കുന്നുംപുറം ആരാധന നയിച്ചു. ശുശ്രൂഷകരെല്ലാം കുമ്പസാരിച്ച് ഒരുങ്ങി. 12 മണിയ്ക്ക് ബഹു. ജോർജ് മേമനയച്ചൻ വി. ബലി അർപ്പിച്ചു. നമ്മുടെ മരണം മുന്നിൽകണ്ട് വിശുദ്ധിയോടെ ജീവിക്കണം. നിന്റെ അന്ത്യത്തെക്കുറിച്ച് ഓർക്കുക എന്നാൽ നീ പാപം ചെയ്യുകയില്ലായെന്ന് അച്ചൻ അനുസ്മരിപ്പിച്ചു. 1.30 ന് സിയോന്റെ പുതിയ ഡയറക്ടറായി ചാർജ്ജെടുത്ത ബഹു. അഗസ്റ്റിൻ താന്നിയിൽ അച്ചന് പൂവ് കൊടുത്ത് സ്വീകരണം നൽകി. ബഹു. മനോജ് കാക്കോനാൽ അച്ചൻ സ്വാഗതം ആശംസിച്ചു. ബഹു. താന്നിയിൽ അച്ചനെ പരിചയപ്പെടുത്തി. ബഹു. ഡയറക്ടറച്ചൻ സോണൽ മീറ്റിംഗ് അംഗങ്ങളെ അഭിസംബോധന ചെയ്ത് സംസാരിച്ചു. ബഹു. മനോജ് കറുത്തേടത്ത് അച്ചനും സന്നിഹിതനായിരുന്നു. 1.45-ന് ലഘുഭക്ഷണം. അതിനുശേഷം വീണ്ടും ഒരുമിച്ച് കൂടി. പുതിയ ഭാരവാഹികളുടെ തെരഞ്ഞെടുപ്പ് ജനുവരിയിലായിരിക്കും നടത്തുക. 5-11-11 ആദ്യശനി ഹർത്താലായതിനാൽ ആദ്യശനി പ്രോഗ്രാം ഉണ്ടായിരിക്കുകയില്ല എന്ന് അറിയിച്ചു.

**രണ്ടാംശനി - കൗൺസിലിംഗ് ദിനം**

തലേരാത്രി പ്രാർത്ഥിച്ച് ഒരുങ്ങിയ കൗൺസിലേഴ്സ് 626 പേർക്ക് കൗൺസിലിംഗ് നടത്തി.

**സിയോൻ ഡിസംബർ മാസത്തിൽ**

| | | |
|---|---|---|
| 2 ആദ്യവെള്ളി | - | സോണൽ മീറ്റിംഗ്, ജാഗരണ പ്രാർത്ഥന |
| 3 ആദ്യശനി | - | ഏകദിന കൺവെൻഷൻ |
| | - | ക്രിസ്റ്റീൻ കൺവെൻഷൻ |
| 10 രണ്ടാം ശനി | - | കൗൺസിലിംഗ് ദിനം |
| | - | യുവജന കൂട്ടായ്മ |
| | - | ദമ്പതീ കൂട്ടായ്മ |
| 16 മൂന്നാം വെള്ളി | - | സൗഖ്യദിനം |
| | - | ജാഗരണ പ്രാർത്ഥന |
| 30 അഞ്ചാം വെള്ളി | - | ജാഗരണ പ്രാർത്ഥന (സുവിശേഷമുന്നണി) |

സിയോൻ ഡയറക്ടേഴ്സ്

**ഫാ. അഗസ്റ്റിൻ താന്നിയിൽ**
**ഫാ. മനോജ് കാക്കോനാൽ**
**ഫാ. മാത്യു കറുത്തേടത്ത്**



# ജീസസ് യൂത്ത്, ക്രിസ്റ്റീൻ

- 2011 ഒക്ടോബർ 26-ാം തീയതി നടവയൽ 'ഹോളിക്രോസ്'ഫൊറോന പള്ളിയിൽ വെച്ച് 500 ഓളം കുട്ടികൾ പങ്കെടുത്ത ഏകദിന ക്രിസ്റ്റീൻ ധ്യാനം 'ജീസസ് യൂത്തി'ന്റെ നേതൃത്വത്തിൽ നടത്തി. ജീസസ് യൂത്ത് ഡയറക്ടർ ഫാ. മനോജ് കാക്കോനാൽ ക്ലാസുകൾ നയിച്ചു. രാവിലെ 9.30 ന് ജപമാലയോടുകൂടി ആരംഭിച്ച പ്രോഗ്രാം ദിവ്യകാരുണ്യ ആരാധനയോടുകൂടെ 4.30 ന് അവസാനിച്ചു.
- ഒക്ടോബർ 25 മുതൽ 28 വരെയുള്ള തീയതികളിൽ ബാംഗ്ലൂർ ക്രൈസ്റ്റ് കോളേജിൽ വെച്ച് ജീസസ് യൂത്ത് കാമ്പസ് മിനിസ്ട്രിയുടെ സിൽവർജൂബിലി ആഘോഷത്തോടനുബന്ധിച്ച് 'നാഷണൽ കാമ്പസ് കോൺഫ്രൻസ്' നടത്തി. മാനന്തവാടി രൂപതയിലെ ജീസസ് യൂത്ത് അംഗങ്ങളായ ലിറ്റിന പി. ജോർജ്ജ്, അഭിലാഷ് പി. മാത്യു, അജയ് പോൾ എന്നിവർ പരിപാടിയിൽ പങ്കെടുത്തു.
- ഒക്ടോബർ 28-ാം തീയതി കായക്കുന്ന് 'ലാസലെറ്റ് ആശ്രമ'ത്തിൽ വെച്ച് ജീസസ് യൂത്തിന്റെ നേതൃത്വത്തിൽ ജാഗരണ പ്രാർത്ഥന നടത്തി. 28 ന് വൈകിട്ട് 8 മണിയോടുകൂടെ ആരംഭിച്ച ജാഗരണ പ്രാർത്ഥന പരിശുദ്ധ ദൈവമാതാവിന്റെ ജപമാല, വചനപ്രഘോഷണം, മണിക്കൂറുകൾ നീണ്ട ദിവ്യകാരുണ്യ ആരാധന, ഗാനശുശ്രൂഷ, കരുണയുടെ ജപമാല, കുരിശിന്റെ വഴി, വി. കുർബാന എന്നിവയാൽ അഭിഷേക പൂർണ്ണമായിരുന്നു. 29 ന് രാവിലെ 6 മണിയോടുകൂടെ പ്രാർത്ഥന അവസാനിച്ചു.
- നവംബർ 12 രണ്ടാം ശനിയാഴ്ച ദ്വാരക സിയോൻ ചാപ്പലിൽ വെച്ച് ജീസസ് യൂത്തിന്റെ പ്രാർത്ഥനാ കൂട്ടായ്മ നടന്നു. അമ്പതോളം യുവജനങ്ങൾ പ്രാർത്ഥനകളിൽ പങ്കെടുക്കാനെത്തി. ജപമാല, വചനപ്രഘോഷണം, വി. കുർബാന, വചനപഠനം, ദിവ്യകാരുണ്യ ആരാധന, ഗാനശുശ്രൂഷകൾ എന്നിവയാൽ പ്രാർത്ഥനാശുശ്രൂഷകൾ സജീവമായിരുന്നു.

**ഫാ. മനോജ് കാക്കോനാൽ** - ഡയറക്ടർ

# വിൻസെന്റ് ഡി പോൾ സൊസൈറ്റി

സ്നേഹമുള്ള വിൻസെൻഷ്യൻ സഹോദരീ സഹോദരന്മാരേ,

നമ്മുടെ രക്ഷകനും, നാഥനുമായ യേശുനാഥന്റെ ജനനതിരുനാളിന് ഒരുക്കമായിട്ടുള്ള ഇരുപത്തിയഞ്ച് നോമ്പിലേയ്ക്ക് പ്രവേശിക്കുന്ന ഈ അവസരത്തിൽ നമുക്ക് എല്ലാവർക്കും രക്ഷകന്റെ ആഗമനത്തിനായി പ്രാർത്ഥിച്ച് ഒരുങ്ങാം. നമ്മുടെ പരിത്യാഗപ്രവർത്തനങ്ങൾ കൂടുതൽ തീക്ഷ്ണതയോടെ അനുഷ്ഠിക്കാം. പരിശുദ്ധ അമ്മയെപ്പോലെ ജീവിതത്തിലെ എല്ലാ ബുദ്ധിമുട്ടുകളും 'ഇതാ കർത്താവിന്റെ ദാസി അങ്ങയുടെ ഹിതം പോലെ എന്നിൽ നിറവേറട്ടെ' എന്നു പ്രാർത്ഥിച്ചുകൊണ്ട് നമുക്കു സ്വീകരിക്കാം. അങ്ങനെ ഒരു നല്ല ക്രിസ്തുമസിനായി  ഒരുങ്ങാം. ഈ ക്രിസ്തുമസ് കാലത്ത് 'നമ്മുടെ യജമാനന്മാരായ പാവങ്ങളെ' കൂടുതൽ ശ്രദ്ധയോടെ സഹായിക്കുവാനും ക്രിസ്തുമസിന്റെ സമാധാനവും, സന്തോഷവും, സംതൃപ്തിയും അവർക്ക് നൽകുവാനും നമുക്കു പരിശ്രമിക്കാം. എല്ലാവർക്കും സമാഗതമാകുന്ന ക്രിസ്തുമസിന്റെയും പുതുവത്സരത്തിന്റെയും ആയിരമായിരം ആശംസകൾ നേരുന്നു.

ഡിസംബർ 8 ന് പരിശുദ്ധ അമ്മയുടെ ജനനതിരുനാൾ ഭക്തിപൂർവ്വം ആചരിക്കണമെന്ന് പ്രത്യേകം ഓർമ്മിപ്പിക്കുന്നു. അന്നേദിവസം തിരുസഭയുടെ പരിശുദ്ധ പിതാവിനും, സൊസൈറ്റിക്കും, മാതൃരാജ്യത്തിനുംവേണ്ടി പ്രത്യേകം പ്രാർത്ഥിക്കുകയും ഇടവകകളിൽ കുർബാന ചൊല്ലിക്കുകയും വേണം.

**ക്രിസ്തുമസ് ആഘോഷം 2011**

ഈ വർഷത്തെ സംഘടനയുടെ ക്രിസ്തുമസ്, പുതുവത്സര

ആഘോഷം 2012 ജനുവരി 2 ന് നടവയൽ ഓസ്സാനാംഭവനിൽ വെച്ച്, മണ്ഡ്യ രൂപതയുടെ അഭിവന്ദ്യ മെത്രാൻ മാർ ജോർജ്ജ് ഞരളക്കാട്ട് പിതാവിന്റെ മഹനീയ സാന്നിധ്യത്തിൽ നടത്തപ്പെടുന്നതാണ്. തദവസരത്തിൽ ഓസ്സാനാംഭവൻ അന്തേവാസികൾക്ക് പുതുവസ്ത്ര വിതരണവും ഉണ്ടായിരിക്കുന്നതാണ്. മുഴുവൻ സി.സി ബോർഡംഗങ്ങൾ, എ.സി പ്രസിഡണ്ടുമാർ ഓസ്സാനാംഭവൻ ജനറൽ ബോഡിയംഗങ്ങൾ എന്നിവർ കൃത്യസമയത്തു (10 am) തന്നെ എത്തിചേരണമെന്ന് ഓർമ്മിപ്പിക്കുന്നു.

**വിൻസെൻഷ്യൻ ധ്യാനം**

മുൻ നിശ്ചയപ്രകാരം 11-11-11 വെള്ളിയാഴ്ച വൈകുന്നേരം 5 മണിമുതൽ 13-11-11 ഞായറാഴ്ച ഉച്ചയ്ക്ക് 1 മണി വരെ പുതുപ്പാടി വിൻസെൻഷ്യൻ ജൂബിലി ധ്യാനകേന്ദ്രത്തിൽ വെച്ച് മാനന്തവാടി രൂപതയിലെ സൊസൈറ്റി അംഗങ്ങൾക്കുവേണ്ടി നടത്തിയ ധ്യാനത്തിൽ 160 അംഗങ്ങൾ സംബന്ധിച്ചു. ധ്യാനം നയിച്ചത് ജൂബിലി ധ്യാനകേന്ദ്രം ഡയറക്ടർ റവ. ഫാ. ആന്റോ കണ്ണമ്പുഴ VC യും & ടീമും ആണ്. ബഹുമാനപ്പെട്ട ആന്റോ അച്ചനു പുറമേ റവ. ഫാ. ജോസ് കളപ്പുരയ്ക്കൽ VC, റവ. ഫാ. ജോസഫ് എറമ്പിൽ V.C., ബ്ര. മനോജ്, ബ്ര. ബിനീഷ് സ്റ്റീഫൻ എന്നിവർ ക്ലാസ്സുകൾക്ക് നേതൃത്വം നൽകി. കൂടാതെ നമ്മുടെ ആത്മീയോപദേഷ്ടാവ് റവ. ഫാ. ജോർജ്ജ് മേമന ആദ്യാവസാനം അംഗങ്ങളോടൊപ്പം ആയിരിക്കുകയും വി. ബലി അർപ്പിച്ച് പ്രാർത്ഥിക്കുകയും, വേണ്ട നേതൃത്വം നൽകുകയും ചെയ്തു. ധ്യാനത്തിൽ പങ്കെടുത്ത എല്ലാവർക്കും ഒരു പുതിയ ഉണർവ് ലഭിച്ചിട്ടുണ്ടാകുമെന്ന് വിശ്വസിക്കുന്നു. ധ്യാനത്തോടനുബന്ധിച്ച് വിശുദ്ധ വിൻസെന്റ് ഡി പോളിന്റെ ജീവചരിത്രത്തെ ആസ്പദമാക്കിയിട്ടുള്ള 3 മണിക്കൂർ നീണ്ടു നിൽക്കുന്ന സിനിമ ആദ്യമായി 12-11-11 ന് രാത്രി (7 മണി മുതൽ 10 മണി വരെ) പ്രദർശിപ്പിച്ചത് വലിയൊരളവിൽ വി.വിൻസെന്റിനെ എല്ലാവർക്കും മനസിലാക്കുവാൻ സഹായിച്ചു. സൊസൈറ്റിയുടെ ആവശ്യാർത്ഥം നടത്തിയ ധ്യാനത്തിന് ജൂബിലി അധികൃതർക്കും പങ്കെടുത്ത എല്ലാ അംഗങ്ങൾക്കും നന്ദിയുടെ പൂച്ചെണ്ടുകൾ.

സൊസൈറ്റി അംഗങ്ങൾക്കുവേണ്ടി "പരസ്നേഹധ്യാനം" അടുത്ത 2012 ജനുവരി 15 ന് വൈകുന്നേരം മുതൽ 20-ാം തീയതി ഉച്ച

വരെ പുതുപ്പാടി ധ്യാനകേന്ദ്രത്തിൽ വെച്ച് നടത്തുന്നുണ്ട്. ഇപ്പോൾ ധ്യാനത്തിൽ പങ്കെടുക്കാത്തവരും, താൽപര്യമുള്ളവരും അവരുടെ പേർ എ.സി. പ്രസിഡന്റുമാർ മുഖേന മുൻകൂട്ടി സി.സി പ്രസിഡന്റിനെ അറിയിക്കേണ്ടതാണ്.

## അറിയിപ്പുകൾ

1. മുൻ വർഷങ്ങളിൽ ചെയ്തതുപോലെ ഓസ്സാനാംഭവൻ അന്തേവാസികൾക്ക് പുതുവസ്ത്രം നൽകുന്നതിനുവേണ്ടി ഓരോ കോൺഫ്രൻസും 150 രൂപ വീതം എ.സി. പ്രസിഡന്റുമാർ വശം 22-12-11 ന് മുമ്പായി ഏൽപ്പിക്കേണ്ടതാണ്.
2. 2012 ലെ ഡയറിക്കുവേണ്ടി ഓരോ കോൺഫ്രൻസും 60 രൂപ വീതം എ.സി. പ്രസിഡന്റുമാർ വശം നൽകേണ്ടതാണ്. തുക സമാഹരിച്ച് അടുത്ത സി.സി. യോഗത്തിൽ ട്രഷറർ വശം കൊടുക്കേണ്ടതാണ്.

## പുതിയ കോൺഫ്രൻസ് രൂപീകരണം

തോണിച്ചാൽ എ.സി. യുടെ കീഴിൽ തോണിച്ചാൽ ഇടവകയിൽ 2011 ഒക്ടോബർ 9 ന് ഒരു പുരുഷ കോൺഫ്രൻസും ഒരു വനിതാ കോൺഫ്രൻസും രൂപീകരിച്ചു.

1). സെന്റ് ജൂഡ്സ് കോൺഫ്രൻസ് (പുരുഷൻ) പ്രസിഡന്റ്: ബ്ര. ഡെന്നി മാത്യു ആര്യപ്പള്ളിൽ, നല്ലൂർനാട് (P.O) തോണിച്ചാൽ.

2). സെന്റ് മേരീസ് കോൺഫ്രൻസ് (സ്ത്രീ) പ്രസിഡന്റ്: സെലിൻ വരിക്കപ്പള്ളി, നല്ലൂർനാട് (P.O) തോണിച്ചാൽ.

പുതിയ കോൺഫ്രൻസുകൾക്ക് എല്ലാവിധ ആശംസകളും നേരുന്നു.

## ഓസ്സാനഭവൻ സന്ദർശനം

| | | |
|---|---|---|
| 15-12-2011 | - | സെന്റ് അൽഫോൻസ് ദീപ്തിഗിരി |
| 17-12-2011 | - | സെന്റ് തോമസ് ദീപ്തിഗിരി |
| 19-12-2011 | - | സെന്റ് ജോർജ്ജ് കല്ലോടി |
| 21-12-2011 | - | സെന്റ് ആന്റണി കുഞ്ഞോം |
| 23-12-2011 | - | സെന്റ് ജോസഫ് ജൂനിയർ/സെന്റ് മരിയ ഗൊരേറ്റി കല്ലോടി |
| 26-12-2011 | - | സെന്റ് ബെനഡിക്ട് മക്കിയാട് |
| 28-12-2011 | - | സെന്റ് മേരീസ് പുതുശ്ശേരി |
| 30-12-2011 | - | സെന്റ് അൽഫോൻസ് മക്കിയാട് |
| 3-1-2011 | - | സെന്റ് തോമസ് വഞ്ഞോട് |

**കൽപ്പറ്റ എ.സി.**

5-1-2012 - സെന്റ് ക്ലാര ചാരിറ്റി കൽപ്പറ്റ

7-1-2012 - സെന്റ് ജൂഡ്സ് കൽപ്പറ്റ

8-1-2012 - സെന്റ് മേരീസ് കൽപ്പറ്റ

10-1-2012 - സെന്റ് മേരീസ് നെടുംമ്പാല

12-1-2012 - സെന്റ് മേരീസ് പുഴമുടി

14-1-2012 - സെന്റ് ജോസഫ് റിപ്പൺ

16-1-2012 - സെന്റ് മേരീസ് വൈത്തിരി (വനിത)

18-1-2012 - സെന്റ് മേരീസ് വൈത്തിരി (പുരുഷൻ)

ഏവർക്കും ക്രിസ്തുമസ് പുതുവത്സര ആശംസകൾ നേർന്നു കൊണ്ട് നിർത്തുന്നു.

സ്നേഹപൂർവ്വം,

**ബ്രദർ എം.സി. തോമസ് മാങ്ങൻ**

സി.സി. പ്രസിഡന്റ്

# കെ.സി.ബി.സി. മദ്യവിരുദ്ധസമിതി

**സംസ്ഥാന സമ്മേളനം**

കെ.സി.ബി.സി മദ്യവിരുദ്ധ സമിതിയുടെ സംസ്ഥാന സമ്മേളനം ഡിസംബർ 9, 10 തീയതികളിൽ കോഴിക്കോട് നടക്കും. ആദ്യമായാണ് മലബാറിൽ വെച്ച് സംസ്ഥാന സമ്മേളനം നടക്കുന്നത്. വിളംബര യാത്ര, പതാക പ്രയാണം, ഛായാചിത്ര പ്രയാണം, മദ്യവിരുദ്ധ ജ്വാലപ്രയാണം, മദ്യവിമുക്തരുടെ സമ്മേളനം, കലാസന്ധ്യ, പ്രതിനിധി സമ്മേളനം, മദ്യ വിരുദ്ധ റാലി, പൊതുസമ്മേളനം എന്നിവ ആസൂത്രണം ചെയ്തിട്ടുണ്ട്.

**സ്വാഗതസംഘ രൂപീകരണം**

മദ്യവിരുദ്ധ സമിതി സംസ്ഥാന സമ്മേളനത്തോടനുബന്ധിച്ച് സ്വാഗതസംഘരൂപീകരണം കോഴിക്കോട് സെന്റ് ജോസഫ് ദേവാലയത്തിൽ നടന്നു. മാനന്തവാടി രൂപതയെ പ്രതിനിധീകരിച്ച് രൂപതാ ഡയറക്ടർ റവ. ഫാ. തോമസ് കുറ്റിക്കാട്ടുകുന്നേൽ, ശ്രീ. ജോൺസൺ തൊഴുത്തുങ്കൽ, സി. ജോവിറ്റ, ബേബി പേടപ്പാട്ട്, പി.എ. ജെയിംസ് എന്നിവർ പങ്കെടുത്തു.

**രൂപതാ കൺവെൻഷൻ**

മദ്യവിരുദ്ധ സമിതിയുടെ രൂപതാ കൺവെൻഷൻ ഒക്ടോബർ 22 ന് രാവിലെ 10 മുതൽ 3 വരെ ദ്വാരക പാസ്റ്ററൽ സെന്ററിൽ നടന്നു. മാനന്തവാടി രൂപതാ ബിഷപ്പ് മാർ ജോസ് പൊരുന്നേടം കൺവെൻഷൻ ഉദ്ഘാടനം ചെയ്തു. രൂപതാ പ്രസിഡന്റ് ശ്രീ. ജോൺസൺ തൊഴുത്തുങ്കൽ അധ്യക്ഷത വഹിച്ചു. രൂപതാ ഡയറക്ടർ റവ. ഫാ. തോമസ് കുറ്റിക്കാട്ടുകുന്നേൽ മുഖ്യപ്രഭാഷണം നടത്തി. സംസ്ഥാന വൈസ് പ്രസിഡന്റ് പി. എ. ജെയിംസ്, AA വയനാട് ജില്ല കോ-ഓർഡിനേറ്റർ ശ്രീ. ജോർജ്ജ്, ടോമി നെടുംകൊമ്പിൽ, ബേബി പേടപ്പാട്ട്, സി. മരിയ CMC എന്നിവർ പ്രസംഗിച്ചു.

പൊതു ചർച്ചയായിരുന്നു കൺവെൻഷനിലെ പ്രധാന പരിപാടി. മദ്യവിരുദ്ധ പ്രവർത്തനങ്ങളിൽ നേരിടുന്ന വെല്ലുവിളികളും പ്രതിസന്ധികളും ചർച്ച ചെയ്യപ്പെട്ടു. മദ്യവിരുദ്ധ പ്രവർത്തനങ്ങൾ കൂടുതൽ ശക്തമാക്കുകയും ഇടവക യൂണിറ്റുകൾ ശക്തിപ്പെടുത്തുവാനും തീരുമാനിച്ചു. പ്രതീക്ഷിച്ചതിലധികം പ്രതിനിധികൾ കൺവെൻഷനിൽ പങ്കാളികളായി എന്നതിൽ അഭിമാനമുണ്ട്. 32 ഇടവകകളിൽ നിന്നും അൽമായരും സിസ്റ്റേഴ്സും കൺവെൻഷനിൽ പങ്കാളികളായി.

എടപ്പെട്ടി വികാരി റവ. ഫാ. ജെയിംസ് മാങ്കോട്ടിൽ, അമ്പായത്തോട് വികാരി റവ. ഫാ. ജോസ് കുളിരാനി എന്നീ വൈദികരുടെ സാന്നിധ്യവും വാക്കുകളും ഏറെ സന്തോഷകരമായിരുന്നു. കൺവെൻഷനിലേക്ക് പ്രതിനിധികളെ അയച്ച ബഹുമാനപ്പെട്ട വികാരിയച്ചന്മാർക്ക് പ്രത്യേകം നന്ദി.

### ലഹരി വിരുദ്ധ ക്ലബുകൾ

മാനന്തവാടി രൂപതാ കോർപ്പറേറ്റ് സ്കൂളുകളിൽ ലഹരി വിരുദ്ധ ക്ലബുകൾക്ക് ആരംഭമായി. എല്ലാ യു.പി, ഹൈസ്കൂൾ വിദ്യാലയങ്ങളിലെ അദ്ധ്യാപക പ്രതിനിധികൾ പാസ്റ്ററൽ സെന്ററിൽ ബഹു. കോർപ്പറേറ്റ് മാനേജരച്ചന്റെ അധ്യക്ഷതയിൽ യോഗം ചേർന്നു. രൂപതാ അക്കാദമിക് കോ-ഓഡിനേറ്റർ ശ്രീ. തോമസ് ഏറണാട്ട്, ലഹരി വിരുദ്ധ ക്ലബ്ബുകളുടെ രൂപതാ കോ-ഓഡിനേറ്റർ ശ്രീ. ജോൺസൺ തൊഴുത്തുങ്കൽ എന്നിവർ നേതൃത്വം നൽകി.

ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിക്കുവാൻ മുൻകൈ എടുത്ത രൂപതാ കോർപ്പറേറ്റ് മാനേജർ റോബിനച്ചന് രൂപത മദ്യവിരുദ്ധ സമിതിയുടെ ഹൃദയം നിറഞ്ഞ നന്ദി.

### A.A. കൂട്ടായ്മ

ധ്യാനം, ചികിത്സ എന്നിവയിലൂടെ മദ്യപാനം ഉപേക്ഷിച്ചവരുടെ കൂട്ടായ്മകളായ A.A യുടെ പ്രവർത്തനങ്ങൾ രൂപത ഇടവക തലത്തിൽ സജീവമാക്കുന്നു. ഇടവക തലത്തിൽ കൂട്ടായ്മകൾ രൂപപ്പെടുത്തി മദ്യവിമുക്തരെ ഒരുമിച്ച് കൂട്ടുവാനുള്ള പരിശ്രമങ്ങൾ ആരംഭിക്കേണ്ടതാണ്.

### സെമിനാറുകൾ മോചന 2011

### ശാന്തിനഗർ

ചുള്ളിയാന ഇടവക കെ.സി.വൈ.എം, കെ.സി.ബി.സി മദ്യവിരുദ്ധ സമിതി എന്നിവയുടെ നേതൃത്വത്തിൽ ശാന്തിനഗറിൽ വെച്ച് ലഹരി വിരുദ്ധ ബോധവൽക്കരണ പരിപാടി സംഘടിപ്പിച്ചു. സംസ്ഥാന വൈസ്

പ്രസിഡന്റ് പി. എം. ജെയിംസ് ഉദ്ഘാടനം ചെയ്തു. റവ. ഫാ. തോമസ് കുറ്റിക്കാട്ടുകുന്നേൽ അദ്ധ്യക്ഷത വഹിച്ചു. കാരക്കാമല പള്ളി വികാരി ബഹു. കുര്യാക്കോസ് പറമ്പിലച്ചൻ മുഖ്യസന്ദേശം നൽകി. ഏറെ മനോഹരമായി പരിപാടി സംഘടിപ്പിച്ച കെ.സി.വൈ.എം, കെ.സി.ബി.സി. മദ്യവിരുദ്ധ പ്രവർത്തകർക്ക് പ്രത്യേകം നന്ദി. രൂപതാ പ്രസിഡന്റ് ശ്രീ. ജോൺസൺ തൊഴുത്തുങ്കൽ പരിപാടികൾക്ക് നേതൃത്വം നൽകി.

## കേരള അക്കാദമി ഓഫ് എഞ്ചിനീയറിംഗ്

സുൽത്താൻ ബത്തേരി കേരള അക്കാദമി ഓഫ് എഞ്ചിനീയറിംഗ് വിദ്യാർത്ഥികൾക്കായി അർദ്ധദിന ബോധവൽക്കരണ പരിപാടി സംഘടിപ്പിച്ചു. 750-ൽ പരം വിദ്യാർത്ഥികൾ പങ്കെടുത്തു. പ്രിൻസിപ്പാൾ ശ്രീമതി ഗ്രേസി, ഡയറക്ടർ ശ്രീ. ജേക്കബ്, യൂണിയൻ ഭാരവാഹികൾ എന്നിവർ നേതൃത്വം നൽകി. രൂപതാ പ്രസിഡന്റ് ശ്രീ. ജോൺസൺ തൊഴുത്തുങ്കൽ ക്ലാസ്സ് നയിച്ചു.

## അസംപ്ഷൻ സ്കൂൾ

ദീപിക ദിനപത്രത്തിന്റെ 125-ാം ജന്മവാർഷികത്തോടനുബന്ധിച്ച് അമ്പലവയൽ കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന സീസ് വയനാട് എന്ന സംഘടനയുമായി സഹകരിച്ച് ബത്തേരി അസംപ്ഷൻ ഹൈസ്കൂളിൽ വെച്ച് ലഹരി വിരുദ്ധ ബോധവൽക്കരണ ക്ലാസ് നടത്തി. ബത്തേരി MLA ശ്രീ. I.C ബാലകൃഷ്ണൻ ഉദ്ഘാടനം ചെയ്തു. സ്കൂൾ മാനേജർ റവ. ഫാ. സ്റ്റീഫൻ കോട്ടക്കൽ അദ്ധ്യക്ഷത വഹിച്ചു. സ്കൂൾ HM ശ്രീമതി ആനി ജോസ്, ദീപിക റീജണൽ മാനേജർ ശ്രീ. ഒ. ഡി. ജോസ്, ബി. ഷാജൻ മാസ്റ്റർ, ഷാജി മാസ്റ്റർ, ദീപിക ബത്തേരി ലേഖകൻ ശ്രീ. ജോസ് എന്നിവർ നേതൃത്വം നൽകി. രൂപതാ പ്രസിഡന്റ് ശ്രീ. ജോൺസൺ തൊഴുത്തുങ്കൽ ക്ലാസ് നയിച്ചു.

## കുടുക്കി (ചീരാൽ)

കുടുക്കിയിൽ നടന്ന ലഹരി വിരുദ്ധ ബോധവൽക്കരണ ക്ലാസിൽ കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി രൂപതാ ടീം മെമ്പർ ശ്രീ. ജോസ് തോമസ് ക്ലാസുകൾ നയിച്ചു.

## ചുള്ളിയാന യൂണിറ്റ്

കെ.സി.ബി.സി. മദ്യവിരുദ്ധ സമിതിക്ക് ചുള്ളിയാന ഇടവകയിൽ യൂണിറ്റ് രൂപീകരിച്ചു. വളരെ ശക്തമായ പ്രവർത്തനം കാഴ്ചവെച്ചു. ധാരാളം അനധികൃത മദ്യകച്ചവടക്കാരുടെ കേന്ദ്രമായ ചുള്ളിയാനയും

സമീപപ്രദേശങ്ങളും വിമോചിപ്പിക്കുവാൻ സമിതിക്ക് സാധിച്ചു. ഇടവക വികാരിയും രൂപതാ ഡയറക്ടറുമായ തോമസ് കുറ്റിക്കാട്ടുകുന്നേലച്ചന്റെ നേതൃത്വത്തിൽ കെ.സി.വൈ.എം., കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി അനധികൃത മദ്യ വിൽപ്പന നടത്തുന്നവരുടെ ഭവനങ്ങൾ സന്ദർശിച്ച് അവരെ നേരിൽ കണ്ട് മദ്യവിൽപ്പനയിൽ നിന്ന് പിന്മാറണമെന്ന് അഭ്യർത്ഥിച്ചു. ആ പ്രവർത്തനത്തിന് ഏറെ ഫലമുണ്ടായി. മദ്യവിൽപ്പനക്കാർ മദ്യവിൽപ്പന അവസാനിപ്പിച്ചു.

കെ.സി.വൈ.എം പ്രവർത്തകരായ യുവജനങ്ങളാണ് കെ.സി. ബി.സി. മദ്യവിരുദ്ധ സമിതിയിലും അണിനിരന്ന് പ്രവർത്തനം ആരംഭിച്ചത്. വളരെ മാതൃകാപരമായ പ്രവർത്തനമാണ് അവർ കാഴ്ച വെച്ചത്. ഏവർക്കും ഹൃദയം നിറഞ്ഞ അഭിനന്ദനങ്ങൾ.

**ചുങ്കക്കുന്നിൽ ലഹരിവിരുദ്ധ തരംഗം**

ചുങ്കക്കുന്ന് പ്രദേശത്ത് പ്രത്യേകിച്ച് ഇളംതലമുറയിൽ വർദ്ധിച്ച് വരുന്ന ലഹരി സംസ്കാരത്തിനെതിരെ ശക്തമായ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്താൻ തീരുമാനമായി. ഇതിന്റെ ഭാഗമായി ഒക്ടോബർ 26-ാം തീയതി KCYM ന്റെ ആഭിമുഖ്യത്തിൽ ലഹരിവിരുദ്ധ ബൈക്ക് റാലി സംഘടിപ്പിച്ചു. നവംബർ 20-ാം തീയതി KCBC മദ്യവിരുദ്ധ സമിതി ഡയറക്ടർ ബഹു. തോമസ് കുറ്റിക്കാട്ടുകുന്നേലച്ചൻ 4 വിശുദ്ധ കുർബാനയിലും ലഹരി വിരുദ്ധ വചനസന്ദേശം നൽകുകയും, ഉച്ചകഴിഞ്ഞ് ബഹു. വികാരിയച്ചന്റെ അദ്ധ്യക്ഷതയിൽ ചേർന്ന പൊതുയോഗത്തിൽ KCBC മദ്യവിരുദ്ധ സമിതി രൂപീകരിക്കുകയും, ഭാരവാഹികളെ തെരഞ്ഞെടുക്കുകയും, കർമ്മ പരിപാടികൾ ആവിഷ്കരിക്കുകയും ചെയ്തു.

**ഭാരവാഹികൾ**

| | | |
|---|---|---|
| 1. സ്റ്റാനി തട്ടാപറമ്പിൽ | - | പ്രസിഡന്റ് |
| 2. ജോയി തെക്കേമല | - | വൈസ് പ്രസിഡന്റ് |
| 3. ബിന്ദു വാഹാനിയിൽ | - | വൈസ് പ്രസിഡന്റ് |
| 4. റോയി ഉഴത്തിൽ | - | വൈസ് പ്രസിഡന്റ് |
| 5. പൗലോസ് കുളത്തുലൊട്ട് | - | ജനറൽ സെക്രട്ടറി |
| 6. ഷിബു താന്നിക്കൽ | - | സെക്രട്ടറി |
| 7. ബിന്ദു കൽപ്പകശ്ശേരി | - | സെക്രട്ടറി |
| 8. ടോം കള്ളോപ്പള്ളിൽ | - | സെക്രട്ടറി |
| 9. ജോസ് കോച്ചേരി | - | ട്രഷറർ |

ചുങ്കക്കുന്ന് ഇടവകയിൽ ലഹരിവിരുദ്ധ പ്രവർത്തനങ്ങൾക്ക് ശക്തമായ നേതൃത്വം നൽകുന്ന വികാരിയച്ചൻ ബഹു. തോമസ് ചേറ്റാനിയിലച്ചനും, കൊച്ചച്ചൻ ബഹു. മാത്യു എടക്കുടിയിലച്ചനും പ്രത്യേകം നന്ദി പറയുന്നു.

**ചുങ്കക്കുന്ന് ഫൊറോന കൺവെൻഷൻ**

ചുങ്കക്കുന്ന് മേഖലയിൽ ലഹരിവിരുദ്ധ പ്രവർത്തനങ്ങൾ വിപുലീകരിക്കുന്നതിനും, ശക്തമാക്കുന്നതിനുമായി ഡിസംബർ 4–ാം തീയതി 2 മണിക്ക് ചുങ്കക്കുന്ന് ഫൊറോന പള്ളിയിൽ വെച്ച്, മേഖലയിലെ എല്ലാ ഇടവകകളിലും നിന്ന് മദ്യവിരുദ്ധ പ്രവർത്തകരെ പങ്കെടുപ്പിച്ച് വിപുലമായ കൺവെൻഷൻ സംഘടിപ്പിക്കുന്നു. ഓരോ ഇടവകയിൽ നിന്നും 10 പേരെ എങ്കിലും പങ്കെടുപ്പിച്ച് സഹകരിക്കണമെന്ന് ബഹു. വികാരിയച്ചന്മാരോട് അപേക്ഷിക്കുന്നു.

**ജോൺസൺ തൊഴുത്തുങ്കൽ**
രൂപതാ പ്രസിഡന്റ്

## റേഡിയോ മാറ്റൊലി 90.4 mhz

1. നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ 3 മാസം ദൈർഘ്യമുള്ള റേഡിയോ പ്രോഗ്രാം നിർമ്മാണ പരിശീലനം നവംബർ 1 മുതൽ റേഡിയോ മാറ്റൊലിയിൽ ആരംഭിച്ചു.
2. ഹോർട്ടികൾച്ചറൽ മിഷന്റെ സഹായത്തോടെയുള്ള കാർഷിക പരിപാടിയായ ജീവനിക്ക് നവംബർ 16 ന് തുടക്കമായി.
3. ശിശുദിനത്തോടനുബന്ധിച്ച് കമ്മ്യൂണിറ്റി റേഡിയോ മാറ്റൊലി എൽ. പി. സ്കൂൾ വിദ്യാർത്ഥികൾക്കായി ജലഛായാ ചിത്രരചനാ മത്സരം നടത്തി. റേഡിയോ മാറ്റൊലി കോൺഫ്രൻസ് ഹാളിൽ വച്ച് നടന്ന മത്സരത്തിൽ നാലാം മൈൽ മോഡേൺ ഇംഗ്ലീഷ് സ്കൂളിലെ നിഷാൻ ഇസ്മായിൽ ഖാൻ ഒന്നാം സ്ഥാനം നേടി. മാനന്തവാടി അമൃത വിദ്യാലയത്തിലെ അദ്വൈത് രണ്ടാം സ്ഥാനത്തിനും, ദ്വാരക എ. യു. പി. സ്കൂളിലെ ഹരിശരൺ ഷാജി മൂന്നാം സ്ഥാനത്തിനും അർഹരായി.
4. കമ്മ്യൂണിറ്റി റേഡിയോ മാറ്റൊലിയുടെ വിദ്യാലയ പരിപാടിയായ മഴവില്ല് സ്കൂൾ വിദ്യാർത്ഥികൾക്കായി കവിതാലാപന മത്സരം നടത്തി. നവംബർ 19 ശനിയാഴ്ച രാവിലെ 9.30 മുതൽ മാനന്തവാടി എൽ.എഫ്.യു.പി. സ്കൂളിൽ വച്ച് എൽ.പി, യു.പി, ഹൈസ്കൂൾ എന്നിങ്ങനെ 3 വിഭാഗങ്ങളിലായിട്ടായിരുന്നു മത്സരങ്ങൾ. എൽ. പി. വിഭാഗത്തിൽ കണിയാരം എ.എൽ.പി. സ്കൂളിലെ അലൻ ജിയോ സോയ്, കാട്ടിക്കുളം ജി.എച്ച് എസിലെ ലിജി തോമസ്, കല്ലോടി സെന്റ് ജോസഫ്സ് യു.പി. യിലെ സാന്ദ്രാ റോസ്, ദ്വാരക എ.യു.പി. സ്കൂളിലെ നിഖിത ബാബു എന്നിവരും, യു.പി. വിഭാഗത്തിൽ വെള്ള

മുണ്ട എ.യു.പി. സ്കൂളിലെ സുജന എം.എസ്, ദ്വാരക എ.യു.പി. സ്കൂളിലെ അരുൺ കെ. മോൻ, ബത്തേരി അസംപ്ഷൻ യു.പി. എസിലെ റിയ ഫാത്തിമ എന്നിവരും, ഹൈസ്കൂൾ വിഭാഗത്തിൽ കണിയാരം ജി.കെ.എം. സ്കൂളിലെ അജയ് ആന്റോ സോയി, കല്ലോടി സെന്റ് ജോസഫ്സ് എച്ച്. എസ്സിലെ അമൽ സാജ്, മാനന്തവാടി എം.ജി. എമ്മിലെ റിയ മരിയ ജോൺ എന്നിവരും യഥാ ക്രമം ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾക്ക് അർഹരായി.

5. ഡിസംബറിൽ മതമൈത്രിയെ അടിസ്ഥാനമാക്കി പ്രസംഗമത്സരവും ജനുവരിയിൽ വർണ്ണാഭമായ ഒരു സ്റ്റേജ് ഷോയും വിദ്യാർത്ഥി കൾക്കായി റേഡിയോ മാറ്റൊലി ഒരുക്കുന്നു. വിശദവിവരങ്ങൾക്കും രജിസ്ട്രേഷനുമായി മാറ്റൊലി ഓഫീസുമായി ബന്ധപ്പെടുക.

**ഫാ. ജോസ് കാവുങ്കൽ**
അസി. ഡയറക്ടർ (ബ്രോഡ്കാസ്റ്റിംഗ്)

# മീഡിയാ കമ്മീഷൻ

**ഗ്ലോറിയ 2011**

മാനന്തവാടി രൂപതാ മീഡിയാ കമ്മീഷൻ ഇടവകകൾക്കുവേണ്ടി സംഘടിപ്പിക്കുന്ന കരോൾ ഗാനമത്സരം

1–ാം സമ്മാനം Rs. 3000.00
2–ാം സമ്മാനം Rs. 2000.00
3–ാം സമ്മാനം Rs. 1000.00

കരോൾഗാന മത്സരമായ ഗ്ലോറിയ 2011 ന്റെ പ്രാഥമിക റൗണ്ട് അതാത് ഫൊറോനകളിൽ വച്ച് മീഡിയാ കമ്മീഷൻ മേഖലാ ഡയറക്ടേഴ്സിന്റെ നേതൃത്വത്തിലാണ് നടത്തുന്നത്. ഡിസംബർ ആദ്യ വാരത്തിൽ ഇത് പൂർത്തിയാക്കേണ്ടതാണ്. ഫൊറോനാ തലത്തിൽ ഒന്നും രണ്ടും സ്ഥാനങ്ങൾ കിട്ടുന്നവർക്ക് രൂപതാതല മത്സരത്തിൽ പങ്കെടുക്കാവുന്നതാണ്. ഫൊറോനാ – രൂപതാ തല മത്സരങ്ങൾക്കുള്ള നിയമാവലി താഴെപറയും വിധമാണ്.

1. ഒരു ഇടവകയിൽ നിന്ന് ഒരു ടീം മാത്രം പങ്കെടുക്കുക.
2. ഒരു ടീമിൽ 7 മുതൽ 10 വരെ അംഗങ്ങളാവാം.
3. സംഗീതോപകരണങ്ങൾ, കരോക്കെ, മൈക്ക് എന്നിവ പാടില്ല.
4. 10 മിനിറ്റാണ് സമയം. ഒറ്റ ഗാനമായോ, ഫ്യൂഷൻ രീതിയിലോ അവതരിപ്പിക്കാം. മലയാളത്തിലുള്ള പാട്ടുകൾ മാത്രമാണ് ഉൾപ്പെടുത്തേണ്ടത്.
5. യൂണിഫോമിന് നിശ്ചിതശതമാനം മാർക്ക് ഉണ്ടായിരിക്കുന്നതാണ്.
6. ഇടവകയിൽ സേവനം ചെയ്യുന്ന ബഹു. സിസ്റ്റേഴ്സിന് മത്സരത്തിൽ പങ്കെടുക്കാവുന്നതല്ല.
7. മേഖലാ മത്സരങ്ങൾക്ക് പങ്കെടുക്കുമ്പോൾ വികാരിയച്ചന്റെയും രൂപതാ മത്സരങ്ങൾക്ക് പങ്കെടുക്കുമ്പോൾ മേഖലാ മീഡിയാ ഡയറക്ടറുടേയും സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.

രൂപതാ മത്സരം ഡിസംബർ 17 ന് രാവിലെ 9.30 ന് ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തുന്നതാണ്. മേഖലാ മത്സരങ്ങൾ അതിനു മുമ്പായി പൂർത്തിയാക്കാൻ ശ്രദ്ധിക്കുമല്ലോ.

**ഫാ. ജെയ്സ് ബേബി ചെട്ടിയാശ്ശേരി**
വൈസ് ചെയർമാൻ, മീഡിയാ കമ്മീഷൻ

## Mary Matha arts & science college

**Tidings from 19 October 2011 onwards:**

- Gokul MA & Usha George are shortlisted to contest the District-level power Quiz organized by the KSEB Officers' Association.
- The All India Radio, Kozhikode broadcasted the Yuvavani Program of our students on 21 October. Sri Sunil T.C.coordinated.
- The semester End Internal Examinations for all classes went on well. Parents who wish to know the performance of their wards may please contact the respective departments/teachers. The University Semester Examinations are on full swing.
- The College Team won the wayanad District Basket Ball Championship. Akhil & Bineesh of III BCom won the II & III places in the Kannur University Wrestling Championship. Dr. Maria Martin Joseph coordinated.
- Medicinal Plants were distributed to all the students after an awareness campaign on 19 October. Fr. Francis coordinated.
- The committee for Infrastructure Development met on 2 November and evaluated the implementation of the various UGC-funded Projects. An Additional Full-fledged Computer Lab is getting ready to be commissioned shortly. The IQAC Documentation Team has been working at the preparation of the Re-accreditation Report (RAR) to be submitted to the National Assessment and Accreditation Council (NAAC) shortly. Sr. Dr. Germina coordinates.

- Dr. Joseph K. Job's Collection of Poems got released on 12 Saturday at a colourful function organized be the Pazhassi Smaraka Grandhalaya, Mananthavady in association with our Students' Union.
- Sri. Raju P.P (Asst Prof. of Journalism), currently on Deputation as Course Director of the Kannur University Department of Journalism & Mass Communications is awarded ph D by the Calicut University. With this the number of ph D holders on the faculty has gone up to 11. Four of the Faculty have submitted their thesis and are awaiting the award of ph D and another Four of the Faculty are pursuing their research leading to ph D. 76% of the faculty have either completed ph D or are pursuing research leading to Ph D.
- During the current Academic Year, The Cooperative Society and the Central Library have jointly made available through the Book Bank 132 Text Books to Students who have financial difficulties to purchase the same. The open Source Software called Koha, being used in the Central Library is getting updated. With the entry of 859 new books the total number of books has gone up to 12391. A fresh allocation of new books and journals on UGC-funding to various Courses is awaited shortly.
- Rev. Fr. Biju Thuruthel (the Bursar) and Sri. Jose Cherian (the Office Supt) represented the College/ the Manager (Member of the Executive of the Management Association) in the Interface between the Management Association and the Higher Education Council in Thiruvananthapuram recently.
- The new website of the College mmasc/ www.marymathacollege.org is now available at Mozilla Firefox. The process of up gradation will have been going on. Sri Bibin Jose, the web administrator is available on binjad@gmail.com.

**Dr. Raju George**
Principal



## Programme

### PASTORAL CENTRE, DWARAKA

***December - 2011***

| | | |
|---|---|---|
| *02F* | - | *Zion CRC: Night Vigil* |
| *03S* | - | *Zion CRC: Prayer Day,* |
| | | *Christeen Prayer Day* |
| *04S* | - | *KCYM: Secretariat/Syndicate* |
| *05S-08W* | - | *Marriage Preparation Course* |
| *09T* | - | *CML Eve Executive* |
| *10S* | - | *Youth: Prayer Day;* |
| | | *KCYM Day Celebration; CML* |
| *14W* | - | *CMA Executive; Animators' Meet* |
| *15T* | - | *CMA General Body* |
| *17S* | - | *Mattoli - Media Commission* |
| *20T* | - | *Marian Singles* |
| *23F-25S* | - | *Christmas* |
| *26M* | - | *Catechism Team Meeting* |
| *27T* | - | *CML Team Meeting* |
| *28T-31F* | - | *Marriage Preparation Course* |

**Rev. Fr. Mathew Kazhuthadiyil**
Director, Pastoral Centre



# Bishop's Programme

## December 2011

| | |
|---|---|
| 1 Thu ............... | Manimooly : Joint Curia Meeting |
| 2 Fri ............... | Out of Station |
| 4 Sun ............... | Sisumala : Pastoral Visit |
| 5 Mon ............... | Dwaraka : CCSS Meeting |
| 6 Tue ............... | Engaged |
| 7 Wed ............. | Visitors' Day |
| 8 Thu ............... | Engaged |
| 9 Fri ................ | Out of Station |
| 10 Sat ................ | Inter - Seminary Mela |
| 11 Sun - 16 Fri . | Ernakulam : KCBC Meeting |
| 17 Sat ................ | Engaged |
| 18 Sun ............... | Rippon : Pastoral Visit |
| 19 Mon ............... | Visitors' Day |
| 20 Tue ............... | Engaged |
| 21 Wed ............ | Kalpetta : Christmas Celebration organized by CCSS |
| 22 Thu ............... | Visitors' Day |
| 23 Fri ................ | Out of Station |
| 25 Sun ............... | Christmas |
| 26 Mon ............... | Manimooly : Bible Convention |
| 27 Tue ................ | Santhigiri : Ordination of Dn. Varghese (Pratheesh) Kizhakkanputhuppally |

| | | |
|---|---|---|
| 28 Wed ............. | | Chennalode : Ordination of Dn. Mathew (Jainesh) Puthukattil |
| | Noon | KCYM: Anniversary & Youth Assembly |
| 29 Thu ............... | | Manvayal : Ordination of Dn. Aneesh Kochanicottil SJ |
| 30 Fri ............... | | Out of Station |
| 31 Sat ............... | | Paralikunnu : Ordination of Dn. George Nelliyani CMF |

## January 2012

| | |
|---|---|
| 01 Sun ............... | Pastoral Visit |
| 02 Mon ............... | Engaged |
| 03 Tue ............... | Paissakary : Ordination of Dn. Jose Palakkuzhiyil MCBS |
| 04 Wed............... | Mullenkolly : Ordination of Dn.Robert Kannanthanath SDV & Dn. Jefry Nakuzhikatt MI |
| 05 Thu ............ | Kayyunni : School Anniversary |
| 06 Fri ............ | Out of Station |
| 07 Sat 08 Sun ... | Ernakulam : KLM Meeting |
| 09 Mon 15 Sun .. | Mount St. Thomas : Bishops' Synod |
| 16 Mon ............. | Nadavayal : Blessing of New School Building |
| 17 Tue ............ | Engaged |
| 18 Wed ............ | Minor Seminary Parents' day |
| 19 Thu ............ | Engaged |
| 20 Fri ............ | Out of Station |
| 21 Sat 23 Mon ... | Mumbai |
| 24 Tue ............. | Priests' Conference |
| 25 Wed 27 Fri .. | Mount St. Thomas |
| 28 Sat ............ | Kunnambetta : Chapel Blessing |
| 30 Mon Feb.10 Fri | Bangalore : CBCI Meeting |

# ൨-ാം പുസ്തകത്തിലെ വിഷയവിവരം

## Index


**ജനുവരി - 2011**

സർക്കുലർ .................................................. 03-06
ഇടയലേഖനം .................................................. 07-13
സർക്കുലർ .................................................. 14-17
'കർത്താവിന്റെ വചനം' *(Verbum Domini)* ...................... 18-21
രൂപതാകച്ചേരി വാർത്തകൾ .................................... 22-24
പ്രസ്ബിറ്ററൽ കൗൺസിൽ റിപ്പോർട്ട് ........................... 25-28
മതബോധനരംഗം .................................................. 29-33
ബൈബിൾ അപ്പോസ്തലേറ്റ് ........................................ 34
ചെറുപുഷ്പമിഷൻലീഗ് .......................................... 35-43
കെ. സി. വൈ. എം. .............................................. 44-50
കുടുംബപ്രേഷിതത്വം .......................................... 51-55
സിയോൻ വാർത്തകൾ .............................................. 56-58
വിൻസെന്റ് ഡി പോൾ സൊസൈറ്റി ............................... 59-62
ജയിൽ മിനിസ്ട്രി ............................................. 63
കെ.സി.ബി.സി. മദ്യവിരുദ്ധസമിതി .............................. 64-65
റേഡിയോ മാറ്റൊലി ............................................. 66
മീഡിയാ കമ്മീഷൻ .............................................. 67
പി.ആർ.ഒ. വാർത്തകൾ ........................................... 68
സാമൂഹ്യസേവന രംഗം ............................................ 69-74
മേരിമാതാ ആർട്സ് & സയൻസ് കോളേജ് ........................... 75-79
അറിയിപ്പുകൾ .................................................. 80-81
പാസ്റ്ററൽ സെന്റർ, പ്രോഗ്രാം ................................ 82
ബിഷപ്സ് പ്രോഗ്രാം ............................................ 83

**ഫെബ്രുവരി - 2011**

സക്കുലർ - തിരുബാലസഖ്യദിനം ................................. 03-06
മാനന്തവാടി രൂപതാ നിയമാവലിയിൽ ഭേദഗതി ......... 07-08
യവനാർകുളം ഇടവക സ്ഥാപിച്ചുകൊണ്ടുള്ള ഡിക്രി .. 09-12
മൂലങ്കാവ് ഇടവക സ്ഥാപിച്ചുകൊണ്ടുള്ള ഡിക്രി .......... 13-15
രൂപതാകച്ചേരി വാർത്തകൾ .................................... 16-17
വിദ്യാഭ്യാസ സഹായനിധി ....................................... 18-19
സെമിനാരി വാർത്തകൾ ........................................... 20
വൊക്കേഷൻ ബ്യൂറോ .............................................. 21
മതബോധനരംഗം .................................................. 22-24
ബൈബിൾ അപ്പോസ്തലേറ്റ് ........................................ 25-27

ചെറുപുഷ്പമിഷൻലീഗ് ........................................ 28-35
കെ. സി. വൈ. എം. ........................................ 36-42
കുടുംബപ്രേഷിതത്വം ........................................ 43-46
സിയോൻ വാർത്തകൾ ........................................ 47-51
വിൻസെന്റ് ഡി പോൾ സൊസൈറ്റി ........................................ 52-56
റേഡിയോ മാറ്റൊലി ........................................ 57-58
മീഡിയാ കമ്മീഷൻ ........................................ 59
സാമൂഹ്യസേവന രംഗം ........................................ 60-61
മേരിമാതാ ആർട്സ് & സയൻസ് കോളേജ് ........................................ 62-64
അറിയിപ്പുകൾ ........................................ 65
പാസ്റ്ററൽ സെന്റർ, പ്രോഗ്രാം ........................................ 66
ബിഷപ്സ് പ്രോഗ്രാം ........................................ 67

മാർച്ച് - 2011

ആദരാഞ്ജലികൾ ........................................ 03-04
ജൂബിലി ഗ്രീറ്റിംഗ്സ് ........................................ 05-06
ഇടയലേഖനം ........................................ 07-12
സർക്കുലർ ........................................ 13-17
അറിയിപ്പ് - നീലഗിരി റീജിയൺ ........................................ 18
കെ.സി.ബി.സി. സർക്കുലർ ........................................ 19-21
DECREE ........................................ 22
ജൂഡ്സ് മൗണ്ട് ഇടവക സ്ഥാപിച്ചുകൊണ്ടുള്ള ഡിക്രി... 23-26
പാരീഷ് സോഫ്റ്റ്‌വെയർ പ്രോഗ്രാം ........................................ 27-28
രൂപതാകച്ചേരി വാർത്തകൾ ........................................ 29-37
വൈദീകസമ്മേളനം - റിപ്പോർട്ട് ........................................ 38-40
മേജർ സുപ്പീരിയേഴ്സിന്റെ സമ്മേളനം - റിപ്പോർട്ട് .... 41-42
പാസ്റ്ററൽ കൗൺസിൽ - റിപ്പോർട്ട് ........................................ 43-44
മേജർ ആർക്കി എപ്പിസ്കോപ്പൽ അസംബ്ലിയുടെ
ഫോളോഅപ്പ് കമ്മിറ്റി ........................................ 45
വൊക്കേഷൻ ബ്യൂറോ ........................................ 46-47
സെമിനാരി വാർത്തകൾ ........................................ 48
മതബോധനരംഗം ........................................ 49-56
ബൈബിൾ അപ്പോസ്റ്റലേറ്റ് ........................................ 57-59
ചെറുപുഷ്പമിഷൻലീഗ് ........................................ 60-64
കെ. സി. വൈ. എം. ........................................ 65-70
ക്രിസ്റ്റീൻ വാർത്തകൾ ........................................ 71
കുടുംബപ്രേഷിതത്വം ........................................ 72-73
സിയോൻ വാർത്തകൾ ........................................ 74-76
വിൻസെന്റ് ഡി പോൾ സൊസൈറ്റി ........................................ 77-80
കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി ........................................ 81-83

റേഡിയോ മാറ്റൊലി ........................................ 84-85
Mary Matha Arts and Science College ................................ 86
CEDOM (വിദ്യാഭ്യാസ മണ്ഡലം) ........................................ 87-91
പാസ്റ്ററൽ സെന്റർ, പ്രോഗ്രാം ........................................ 92
ബിഷപ്സ് പ്രോഗ്രാം ........................................ 93

**ഏപ്രിൽ - 2011**

സർക്കുലർ ........................................ 03-06
നോമ്പുകാല സന്ദേശം ........................................ 07-14
മേയ് ദിന സന്ദേശം ........................................ 15-21
48-ാം ലോകദൈവവിളി പ്രാർത്ഥനാദിനം .................. 22-27
രൂപതാകച്ചേരി വാർത്തകൾ ........................................ 28-36
വൈദിക സെനറ്റ് (Presbyteral Council) തെരഞ്ഞെടുപ്പ് ..... 37-38
മേജർ ആർക്കി എപ്പിസ്കോപ്പൽ അസംബ്ലിയുടെ
ഫോളോഅപ്പ് കമ്മിറ്റി ........................................ 39
മതബോധനരംഗം ........................................ 40-41
ബൈബിൾ അപ്പോസ്തലേറ്റ് ........................................ 42-45
ചെറുപുഷ്പമിഷൻലീഗ് ........................................ 46-51
കെ. സി. വൈ. എം. ........................................ 52-57
കുടുംബപ്രേഷിതത്വം ........................................ 58-61
സിയോൻ വാർത്തകൾ ........................................ 62-64
വിൻസെന്റ് ഡി പോൾ സൊസൈറ്റി ........................ 65-68
കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി ........................ 69-71
ജെയിൽ മിനിസ്ട്രി ........................................ 72
റേഡിയോ മാറ്റൊലി ........................................ 73
മീഡിയാ കമ്മീഷൻ ........................................ 74
Mary Matha Arts and Science College ................................ 75
CEDOM (വിദ്യാഭ്യാസ മണ്ഡലം) ........................................ 76-78
ദയാവധം ........................................ 79-80
അറിയിപ്പുകൾ ........................................ 81-85
പാസ്റ്ററൽ സെന്റർ, പ്രോഗ്രാം ........................................ 86
ബിഷപ്സ് പ്രോഗ്രാം ........................................ 87

**മെയ് - 2011**

വിജ്ഞാപനം ........................................ 03-06
രൂപതാകച്ചേരി വാർത്തകൾ ........................................ 07
മതബോധനരംഗം........................................ 08-37
ബൈബിൾ അപ്പോസ്തലേറ്റ് ........................................ 38-41
ചെറുപുഷ്പമിഷൻലീഗ്........................................ 42-46
കെ. സി. വൈ. എം........................................ 47-49

ക്രിസ്റ്റീൻ വാർത്തകൾ ................................................ 50
കുടുംബപ്രേഷിതത്വം ................................................ 51-55
സിയോൻ വാർത്തകൾ ................................................ 56-58
വിൻസെന്റ് ഡി പോൾ സൊസൈറ്റി ................................................ 59-61
കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി ................................................ 62-63
ജെയിൽ മിനിസ്ട്രി ................................................ 64
സാമൂഹ്യസേവനരംഗം ................................................ 65-72
റേഡിയോ മാറ്റൊലി ................................................ 73
മീഡിയാ കമ്മീഷൻ ................................................ 74-75
Mary Matha Arts and Science College ................................................ 76-77
അറിയിപ്പുകൾ ................................................ 78-81
പാസ്റ്ററൽ സെന്റർ, പ്രോഗ്രാം ................................................ 82
ബിഷപ്സ് പ്രോഗ്രാം ................................................ 83

**ജൂൺ - 2011**

സർക്കുലർ ................................................ 03-07
സർക്കുലർ - ബൈബിൾ ഞായർ ................................................ 08-12
രൂപതാകച്ചേരി വാർത്തകൾ ................................................ 13-17
രൂപതാദിനം 2011 - റിപ്പോർട്ട് ................................................ 18-20
മതബോധനരംഗം ................................................ 21-24
ബൈബിൾ അപ്പോസ്റ്റലേറ്റ് ................................................ 25-28
ചെറുപുഷ്പമിഷൻലീഗ് ................................................ 29-37
കെ. സി. വൈ. എം. ................................................ 38-46
കുടുംബപ്രേഷിതത്വം ................................................ 47-49
സിയോൻ വാർത്തകൾ ................................................ 50-52
വിൻസെന്റ് ഡി പോൾ സൊസൈറ്റി ................................................ 53-56
ജെയിൽ മിനിസ്ട്രി ................................................ 57
സാമൂഹ്യസേവനരംഗം ................................................ 58-62
Mary Matha Arts and Science College ................................................ 63-64
അറിയിപ്പുകൾ ................................................ 65-66
പാസ്റ്ററൽ സെന്റർ, പ്രോഗ്രാം ................................................ 67
ബിഷപ്സ് പ്രോഗ്രാം ................................................ 68

**ജൂലൈ - 2011**

ഇടയലേഖനം (പ്രേഷിതവർഷം-സഭാദിനം) ................................................ 03-09
സർക്കുലർ ................................................ 10-13
സർക്കുലർ (യുവജനദിനം 2011) ................................................ 14-19
രൂപതാകച്ചേരി വാർത്തകൾ ................................................ 20-26
13-ാം മെത്രാൻ സിനഡ് - പഠനസഹായി ................................................ 27-35
സെമിനാരി വാർത്തകൾ ................................................ 36-38

മതബോധനരംഗം .................................................... 39-43
ബൈബിൾ അപ്പോസ്തലേറ്റ് .......................................... 44-48
ചെറുപുഷ്പമിഷൻലീഗ് .............................................. 49-54
കെ. സി. വൈ. എം. ................................................. 55-59
കുടുംബപ്രേഷിതത്വം ................................................ 60-65
സിയോൻ വാർത്തകൾ ............................................... 66-68
ജീസസ് യൂത്ത്, ക്രിസ്റ്റീൻ ............................................. 69
സിയോൻ പ്രോലൈഫ് മൂവ്മെന്റ് ...................................... 70-71
വിൻസെന്റ് ഡി പോൾ സൊസൈറ്റി ..................................... 72-74
കെ.സി.ബി.സി. മദ്യവിരുദ്ധസമിതി ................................... 75-76
സാമൂഹ്യസേവനരംഗം .............................................. 77-81
റേഡിയോ മാറ്റൊലി ................................................. 82-83
Mary Matha Arts and Science College ................................. 84
അറിയിപ്പുകൾ ........................................................ 85-86
പാസ്റ്ററൽ സെന്റർ, പ്രോഗ്രാം ............................................ 87
ബിഷപ്സ് പ്രോഗ്രാം ..................................................... 88

ഓഗസ്റ്റ് - 2011

സർക്കുലർ (തടവറ പ്രേഷിതദിനം) .................................... 03-05
സർക്കുലർ (ജസ്റ്റീസ് സൺഡേ) ....................................... 06-09
രൂപതാകച്ചേരി വാർത്തകൾ ........................................... 10-11
പ്രേഷിതവർഷം .......................................................... 12
വിദ്യാഭ്യാസ സഹായനിധി ............................................. 13-16
COLLECTIONS FOR THE YEAR 2010 - 2011 ......................... 17-25
മതബോധനരംഗം .................................................... 26-35
ബൈബിൾ അപ്പോസ്തലേറ്റ് .......................................... 36-39
ചെറുപുഷ്പമിഷൻലീഗ് .............................................. 40-45
കെ. സി. വൈ. എം. ................................................. 46-55
കുടുംബപ്രേഷിതത്വം ................................................ 56-60
സിയോൻ വാർത്തകൾ ............................................... 61-63
സിയോൻ പ്രോലൈഫ് മൂവ്മെന്റ് ...................................... 64-65
വിൻസെന്റ് ഡി പോൾ സൊസൈറ്റി ..................................... 66-68
കെ.സി.ബി.സി. മദ്യവിരുദ്ധസമിതി ................................... 69-72
സാമൂഹ്യസേവനരംഗം .............................................. 73-79
റേഡിയോ മാറ്റൊലി ...................................................... 80
Mary Matha Arts and Science College ............................... 81-83
അറിയിപ്പുകൾ ........................................................ 84-85

പാസ്റ്ററൽ സെന്റർ, പ്രോഗ്രാം .................................... 86
ബിഷപ്സ് പ്രോഗ്രാം .................................... 87-88
പ്രേഷിതവർഷം - പ്രാർത്ഥന .................................... 89
കാറോസൂസ - പ്രാർത്ഥന .................................... 90


**സെപ്റ്റംബർ - 2011**


രൂപതാകച്ചേരി വാർത്തകൾ .................................... 03-07
പ്രേഷിതവർഷം .................................... 08-11
മതബോധനരംഗം .................................... 12-14
ബൈബിൾ അപ്പോസ്റ്റലേറ്റ് .................................... 15
ചെറുപുഷ്പമിഷൻലീഗ് .................................... 16-21
കെ. സി. വൈ. എം. .................................... 22-28
കുടുംബപ്രേഷിതത്വം .................................... 29-33
സിയോൻ വാർത്തകൾ .................................... 34-37
വിൻസെന്റ് ഡി പോൾ സൊസൈറ്റി .................................... 38-42
ജയിൽ മിനിസ്ട്രി .................................... 43
കെ.സി.ബി.സി. മദ്യവിരുദ്ധസമിതി .................................... 44-45
സാമൂഹ്യസേവനരംഗം .................................... 46-50
റേഡിയോ മാറ്റൊലി .................................... 51-52
മീഡിയാ കമ്മീഷൻ .................................... 53-54
അറിയിപ്പുകൾ .................................... 55
പാസ്റ്ററൽ സെന്റർ, പ്രോഗ്രാം .................................... 56
ബിഷപ്സ് പ്രോഗ്രാം .................................... 57


**ഒക്ടോബർ - 2011**


സർക്കുലർ .................................... 03-04
ലോകമിഷൻ ഞായർ (മാർപാപ്പയുടെ സന്ദേശം) .................................... 05-10
രൂപതാകച്ചേരി വാർത്തകൾ .................................... 11-12
മാനന്തവാടി രൂപത സമഗ്രചരിത്രഗ്രന്ഥം .................................... 13-17
വൈദീകസമ്മേളനം - റിപ്പോർട്ട് .................................... 18-20
പ്രേഷിതവർഷം .................................... 21-26
മതബോധനരംഗം .................................... 27-29
ബൈബിൾ അപ്പോസ്റ്റലേറ്റ് .................................... 30-31
ചെറുപുഷ്പമിഷൻലീഗ് .................................... 32-40
കെ. സി. വൈ. എം. .................................... 41-46
കുടുംബപ്രേഷിതത്വം .................................... 47-53
സിയോൻ വാർത്തകൾ .................................... 54-56

ജീസസ് യൂത്ത്, ക്രിസ്റ്റീൻ ........................................ 57-58
സിയോൻ പ്രോലൈഫ് മൂവ്മെന്റ് ........................... 59-60
വിൻസെന്റ് ഡി പോൾ സൊസൈറ്റി ........................ 61-64
ജയിൽ മിനിസ്ട്രി ..................................................... 65
കെ.സി.ബി.സി. മദ്യവിരുദ്ധസമിതി ............................ 66-67
സാമൂഹ്യസേവനരംഗം ............................................... 68-77
റേഡിയോ മാറ്റൊലി ................................................... 78-79
മീഡിയാ കമ്മീഷൻ ..................................................... 80
Mary Matha arts & science college ............................ 81-84
അറിയിപ്പുകൾ .......................................................... 85
പാസ്റ്ററൽ സെന്റർ, പ്രോഗ്രാം ..................................... 86
ബിഷപ്സ് പ്രോഗ്രാം ................................................ 87

## നവംബർ - 2011

സർക്കുലർ ............................................................ 03-10
സർക്കുലർ (ദീപിക ശതോത്തരജൂബിലി ആഘോഷം)..... 11-14
മാർപാപ്പയുടെ മാധ്യമദിനസന്ദേശം ............................ 15-22
സർക്കുലർ (സുരക്ഷാ ക്ഷേമപദ്ധതി) ........................ 23-26
സർക്കുലർ (മിഷൻ ഫണ്ട്) ........................................ 27-29
രൂപതാകച്ചേരി വാർത്തകൾ ..................................... 30-31
പ്രേഷിതവർഷം ....................................................... 32-36
മതബോധനരംഗം ..................................................... 37-39
ബൈബിൾ അപ്പോസ്റ്റലേറ്റ് ......................................... 40-42
ചെറുപുഷ്പമിഷൻലീഗ് ............................................... 43-58
കെ. സി. വൈ. എം. .................................................. 59-67
കുടുംബപ്രേഷിതത്വം ................................................ 68-72
സിയോൻ വാർത്തകൾ ............................................... 73-75
ജീസസ് യൂത്ത്, ക്രിസ്റ്റീൻ ......................................... 76-77
വിൻസെന്റ് ഡി പോൾ സൊസൈറ്റി........................... 78-80
ജയിൽ മിനിസ്ട്രി ..................................................... 81-82
റേഡിയോ മാറ്റൊലി ................................................... 83
മീഡിയാ കമ്മീഷൻ ..................................................... 84
പി. ആർ. ഒ. .......................................................... 85
Mary Matha arts & science college ............................ 86-87
അറിയിപ്പുകൾ .......................................................... 88-89
പാസ്റ്ററൽ സെന്റർ, പ്രോഗ്രാം ..................................... 90
ബിഷപ്സ് പ്രോഗ്രാം ................................................ 91

## ഡിസംബർ - 2011


ഇടയലേഖനം ........................................................ 03

സ്പിരിറ്റ് ഇൻ ജീസസ് പ്രസ്ഥാനത്തെക്കുറിച്ച് സീറോമലബാർ സഭയുടെ ഡോക്ട്രിനൽ കമ്മീഷൻ പുറപ്പെടുവിക്കുന്ന പ്രസ്താവന ................................ 09

The hidden exodus: Catholics becoming Protestants ......... 13

രൂപതാകച്ചേരി വാർത്തകൾ .................................... 20

പ്രസ്ബിറ്ററൽ കൗൺസിൽ റിപ്പോർട്ട് ...................... 22

പ്രേഷിതവർഷം ........................................................ 25

മൈനർ സെമിനാരി വാർത്തകൾ ........................... 30

മതബോധനരംഗം ..................................................... 31

ബൈബിൾ അപ്പോസ്റ്റലേറ്റ് ........................................ 37

ചെറുപുഷ്പമിഷൻലീഗ് ............................................. 38

കെ. സി. വൈ. എം. .................................................. 50

കുടുംബപ്രേഷിതത്വം ................................................ 57

സിയോൻ വാർത്തകൾ ............................................. 63

ജീസസ് യൂത്ത്, ക്രിസ്റ്റീൻ ......................................... 65

വിൻസെന്റ് ഡി പോൾ സൊസൈറ്റി ....................... 66

കെ.സി.ബി.സി. മദ്യവിരുദ്ധസമിതി ........................... 70

റേഡിയോ മാറ്റൊലി ......................................... 75

മീഡിയാ കമ്മീഷൻ ................................................ 77

Mary Matha arts & science college ..................................... 78

പാസ്റ്ററൽ സെന്റർ, പ്രോഗ്രാം .................................... 80

ബിഷപ്സ് പ്രോഗ്രാം ...................................... 81

2-ാം പുസ്തകത്തിന്റെ വിഷയവിവരം ................ 83